ISSN 2582-2764



# അറിവോരം

**ARIVORAM** - OFFICIAL NEWSLETTER OF KERALA LEGISLATIVE ASSEMBLY Vol. 1 | Issue 3 | Bimonthly | June 2021 | Thiruvananthapuram | Page 20 | Price ₹ 10

» 03 പതിനഞ്ചാം കേരള നിയമസഭ ഒന്നാം സമ്മേളനം

» 06 കെ.ആർ. ഗൗരിയമ്മ ഒരു വിപ്ലവനക്ഷത്രം

» 08 സഭാദ്ധ്യക്ഷനായി എം.ബി. രാജേഷ്

സഭാധ്യക്ഷന്റെ പേജ്



# ഇനിയും നവീകരണം തേടുന്ന നിയമസഭ

**എം.ബി. രാജേഷ്, നിയമസഭാ സ്പീക്കർ**

നിയമനിർമ്മാണ സഭകളുടെ പ്രവർത്തനം കാലാനുസൃതമാക്കി ആധുനികവൽക്കരിക്കുന്നതിനുള്ള പ്രവർത്തനം പല തലങ്ങളിൽ നടക്കുകയാണല്ലോ. രാജ്യത്തെ നിയമനിർമ്മാണ സഭകളിൽ വളരെയേറെ സവിശേഷതകളുള്ള കേരള നിയമസഭ നിരവധി മാതൃകകൾ സൃഷ്ടിച്ചിട്ടുണ്ട്. നിയമസഭാപ്രവർത്തനത്തെ കൂടുതൽ ജനബന്ധമുള്ളതും ഉത്തരവാദിത്വമുള്ളതുമാക്കി മാറ്റാൻ ലക്ഷ്യമിട്ടായിരുന്നു ഈ പ്രവർത്തനങ്ങൾ. സബ്ജക്ട് കമ്മിറ്റികൾ ആദ്യം ആവിഷ്കരിച്ചത് കേരളത്തിലാണെന്ന് നമുക്കറിയാം. ഇത് പിന്നീട് പാർലമെന്റ് തന്നെ ആവിഷ്കരിച്ചു.

സഭാപ്രവർത്തനങ്ങളുടെ ഉള്ളടക്കത്തിന്റെ കാര്യത്തിലും നിലവാരത്തിലും ഉയർന്നു നിൽക്കുന്ന നിയമസഭയാണ് നമ്മുടേത്. ഒരു പക്ഷേ ഇതിനു കാരണം 1888 മുതൽ ആരംഭിച്ച നിയമനിർമ്മാണ സഭാ പ്രവർത്തനത്തിന്റെ പാരമ്പര്യം കേരളത്തിന് ഉള്ളതാകാം.

സങ്കുചിത കക്ഷിരാഷ്ട്രീയത്തിൽപ്പെട്ട് സഭാ പ്രവർത്തനം തരംതാണുപോയ ചുരുക്കം ചില സന്ദർഭങ്ങളേ കേരളത്തിൽ ഉണ്ടായിട്ടുള്ളൂ. അത്തരം സന്ദർഭങ്ങളെ അതിനിശിതമായി വിമർശിക്കുന്ന ഒരു പൊതുസമൂഹം ഇവിടെയുണ്ടെന്നത് നിയമസഭയുടെ ഉത്തരവാദിത്വം വർധിപ്പിക്കുന്നുണ്ട്.

ഈ ഔന്നത്യമൊക്കെയുണ്ടെങ്കിലും നമ്മുടെ നിയമസഭാ പ്രവർത്തനത്തിൽ വലിയ മാറ്റങ്ങൾക്ക് ഇനിയും ഇടമുണ്ടെന്നുള്ള സത്യം കാണാതിരുന്നുകൂടാ. നിയമസഭയുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കാനുള്ള ആധുനിക സങ്കേതങ്ങൾ നമ്മൾ സ്വീകരിക്കേണ്ടതുണ്ട്. അതിന് സാങ്കേതികവിദ്യ അടക്കമുള്ള പുതിയ സംവിധാനങ്ങളെ സ്വീകരിച്ചതുകൊണ്ട് മാത്രമായില്ല. പുതിയ കാലത്തിനും സാങ്കേതികവിദ്യക്കുമനുസരിച്ച് പ്രവർത്തനം മെച്ചപ്പെടുത്താൻ സാമാജികരുടെ മനോഭാവത്തിൽ വലുതായ മാറ്റം വരേണ്ടതുണ്ട്. സാമാജികർക്കായി 2021 ജൂൺ 24, 25, 26 തീയതികളിൽ നടന്ന പരിശീലന പരിപാടി ഈ ദിശയിലെ നല്ലൊരു തുടക്കമായി.

ആശയവിനിമയത്തിനും വാർത്താവിനിമയത്തിനും അത്യാധുനിക സംവിധാനങ്ങൾ ലഭ്യമായ കാലമാണിത്. ജനങ്ങളാകെ പങ്കാളികളായ ഒരു സംവിധാനം കൂടിയാണിത്. സമൂഹമാധ്യമങ്ങളുടെ സ്വാധീനം നമുക്കറിയാത്തതല്ല. ജനപ്രതിനിധികളുടെ, സഭയ്ക്കകത്തും പുറത്തുമുള്ള പ്രവർത്തനം വലിയതോതിൽ നിരീക്ഷിക്കപ്പെടുകയും വിലയിരുത്തപ്പെടുകയും ചെയ്യുന്നുണ്ട്. ഈ ബോധം നമ്മുടെയുള്ളിൽ ഉണ്ടാവണം. കൂടുതൽ മെച്ചപ്പെട്ട പ്രവർത്തന നിലവാരത്തിലേക്ക് ഉയരാൻ നമ്മൾ നിർബന്ധിതരാണ്.

നിയമസഭക്കുള്ളിലെ പ്രവർത്തനങ്ങൾ കൂടുതൽ മൂർച്ചയുള്ളതും ലക്ഷ്യവേധിയുമാകണം. വിശാലമായ രാഷ്ട്രീയബോധത്താൽ പ്രേരിതമാകണം. അതിന് നമ്മുടെ പരമ്പരാഗത സങ്കൽപങ്ങൾ പലതും മാറേണ്ടതുണ്ട്. സഭയുടെ സമയം എങ്ങനെ വിനിയോഗിക്കപ്പെടുന്നു എന്നത് പ്രധാനമാണ്. ചോദ്യോത്തരവേള തന്നെ കൂടുതൽ ചോദ്യങ്ങൾ ഉൾപ്പെടുത്തിയും കൂടുതൽ അംഗങ്ങളെ പങ്കാളികളാക്കിയും മെച്ചപ്പെടുത്താൻ കഴിയേണ്ടതുണ്ട്. അത് സാധ്യമാകണമെങ്കിൽ ഓരോ അംഗവും തങ്ങൾക്ക് ലഭിക്കുന്ന സമയം വളരെ ശ്രദ്ധിച്ച് ഉപയോഗപ്പെടുത്തണം. ആറ്റിക്കുറുക്കി വേണം ചോദ്യങ്ങൾ ചോദിക്കാൻ. സമയം അപഹരിക്കുന്ന വലിയ ആമുഖം ഒഴിവാക്കണം. നേരിട്ട് ചോദ്യത്തിലേക്ക് വന്നാൽ കാര്യങ്ങൾ എളുപ്പമാകും. സമയം കൂടുതൽ ലഭിക്കും. കൂടുതൽ ചോദ്യങ്ങൾ സഭയുടെ ഫ്ളോറിൽ വരും.

നിയമനിർമ്മാണം കൂടുതൽ ഗൗരവമുള്ളതാകണം. അതിന്റെ ഉള്ളടക്കം സൂക്ഷ്മമായി പരിശോധിച്ച്, അതിന്റെ സാമൂഹ്യ, നിയമ സാധുതകൾ വ്യക്തമായി പരിശോധിച്ച്, പഴുതടച്ച നിയമങ്ങൾ ഉണ്ടാക്കാൻ അംഗങ്ങളുടെ സജീവവും അർത്ഥപൂർണവുമായ പങ്കാളിത്തം അനിവാര്യമാണ്. പുതിയ നിയമങ്ങൾ പോലെ തന്നെ പ്രധാനമാണ് നിലവിലുള്ള നിയമങ്ങളുടെ കാലാനുസാരിത പരിശോധനയും. ഇന്ന് അപ്രസക്തമായ വകുപ്പുകളുള്ള നിയമങ്ങൾ പുനഃപരിശോധിക്കപ്പെടണം. ഈ പ്രക്രിയ കേരളത്തിൽ ഇതിനകം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. അത് കുറേക്കൂടി വേഗത കൈവരിക്കുന്നതിന് അംഗങ്ങളുടെ ഇടപെടൽ സഹായിക്കും.

ബില്ലുകളുടെ ചർച്ച വിഷയകേന്ദ്രീകൃതമാകണം. അതിനു ബില്ലിന്റെ ഉള്ളടക്കത്തിലേക്ക് കൂടുതൽ പ്രവേശിച്ച് പരിശോധന നടത്തണം. ആവശ്യമില്ലാത്ത വിശദീകരണങ്ങളും ചർച്ചകളും ഒഴിവാക്കി ബില്ലിനെ കൂടുതൽ സമ്പുഷ്ടമാക്കാനുള്ള സംഭാവനകൾ നൽകണം.

ഇ-നിയമസഭ പോലുള്ള അത്യാധുനിക സംവിധാനങ്ങളിലേക്ക് പോകാൻ നമ്മൾ നിർബന്ധിതരായിരിക്കുന്നു. മുന്നോട്ടല്ലാതെ പിന്നോട്ട് പോകാൻ ഇനി കഴിയില്ല. പേപ്പർരഹിത നിയമസഭ എന്ന ലക്ഷ്യത്തിലേക്ക് മുന്നേറുകയാണ് നമ്മൾ. എല്ലാവർക്കും ഒന്നിച്ചു മാത്രമേ മുന്നേറാൻ കഴിയുകയുള്ളൂ. ആർക്കും സ്തംഭിച്ചു നിൽക്കാൻ കഴിയില്ല. നിയമസഭ മാത്രമല്ല, ഭരണ സംവിധാനമാകെ പരമാവധി പേപ്പർ രഹിതമാവുകയെന്നതും അതുമായി ബന്ധപ്പെട്ട് നടക്കേണ്ടതാണ്.

കൂടുതൽ സംസാരിക്കുകയും കുറച്ചു വിഷയങ്ങൾ മാത്രം പരിഗണിക്കപ്പെടുകയും ചെയ്യുന്ന രീതികളോട് വിടപറഞ്ഞ് നിയമസഭയുടെ പ്രവർത്തനം ജനജീവിതത്തിന്റെ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കാൻ കഴിയണം.

ഭാഷയുടെ ഉപയോഗത്തിൽ കാണുന്ന പുരുഷകേന്ദ്രീകൃതമായ അവസ്ഥ മാറ്റിയെടുക്കാൻ കഴിയണം. ലിംഗസമത്വം നമ്മുടെ പദപ്രയോഗങ്ങളിൽ ആദ്യം കൈവരുത്താൻ കഴിഞ്ഞാൽ അത് നമ്മുടെ ബോധത്തെയാകെ സ്വാധീനിക്കാൻ തുടങ്ങും. ഇന്നുള്ള ജനാധിപത്യ സംവിധാനത്തിന്റെ പരിമിതികൾ നമ്മുടെ നിയമസഭയുടെ ഘടനയെയും പ്രവർത്തനരീതിയെയും സ്വാധീനിക്കുന്നുണ്ട്. ബോധപൂർവമായ ഇടപെടൽ നടത്തിക്കൊണ്ടു മാത്രമേ അതിനെ മാറ്റിയെടുത്ത് നിയമസഭയെ കൂടുതൽ ജനാധിപത്യവത്കരിക്കാനും നിയമസഭാ പ്രവർത്തനം കൂടുതൽ അർത്ഥപൂർണമാക്കാനും കഴിയുകയുള്ളൂ.

മൊഴിമുഴക്കം



"വികസനവും പരിസ്ഥിതിയും തമ്മിലല്ല മറിച്ച് നശീകരണവും അതിജീവനവും തമ്മിലുള്ള പോരാട്ടമാണ് പ്രശ്നം"

സുന്ദർലാൽ ബഹുഗുണ

arivoram july 2021.indd 1 12-07-2021 04:16:41 PM

# നാൽപ്പത് വർഷത്തെ ചരിത്രം തിരുത്തി പതിനഞ്ചാം കേരള നിയമസഭ

കേരള രാഷ്ട്രീയത്തിന്റെ നാൽപത് വർഷ ചരിത്രം തിരുത്തിക്കുറിച്ചുകൊണ്ട് ഭരണത്തുടർച്ചയോടെ പതിനഞ്ചാം കേരള നിയമസഭ നിലവിൽ വന്നു. കഴിഞ്ഞ നാൽപത് വർഷമായി സി.പി.എം. നേതൃത്വം നൽകുന്ന ഇടതുപക്ഷവും (എൽ.ഡി.എഫ്.) കോൺഗ്രസ് നേതൃത്വം നൽകുന്ന വലതുപക്ഷവും (യു.ഡി.എഫ്.) മാറിമാറി ഭരണം നടത്തിക്കൊണ്ടിരുന്ന രീതിക്കാണ് ഈ തെരഞ്ഞെടുപ്പോടെ മാറ്റം വന്നത്. പതിനഞ്ചാം കേരള നിയമസഭയിലേക്ക് 2021 ൽ നടന്ന പൊതു തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ മേയ് 2 നായിരുന്നു. നൂറ്റിനാൽപത് നിയോജകമണ്ഡലത്തിലേക്കും നടന്ന തെരഞ്ഞെടുപ്പിൽ അനവധി പുതുമുഖങ്ങൾ മത്സരിക്കുകയും വിജയിക്കുകയും ചെയ്തു. സമീപകാല നിയമസഭാ ചരിത്രത്തിൽ ഇത്രയേറെ യുവജനങ്ങളും പുതുമുഖങ്ങളും തെരഞ്ഞെടുപ്പിൽ വിജയിക്കുന്നത് ഇതാദ്യം. എൽ.ഡി.എഫ്., യു.ഡി.എഫ്., എൻ.ഡി.എ. കക്ഷികൾ നേർക്കുനേർ മത്സരിച്ച തെരഞ്ഞെടുപ്പിൽ 99 സീറ്റിന്റെ മേൽക്കയ്യോടെയാണ് ഇടതുമുന്നണി വിജ യിച്ചത്. യു.ഡി.എഫി.ന് 41 സീറ്റുകൾ കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു. ദേശീയ ജനാധിപത്യ സഖ്യത്തിന് (എൻ.ഡി.എ.) പതിനാലാം കേരള നിയമസഭയിൽ ഉണ്ടായിരുന്ന ഒരു സീറ്റ് ഇത്തവണ നഷ്ടമായി.

കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ കർശന നിയന്ത്രണങ്ങളോടെയാണ് പതിനഞ്ചാം കേരള നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പ് നടന്നത്. 2021 ഫെബ്രുവരി 26 നാണ് കേരളത്തിൽ പൊതുതെരഞ്ഞെടുപ്പിനായുള്ള വിജ്ഞാപനം പുറപ്പെടുവിച്ചത്. നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള തീയതി 2021 മാർച്ച് 12 മുതൽ മാർച്ച് 19 വരെയായിരുന്നു. മാർച്ച് 20 ന് പത്രികകളുടെ സൂക്ഷ്മപരിശോധന നടന്നു. നോമിനേഷൻ പിൻവലിക്കാനുള്ള അവസാന തീയതി മാർച്ച് 22 ആയിരുന്നു. കോവിഡ് ബാധിതർ, ക്വാറന്റീനിലുള്ളവർ, പ്രായാധിക്യം, ശാരീരിക അവശതകൾ എന്നിവ മൂലം ബുദ്ധിമുട്ടുന്നവർ എന്നിവരിൽ നിന്നും ഉദ്യോഗസ്ഥർ നേരിട്ടെത്തി പോസ്റ്റൽ വോട്ട് ശേഖരിച്ചു. തെരഞ്ഞെടുപ്പ് ജോലികളിൽ നിയുക്തരായ ഉദ്യോഗസ്ഥർക്ക് മണ്ഡലത്തിലെ ഒരു കേന്ദ്രത്തിൽ വോട്ട് രേഖപ്പെടുത്താൻ അവസരം നൽകിയതും ഈതെരഞ്ഞെടുപ്പിനെ ശ്രദ്ധേയമാക്കി. ആയിരം വോട്ടർമാർക്ക് ഒരു ബൂത്ത് എന്ന നിലയിൽ ബൂത്തുകൾ ക്രമീകരിക്കുകയും ബൂത്തുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തിരുന്നു. കാഴ്ചയില്ലാത്ത വോട്ടർമാർക്കായി ബ്രെയിൽ ബാലറ്റ് പേപ്പർ എല്ലാ പോളിംഗ് ബൂത്തുകളിലും സജ്ജമാക്കിയിരുന്നു. വോട്ട് ചെയ്യാനെത്തുന്നവർക്ക് മാസ്ക്, കയ്യുറ, സാനിട്ടൈസർ എന്നിവയും ബൂത്തുകളിൽ ലഭ്യമാക്കി.

ഇത്തവണ 53 പുതുമുഖങ്ങളാണ് നിയമസഭയിലെത്തിയത്. ആകെയുള്ള 140 മണ്ഡലങ്ങളിൽ 53 ഇടങ്ങളിൽ പുതുമുഖങ്ങൾ തെരഞ്ഞെടുക്കപ്പെട്ടത് കേരള രാഷ്ട്രീയത്തിലെ തലമുറമാറ്റത്തിന്റെ സൂചനയായി വിലയിരുത്തപ്പെടുന്നു.



റെക്കോർഡുകളുടെ ഉടമകളായ രണ്ടു പേരും ഇക്കുറി നിയമസഭയിൽ എത്തിയിട്ടുണ്ട്. കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ നിന്നും വിജയിച്ച സി.പി.എം. അംഗം തോട്ടത്തിൽ രവീന്ദ്രൻ രാജ്യത്ത് ഏറ്റവും കൂടുതൽ കാലം മേയർ പദവിയിലിരുന്ന വ്യക്തിയാണ്. പെരിന്തൽമണ്ണയിൽ നിന്നുള്ള മുസ്ലീം ലീഗ് അംഗം നജീബ് കാന്തപുരം 2010 ൽ ഉണ്ണിക്കുളം പഞ്ചായത്തംഗമായി തെരഞ്ഞെടുക്കപ്പെട്ടത് സംസ്ഥാനത്തെ റെക്കോർഡ് ഭൂരിപക്ഷത്തോടെയായിരുന്നു.

ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ നിന്നും നിയമസഭയിൽ എത്തിയ 27 വയസുള്ള കെ.എം. സച്ചിൻദേവാണ് പതിനഞ്ചാം കേരള നിയമസഭയിലെ ഏറ്റവും പ്രായം കുറഞ്ഞയംഗം. മുപ്പതിന് താഴെ പ്രായമുള്ള ഒരാൾ കൂടിയുണ്ട് പതിനഞ്ചാം കേരള നിയമസഭയിൽ. തിരുവമ്പാടി നിയോജകമണ്ഡലത്തിന്റെ പ്രതിനിധി സി.പി.എം. അംഗം ലിന്റോ ജോസഫിന്റെ പ്രായം 28 വയസാണ്. പത്താം വട്ടം എം.എൽ.എ. ആകുന്ന തൊടുപുഴ മണ്ഡലത്തിൽ നിന്നും വിജയിച്ച 80 വയസുള്ള പി.ജെ. ജോസഫ് ആണ് പതിനഞ്ചാം കേരള നിയമസഭയിലെ ഏറ്റവും പ്രായം കൂടിയ അംഗം.

പതിനൊന്ന് വനിതാ പ്രതിനിധികളുള്ള പതിനഞ്ചാം കേരള നിയമസഭയിൽ ഏറ്റവും കൂടുതൽ വോട്ടിന്റെ ഭൂരിപക്ഷം നേടിയതും ഒരു വനിതയാണ്. മട്ടന്നൂർ നിയോജകമണ്ഡലത്തിലെ സി.പി.എം. അംഗവും മുൻ സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പമന്ത്രിയുമായ കെ.കെ.ശൈലജ. തൊട്ടടുത്ത എതിർ സ്ഥാനാർത്ഥിയെക്കാളും 60963 വോട്ടുകളാണ് ശൈലജ നേടിയത്. 65 വയസ്സുള്ള അവർ ഏറ്റവും പ്രായം കൂടിയ വനിതാംഗവുമാണ്. 38 വോട്ടിന്റെ ഭൂരിപക്ഷത്തോടെ സംസ്ഥാനത്തെ ഏറ്റവും കുറഞ്ഞ ഭൂരിപക്ഷം നേടിയത് പെരുന്തൽമണ്ണ മണ്ഡലത്തിൽ നിന്നുള്ള മുസ്ലീം ലീഗ് അംഗം നജീബ് കാന്തപുരമാണ്.

ഒരു ഘടകകക്ഷിയിൽ ഒരംഗം മാത്രമുള്ള ജനപ്രതിനിധികൾ പതിനഞ്ചാം കേരള നിയമസഭയിലും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഒറ്റയംഗങ്ങൾ കൂടുതലും ഇടതുമുന്നണിയിലാണ്. ഭരണമുന്നണിയിലെ ഘടകകക്ഷികളായ കോൺഗ്രസ് (എസ്) ലെ കടന്നപ്പള്ളി രാമചന്ദ്രനും (കണ്ണൂർ), എൽ.ജെ.ഡി.യിലെ കെ.പി.മോഹനനും(കൂത്തുപറമ്പ്),കേരളകോൺഗ്രസ് (ബി) യിലെ കെ.ബി.ഗണേഷ് കുമാറും (പത്തനാപുരം), ജനാധിപത്യ കേരള കോൺഗ്രസിലെ ആന്റണി രാജുവും (തിരുവനന്തപുരം), ഐ.എൻ.എൽ.ലെ അഹമ്മദ് ദേവർ കോവിലും (കോഴിക്കോട് സൗത്ത്), നാഷണൽ സെക്കുലർ കോൺഫറൻസിലെ വി. അബ്ദുറഹിമാനും (താനൂർ) ആണ് പാർട്ടിയിലെ ഒറ്റയാളായി പതിനഞ്ചാം കേരള നിയമസഭയിലെത്തുന്നത്.

യു.ഡി.എഫിലും ഇക്കുറി ഒറ്റയാൾ തരംഗമുണ്ട്. കേരള കോൺഗ്രസ് (ജേക്കബ്) ലെ അനൂപ് ജേക്കബ് (പിറവം), ആർ.എം.പി.യിലെ കെ.കെ. രമ (വടകര) എന്നിവരാണ് ഐക്യ ജനാധിപത്യമുന്നണിയിലെ ഒറ്റയംഗങ്ങൾ.

പതിനാലാം കേരള നിയമസഭയിൽ ഒന്നിച്ച് പ്രവർത്തിച്ച ചിലർ പതിനഞ്ചാം കേരള നിയമസഭയിൽ എതിർപക്ഷത്തിരിക്കും. യു.ഡി.എഫിന്റെ ഭാഗമായിരുന്ന കേരളകോൺഗ്രസ്(എം) ജോസ് പക്ഷത്തെ ആഭ്യന്തര പ്രശ്നങ്ങളുടെ പേരിൽ 2020 ൽ ഐക്യ ജനാധിപത്യ മുന്നണിയിൽ നിന്ന് പുറത്താക്കിയിരുന്നു. അതോടെ യു.ഡി.എഫ്. വിട്ട് എൽ.ഡി.എഫിന്റെ ഭാഗമായ ജോസ് പക്ഷം 2021 ലെ തെരഞ്ഞെടുപ്പിൽ ലഭിച്ച 5 സീറ്റുകളുമായി എൽ.ഡി.എഫ് ചേരിയിലാണ്.

എൽ.ഡി.എഫിന്റെ ഭാഗമായി 2019 ലെ ഉപതെരഞ്ഞെടുപ്പിലൂടെ പാലാ നിയോജകമണ്ഡലത്തിൽ നിന്ന് വിജയിച്ച എൻ.സി.പി.യിലെ മാണി സി.കാപ്പൻ 2021 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ എൻ.സി.പി. യിൽ നിന്നും എൽ.ഡി.എഫിൽ നിന്നും വിട്ട് യു.ഡി.എഫിന്റെ ഭാഗമായി. 2021 ലെ തെരഞ്ഞെടുപ്പിൽ ഐക്യ ജനാധിപത്യമുന്നണിയുടെ പിന്തുണയോടെ മത്സരിച്ച അദ്ദേഹം കേരള കോൺഗ്രസ്(എം) സ്ഥാനാർത്ഥി ജോസ് കെ. മാണിയെ പരാജയപ്പെടുത്തി പാലാ നിയോജകമണ്ഡലം നിലനിർത്തി.

2016 ന ശേഷമുണ്ടായ മറ്റൊരു പ്രധാന മാറ്റം ലോക് താന്ത്രിക്ക് ജനതാദളും, ഇന്ത്യൻ നാഷണൽ ലീഗും എൽ.ഡി.എഫിന്റെ ഭാഗമായതാണ്. എൽ.ജെ.ഡി.യിലെ ഏക അംഗം കെ.പി.മോഹനൻ 2011-ലെ യു.ഡി.എഫ്. മന്ത്രിസഭയിൽ കൃഷിമന്ത്രിയായിരുന്നു.

## 'നോട്ട'ക്കും കിട്ടി വോട്ട്

തെരഞ്ഞെടുപ്പുകളിൽ ഒരു സ്ഥാനാർത്ഥിക്കും വോട്ട് നൽകുന്നില്ല എന്ന അഭിപ്രായം രേഖപ്പെടുത്തുന്നതിനുള്ള 'നോട്ട'യ്ക്ക് ഇത്തവണയും എല്ലാ മണ്ഡലങ്ങളിൽ നിന്നും വോട്ടു കിട്ടി. ഏറ്റവും കൂടുതൽ 'നോട്ട' ഓപ്ഷൻ ഉപയാഗിച്ചത് തലശ്ശേരിയിലെ വോട്ടർമാരാണ്; 2313 വോട്ട്. ഏറ്റവും കുറവ് വോട്ടുകൾ 'നോട്ട'യ്ക്ക് ലഭിച്ചത് കൊടുവള്ളി മണ്ഡലത്തിലായിരുന്നു; 269വോട്ടുകളാണ് അവിടെ'നോട്ട'ക്ക് കിട്ടിയത്. തെരഞ്ഞെടുപ്പുകളിൽ വോട്ടർമാർക്ക് 'നോട്ട' എന്ന ഓപ്ഷൻ ഉൾപ്പെടുത്തണമെന്ന 2013 ലെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലാണ് ഇന്ത്യയിൽ അപ്രകാരമുള്ള ജനഹിത മാനദണ്ഡം കൂടി ഉൾപ്പെടുത്തിയത്.




## അങ്കക്കളത്തിൽ കൂടുതൽ പേർ

പതിനഞ്ചാം കേരള നിയമസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ മൂന്ന് പ്രധാന മുന്നണികളാണ് പോരിന് മുൻനിരയിൽ ഉണ്ടായിരുന്നതെങ്കിലും ഓരോ സീറ്റിലേക്കും വേണ്ടി മത്സരിച്ചവർ ഏറെയായിരുന്നു. ഇത്തവണ ഏറ്റവും കൂടുതൽ സ്ഥാനാർത്ഥികൾ, 11 പേർ വീതം മത്സരിച്ചത് 7 മണ്ഡലങ്ങളിലായിരുന്നു. തിരുവനന്തപുരം ജില്ലയിലെ നേമം, കോട്ടയത്തെ പാലാ, പാലക്കാട്ടെ മണ്ണാർക്കാട്, തൃത്താല, കോഴിക്കോട്ടെ കൊടുവള്ളി, കണ്ണൂരിലെ പേരാവൂർ, കാസർഗോട്ടെ കാഞ്ഞങ്ങാട് എന്നീ മണ്ഡലങ്ങളിലാണ് ഏറ്റവും കൂടുതൽ സ്ഥാനാർത്ഥികൾ മത്സരിച്ചത്. മൂന്നുപേർ മാത്രം മത്സരിച്ച ഇടുക്കിയിലെ ദേവികുളത്താണ് ഏറ്റവും കുറവ് സ്ഥാനാർത്ഥികൾ.






# പതിനഞ്ചാം കേരള നിയമസഭ : ഒന്നാം സമ്മേളനം

പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം 2021 മേയ് 24 ന് ആരംഭിക്കുകയും 2021 ജൂൺ 10 ന് അവസാനിക്കുകയും ചെയ്തു. ആകെ 12 ദിവസം സമ്മേളിച്ച സഭ ഭരണഘടനാപരമായ പല കർത്തവ്യങ്ങളും നിറവേറ്റി.

2021 ഏപ്രിൽ 6 ന് നടന്ന പൊതുതെരഞ്ഞെടുപ്പിന് ശേഷം കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ 3.5.2021-ലെ നോട്ടിഫിക്കേഷൻ മുഖേന രൂപീകൃതമായ പതിനഞ്ചാം കേരള നിയമസഭ ഏറെ പ്രത്യേകതകൾ നിറഞ്ഞതായിരുന്നു. അതിലൊന്ന്, 53 പുതുമുഖങ്ങൾ സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു എന്നതാണ്.

പതിനഞ്ചാം കേരള നിയമസഭ നിലവിൽ വന്നതിന് ശേഷമുള്ള പുതിയ മന്ത്രിസഭ 2021 മേയ് 20ന് അധികാരമേറ്റു. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ അന്നുതന്നെ ആദ്യയോഗം ചേരുകയും നിയമസഭാ സമ്മേളനം വിളിച്ചു ചേർക്കാൻ ഗവർണറോട് ശിപാർശ ചെയ്യുകയും ചെയ്തു. മന്ത്രിസഭാ യോഗത്തിൽ, നിയമസഭയുമായി ബന്ധപ്പെട്ട് '30- കുന്നമംഗലം' മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പി.ടി.എ.റഹീമിനെ സ്പീക്കറുടെ ഉദ്യോഗത്തിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനായി (പ്രോടെം സ്പീക്കർ) നിയമിക്കുന്നതിന് ഗവർണറോട് ശിപാർശ ചെയ്യാനും 2021 മേയ് 24 ന് അംഗങ്ങളുടെ സത്യപ്രതിജ്ഞ നടത്താനും 2021 മേയ് 25ന് സ്പീക്കറുടെ തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള തീയതിയായി നിശ്ചയിക്കുന്നതിന് ഗവർണ്ണറോട് ശിപാർശ ചെയ്യാനും മന്ത്രിസഭ തീരുമാനിച്ചു. അംഗങ്ങൾക്ക് ഒന്നാം സമ്മേളനത്തിനുള്ള സമൻസ് 2021 മേയ് 21 ന് അയച്ചു.

## സ്പീക്കർ പ്രോടെം

ഭരണഘടനാനുസൃതമായ അധികാരം വിനിയോഗിച്ച്, മന്ത്രിസഭയുടെ ശിപാർശ പ്രകാരം പി.ടി.എ. റഹീമിനെ സ്പീക്കർ പ്രോടെമായി 2021 മേയ് 21 ന് ഗവർണർ നിയമിച്ചു. ഭരണഘടനയുടെ അനുച്ഛേദം 188 അനുസരിച്ച് പ്രോടെം സ്പീക്കറായ പി.ടി.എ. റഹീം മുമ്പാകെ മറ്റംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്യുന്നതിനായും ഗവർണർ അദ്ദേഹത്തെ നിയമിച്ചു. (Person before whom the members of the newly constituted Kerala Legislative Assembly shall make and subscribe oath or affirmation). അന്നുതന്നെ പി.ടി.എ. റഹീം ഗവർണർ മുമ്പാകെ പതിനഞ്ചാം കേരള നിയമസഭയിലെ ഒരംഗമായി സത്യപ്രതിജ്ഞ ചെയ്തു.

## അംഗങ്ങളുടെ സത്യപ്രതിജ്ഞ

2021 മേയ് 24ന് പ്രോടെം സ്പീക്കർ പി.ടി.എ. റഹീമിന്റെ അദ്ധ്യക്ഷതയിൽ സഭ സമ്മേളിച്ചു. 136 അംഗങ്ങൾ അന്നേ ദിവസം സഭാംഗങ്ങളായി സത്യപ്രതിജ്ഞ ചെയ്തു. സത്യപ്രതിജ്ഞ ചെയ്യാൻ ഹാജരാകാതിരുന്ന കെ. ബാബു, (നെന്മാറ) വി. അബ്ദുറഹിമാൻ എന്നിവർ 2021 മേയ് 28 നും എം. വിൻസെന്റ് 2021 ജൂൺ 9 നും അംഗങ്ങളായി സത്യപ്രതിജ്ഞ ചെയ്തു.

## സഭാ നേതാവ്

"സഭാ നേതാവ്" എന്നാൽ സഭയിലെ ഒരംഗമാണെങ്കിൽ മുഖ്യമന്ത്രിയായിരിക്കുന്നതാണ് എന്ന് സഭാ ചട്ടം 2(1) നിഷ്കർഷിക്കുന്നു. ഇതിൻപ്രകാരം 2021 മേയ് 24 മുതൽ മുഖ്യമന്ത്രി പിണറായി വിജയനാണ് പതിനഞ്ചാം കേരള നിയമസഭയുടെ നേതാവ്.

## സ്പീക്കറുടെ തെരഞ്ഞെടുപ്പ്

പതിനഞ്ചാം കേരള നിയമസഭയുടെ സ്പീക്കർ തെരഞ്ഞെടുപ്പ് 2021 മേയ് 25 ന് നടന്നു. സ്പീക്കർ സ്ഥാനത്തേക്ക് എം.ബി. രാജേഷ്, പി.സി.വിഷ്ണുനാഥ് എന്നിവർ നാമനിർദ്ദേശം ചെയ്യപ്പെട്ടിരുന്നു. സ്പീക്കറെ തെരഞ്ഞെടുക്കുന്നതിനായി സഭ വോട്ടെടുപ്പ് നടത്തി. എം.ബി. രാജേഷിന് 96 വോട്ടും പി.സി. വിഷ്ണുനാഥിന് 40 വോട്ടും ലഭിച്ചു. എം.ബി. രാജേഷ് പതിനഞ്ചാം കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട വിവരം പ്രോടെം സ്പീക്കർ സഭയെ അറിയിച്ചു.

## പ്രതിപക്ഷ നേതാവിനെ അംഗീകരിച്ചത്

പ്രതിപക്ഷ മുന്നണിയിൽ ഏറ്റവും വലിയ കക്ഷിയായ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നിയമസഭാകക്ഷി നേതാവായ വി.ഡി. സതീശനെ പതിനഞ്ചാം കേരള നിയമസഭയുടെ പ്രതിപക്ഷ നേതാവായി സ്പീക്കർ 2021 മേയ് 25 ന് അംഗീകരിച്ചു.

## ഗവർണറുടെ പ്രസംഗം

നിയമസഭയിലേക്കുള്ള ഓരോ പൊതുതെരഞ്ഞെടുപ്പിനും ശേഷമുള്ള ഒന്നാമത്തെ സമ്മേളനത്തിന്റെ തുടക്കത്തിൽ ഗവർണർ നിയമസഭയെ അഭിസംബോധന ചെയ്യേണ്ടതാണെന്ന് ഭരണഘടനയുടെ അനുച്ഛേദം 176 വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് 2021 മേയ് 28 വെള്ളിയാഴ്ച ഗവർണർ സഭയെ അഭിസംബോധന ചെയ്ത് പ്രസംഗിച്ചു. ഗവർണർ സഭയിൽ ചെയ്ത പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് സഭാംഗം കെ.കെ. ശൈലജ ടീച്ചർ പ്രമേയത്തിന് നോട്ടീസ് നൽകി. നന്ദിപ്രമേയത്തിൻമേൽ ഗവർണറുടെ പ്രസംഗത്തിൽ പരാമർശിച്ച സംഗതികളെ സംബന്ധിച്ച് 2021 മേയ് 31, ജൂൺ 1, 2 എന്നീ തീയതികളിൽ സഭയിൽ ചർച്ച നടന്നു. കെ.കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച പ്രമേയത്തിന് 48 ഭേദഗതി നോട്ടീസുകൾ ലഭിച്ചിരുന്നു. മൂന്ന് ദിവസത്തെ ചർച്ചയ്ക്കൊടുവിൽ 2021 ജൂൺ 2 ന് ഭേദഗതികൾ സഭ തള്ളുകയും നന്ദിപ്രമേയം പാസ്സാക്കുകയും ചെയ്തു. ഗവർണർ സഭയിൽ ചെയ്ത പ്രസംഗത്തിന് സഭ നന്ദി രേഖപ്പെടുത്തിയ കാര്യം സ്പീക്കർ അന്നു തന്നെ ഗവർണറെ അറിയിക്കുകയുണ്ടായി. നന്ദിപ്രമേയം പാസ്സാക്കിയതിന് സഭാംഗങ്ങൾക്ക് ഗവർണർ നന്ദി രേഖപ്പെടുത്തുകയും പതിനഞ്ചാം കേരള നിയമസഭയുടെ തുടർ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ഭാവുകങ്ങൾ നേരുകയും ചെയ്തു.

## ഡെപ്യൂട്ടി സ്പീക്കറുടെ തെരഞ്ഞെടുപ്പ്

ഒരു സംസ്ഥാനത്തിലെ ഓരോ സഭയും അതിന്റെ ഡെപ്യൂട്ടി സ്പീക്കറെ കഴിയുന്നതും വേഗം തെരഞ്ഞെടുക്കേണ്ടതാണ് എന്ന് അനുച്ഛേദം 178 അനുശാസിക്കുന്നു. സഭാ ചട്ടം 8 (1) അനുസരിച്ച് ഡെപ്യൂട്ടി സ്പീക്കറുടെ തെരഞ്ഞെടുപ്പിനുള്ള തീയതി നിശ്ചയിക്കേണ്ടത് സ്പീക്കറാണ്. ഇതിൻപ്രകാരം പതിനഞ്ചാം കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കർ തെരഞ്ഞെടുപ്പ് 2021 ജൂൺ 1 ന് നടത്താൻ സ്പീക്കർ തീരുമാനിച്ചു. അന്നേ ദിവസം സഭാംഗം ചിറ്റയം ഗോപകുമാറിന്റെ പേര് ഡെപ്യൂട്ടി സ്പീക്കറുടെ സ്ഥാനത്തേക്ക് നിർദ്ദേശിച്ചുകൊണ്ട് രണ്ട് നാമനിർദ്ദേശപത്രികകൾ ലഭിച്ചു. മറ്റ് നാമനിർദ്ദേശപത്രികകൾ ലഭിക്കാത്തതിനാൽ ചിറ്റയം ഗോപകുമാറിനെ പതിനഞ്ചാം കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുത്ത വിവരം സ്പീക്കർ സഭയെ അറിയിച്ചു.

## ധനകാര്യം

### (i) പുതുക്കിയ ബജറ്റിന്റെ അവതരണം

2021 ജൂൺ 4ന് ധനകാര്യ വകുപ്പുമന്ത്രി കെ.എൻ. ബാലഗോപാൽ 2021-22 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബജറ്റും വോട്ട് ഓൺ അക്കൗണ്ടും അവതരിപ്പിച്ചു. ബജറ്റിൻമേലുള്ള പൊതുചർച്ച 2021 ജൂൺ 7,8,9 തീയതികളിലായി നടന്നു.

### (ii) വോട്ട് ഓൺ അക്കൗണ്ട്

2021 ആഗസ്റ്റ് മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിലേക്കുള്ള കേരള സർക്കാരിന്റെ ചെലവിന് വേണ്ടിയുള്ള സഹായധനം (വോട്ട് ഓൺ അക്കൗണ്ട്) സഭ 2021 ജൂൺ 10 ന് ചർച്ചയ്ക്ക് ശേഷം അനുവദിച്ച് നൽകി.

## നിയമനിർമ്മാണ കാര്യം

### (i) 2021 ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ

ഒന്നാം സമ്മേളനക്കാലയളവിൽ 2021 ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ സഭ പാസ്സാക്കി. ബിൽ 2021 ജൂൺ 3ന് സഭയിൽ അവതരിപ്പിക്കുകയും അന്നു തന്നെ പാസ്സാക്കുകയും ചെയ്തു. ഇതിലേയ്ക്കായി ബന്ധപ്പെട്ട ചട്ടങ്ങൾ (ചട്ടം 76 (1) എ, 77, 237) സഭ താൽക്കാലികമായി സസ്പെന്റ് ചെയ്തിരുന്നു.

### (ii) ധനകാര്യ ബില്ലുകൾ

കേരള സർക്കാരിന്റെ ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിലേയ്ക്കുള്ള 2021 ലെ ധനകാര്യ ബിൽ, 2021 ലെ കേരള ധനകാര്യ (2 ാം നമ്പർ) ബിൽ എന്നിവ 2021 ജൂൺ 10 ന് ധനകാര്യ വകുപ്പുമന്ത്രി കെ.എൻ. ബാലഗോപാൽ അവതരിപ്പിച്ചു.

### (iii) ധനവിനിയോഗ ബിൽ

2021 ആഗസ്റ്റ് മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിലേക്കുള്ള കേരള സർക്കാരിന്റെ ചെലവ് നേരിടുവാൻ വേണ്ടിവരുന്ന പണത്തിന്റെ വിനിയോഗത്തിന് വ്യവസ്ഥ ചെയ്യുന്ന 2021-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് 2-ാം നമ്പർ) ബിൽ 2021 ജൂൺ 10 ന് ധനകാര്യ വകുപ്പുമന്ത്രി കെ.എൻ.ബാലഗോപാൽ സഭയിൽ അവതരിപ്പിച്ചു. ബിൽ സഭ അന്ന് തന്നെ പാസ്സാക്കി.

## ഗവൺമെന്റ് പ്രമേയങ്ങൾ

ഈ സഭാ സമ്മേളനക്കാലയളവിൽ ഗവൺമെന്റിന്റെ ഭാഗത്ത് നിന്നും രണ്ട് പ്രമേയങ്ങൾ ചട്ടം 118 അനുസരിച്ച് അവതരിപ്പിക്കപ്പെട്ടു. രണ്ടുപ്രമേയങ്ങളും സഭ ഐകകണ്ഠ്യേന അംഗീകരിച്ചു. കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിന്റെ അഡ്മിനിസ്ട്രേറ്ററെ തൽസ്ഥാനത്തു നിന്നും നീക്കം ചെയ്യുന്നതിനും ലക്ഷദ്വീപിലെ ജനങ്ങളുടെ സംസ്കാരവും ജീവനോപാധികളും സംരക്ഷിക്കുന്നതിനും കേന്ദ്ര സർക്കാർ ഇടപെടണമെന്ന ആവശ്യം സംബന്ധിച്ചതായിരുന്നു സഭ അംഗീകരിച്ച ഒരു പ്രമേയം. 2021 മേയ് 31 ന് പ്രമേയം മുഖ്യമന്ത്രി പിണറായി വിജയനാണ് അവതരിപ്പിച്ചത്. കോവിഡ് വാക്സിൻ സൗജന്യവും സമയബന്ധിതവുമായി സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം ആരോഗ്യവും വനിതാ ശിശുക്ഷേമവും വകുപ്പുമന്ത്രി വീണാ ജോർജാണ് അവതരിപ്പിച്ചത്. ഈ പ്രമേയം 2021 ജൂൺ 2 നാണ് അവതരിപ്പിച്ച് അംഗീകരിക്കപ്പെട്ടത്.

## മറ്റ് സഭാ നടപടികൾ

ആകെ 12 ദിവസം യോഗം ചേർന്ന ഒന്നാം സമ്മേളന കാലയളവിൽ 7 അടിയന്തരപ്രമേയ നോട്ടീസുകളും 14 ശ്രദ്ധ ക്ഷണിക്കൽ നോട്ടീസുകളും 89 സബ്മിഷനുകളും സഭ മുമ്പാകെ പരിഗണിക്കുകയുണ്ടായി. സമ്മേളനവുമായി ബന്ധപ്പെട്ട 120 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും 1034 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും അനുവദിച്ചിരുന്നു. 14 ചോദ്യങ്ങൾക്ക് മന്ത്രിമാർ വാക്കാൽ മറുപടി നൽകുകയുണ്ടായി. സഭാതലത്തിൽ 109 ഉപചോദ്യങ്ങൾ ഉന്നയിക്കുകയും മന്ത്രിമാർ അവയ്ക്ക് മറുപടി നൽകുകയും ചെയ്തു.

arivoram july 2021.indd 3 12-07-2021 04:16:42 PM

# ചിറ്റയം ഗോപകുമാർ ഡെപ്യൂട്ടി സ്പീക്കർ



പതിനഞ്ചാം കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കറായി ചിറ്റയം ഗോപകുമാർ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. അടൂർ നിയമസഭാ മണ്ഡലത്തിൽ നിന്നും സി.പി.ഐ. അംഗമായി മൂന്നാം തവണയാണ് അദ്ദേഹം നിയമസഭയിലെത്തുന്നത്. 2011 ൽ ആദ്യമായി നിയമസഭാംഗമായി. പതിനാലാം കേരള നിയമസഭയിൽ പിന്നാക്ക സമുദായ ക്ഷേമ സമിതി ചെയർമാനായിരുന്ന ചിറ്റയം ഗോപകുമാർ ആൾ ഇന്ത്യ സ്റ്റുഡന്റ്സ് ഫെഡറേഷനിലൂടെയാണ് സജീവ രാഷ്ട്രീയത്തിലെത്തുന്നത്. എ.ഐ.എസ്.എഫ്. സംസ്ഥാനകമ്മിറ്റി അംഗം, എ.ഐ.റ്റി.യു.സി. സംസ്ഥാന പ്രവർത്തക സമിതി അംഗം, സി.പി.ഐ. സംസ്ഥാന കൗൺസിൽ അംഗം, കേരള കശുവണ്ടി തൊഴിലാളി കേന്ദ്ര കൗൺസിൽ സംസ്ഥാന സെക്രട്ടറി, ആശാ വർക്കേഴ്സ് യൂണിയൻ (എ.ഐ.ടി.യു.സി.) സംസ്ഥാന പ്രസിഡന്റ്, കേരള സംസ്ഥാന കർഷക തൊഴിലാളി ഫെഡറേഷൻ (ബി.കെ.|എം.യു.- എ.ഐ.റ്റി.യു.സി.) സംസ്ഥാന എക്സിക്യൂട്ടീവ് അംഗം, കൊല്ലം ജില്ലാ പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. സാംസ്കാരിക മാസികയായ 'എഴുത്തോല'യുടെ മാനേജിംഗ് എഡിറ്റർ കൂടിയാണ്. ഭാര്യ സി.ഷെർലി ഭായി; രണ്ട് മക്കളുണ്ട്.

ഭരണഘടന നിലവിൽ വന്നതുമുതൽ പാർലമെന്ററി സംവിധാനത്തിൽ സ്പീക്കർ കഴിഞ്ഞാൽ ഭരണഘടനാപരമായി അധികാരാവകാശങ്ങളുള്ള സ്ഥാനമാണ് ഡെപ്യൂട്ടി സ്പീക്കറുടേത്. ഡെപ്യൂട്ടി സ്പീക്കർ പദവി എന്നത് ഒരു സ്വതന്ത്ര പദവിയാണ്. സഭയോട് മാത്രമാണ് ഡെപ്യൂട്ടി സ്പീക്കർക്ക് ഉത്തരവാദിത്വം. നിയമസഭാംഗമല്ലാതാകുന്നതുവരെയോ സ്വയം രാജിവയ്ക്കുന്നതുവരെയോ അല്ലെങ്കിൽ ഭൂരിപക്ഷ അംഗങ്ങളുടെ പിന്തുണയോടെ ഒരു പ്രമേയത്താൽ നീക്കം ചെയ്യപ്പെടുന്നതുവരെയോ ഡെപ്യൂട്ടി സ്പീക്കർക്ക് ആ സ്ഥാനത്ത് തുടരാം. സ്പീക്കറുടെ അസാന്നിദ്ധ്യത്തിലും സ്പീക്കർ സ്ഥാനം ഒഴിഞ്ഞുകിടക്കുമ്പോഴും സഭയിൽ ആദ്ധ്യക്ഷ്യം വഹിക്കുന്ന ഡെപ്യൂട്ടി സ്പീക്കർക്ക്, സ്പീക്കർ സഭ നിയന്ത്രിക്കുമ്പോഴുള്ള അതേ അധികാരാവകാശങ്ങളാണുള്ളത്.

ഡെപ്യൂട്ടി സ്പീക്കർ ഏതെങ്കിലും നിയമസഭാ സമിതി അംഗമാണെങ്കിൽ അദ്ദേഹത്തെ സമിതി ചെയർമാനായി നിയമിക്കേണ്ടതാണ്. അദ്ധ്യക്ഷ സ്ഥാനത്തല്ലാത്തപ്പോൾ സഭയുടെ മറ്റ് നടപടിക്രമങ്ങളിലും വോട്ടെടുപ്പിലും സാധാരണ അംഗത്തെപ്പോലെ ഡെപ്യൂട്ടി സ്പീക്കർക്ക് പങ്കെടുക്കാവുന്നതാണ്. സഭാദ്ധ്യക്ഷനായിരിക്കുമ്പോൾ കാസ്റ്റിംഗ് വോട്ട് ആവശ്യമായി വരുന്ന പക്ഷം ഡെപ്യൂട്ടി സ്പീക്കർക്ക് ആയത് വിനിയോഗിക്കാം. എന്നാൽ സാധാരണയായി ബിൽ, പ്രമേയം എന്നിവ ഡെപ്യൂട്ടി സ്പീക്കർ അവതരിപ്പിക്കുകയോ സഭയിൽ ചോദ്യം ചോദിക്കുകയോ സബ്മിഷൻ ഉന്നയിക്കുകയോ ചെയ്യാറില്ല. കേരള നിയമസഭയിൽ ബജറ്റിന്മേലുള്ള പൊതു ചർച്ച തുടങ്ങുന്നത് ഡെപ്യൂട്ടി സ്പീക്കറാണ്. ഡെപ്യൂട്ടി സ്പീക്കറുടെ ചെലവുകൾ സംസ്ഥാനത്തെ സഞ്ചിത നിധിയിൽ നിന്നാണ് വഹിക്കുന്നത്.

## പ്രതിപക്ഷ നേതാവായി വി.ഡി.സതീശൻ



പതിനഞ്ചാം കേരള നിയമസഭയുടെ പ്രതിപക്ഷ നേതാവായി വി.ഡി.സതീശൻ എം.എൽ.എ. തെരഞ്ഞെടുക്കപ്പെട്ടു. രണ്ടുപതിറ്റാണ്ടുകാലമായി പറവൂർ നിയോജകമണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്ന അദ്ദേഹം 2001-ലെ തെരഞ്ഞെടുപ്പിൽ ആർ.രാജുവിനെ പരാജയപ്പെടുത്തി പതിനൊന്നാം കേരള നിയമസഭയിലെത്തി. പന്ത്രണ്ട്, പതിമൂന്ന്, പതിനാല് കേരള നിയമസഭകളിൽ തുടർച്ചയായി അംഗമായി.

ഇന്ത്യൻ നാഷണൽ കോൺഗ്രസിലെ കരുത്തുറ്റ സംഘടനാപാടവമുള്ള നേതാവ്, മികച്ച വാഗ്മി, പാർലമെന്റേറിയൻ, യുവത്വത്തിന്റെ ഊർജ്ജമുൾക്കൊള്ളുന്ന നിഷ്പക്ഷനായ പ്രവർത്തകൻ എന്നീ സവിശേഷതകൾ അദ്ദേഹത്തെ കോൺഗ്രസിന്റെ നിയമസഭാകക്ഷി നേതാവാക്കി. വിദ്യാർത്ഥിയായിരുന്ന കാലത്തു തന്നെ രാഷ്ട്രീയത്തിൽ സജീവമായിരുന്ന വി.ഡി.സതീശൻ ഒരു മികച്ച അഭിഭാഷകൻ കൂടി ആണ്. മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ, എൻ.എസ്.യു സെക്രട്ടറി, എ.ഐ.സി.സി.സെക്രട്ടറി, കെ.പി.സി.സി. വൈസ് പ്രസിഡന്റ്, തൊഴിലാളി യൂണിയൻ നേതാവ് എന്നീ നിലകളിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചിട്ടുണ്ട്. 2011-16 നിയമസഭയുടെ കാലയളവിൽ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെയും (2016-21) കാലയളവിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെയും അദ്ധ്യക്ഷനായിരുന്നു. സഭാചരിത്രത്തിൽ ഏറ്റവും കൂടുതൽ അടിയന്തര പ്രമേയങ്ങൾ അവതരിപ്പിച്ചിട്ടുള്ള അംഗമാണ്. പതിനൊന്നാമത്തെ പ്രതിപക്ഷ നേതാവായ വി.ഡി.സതീശനാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസിലെ ഏറ്റവും പ്രായം കുറഞ്ഞ പ്രതിപക്ഷ നേതാവ്. കെ.ദാമോദരമേനോന്റേയും വി.വിലാസിനിയമ്മയുടെയും മകനായി എറണാകുളത്തെ നെട്ടൂരിൽ 1964 മേയ് 31 ന് ജനനം. ഭാര്യ ആർ.ലക്ഷ്മിപ്രിയയും ഒരു മകളും അടങ്ങുന്നതാണ് കുടുംബം.

## ഡോ.എൻ.ജയരാജ് ഗവൺമെന്റ് ചീഫ് വിപ്പ്



പതിനഞ്ചാം കേരള നിയമസഭയിൽ ഗവൺമെന്റ് ചീഫ് വിപ്പ് സ്ഥാനത്തേയ്ക്ക് ഡോ.എൻ.ജയരാജിനെ കാബിനറ്റ് റാങ്കിൽ നിയമിച്ചു. ജൂൺ 2 ന് ചേർന്ന മന്ത്രിസഭായോഗമാണ് ശിപാർശ ചെയ്തത്. കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ നിന്നുള്ള കേരള കോൺഗ്രസ് (എം) അംഗമാണ്. തുടർച്ചയായ നാലാം തവണയാണ് ഡോ. എൻ.ജയരാജ് നിയമസഭാംഗമാകുന്നത്.

രണ്ടു തവണ കോട്ടയം ജില്ലാപഞ്ചായത്തംഗമായിരുന്ന ഡോ.എൻ.ജയരാജ് 'സംസ്കൃതി', 'എന്റെ മണിമലയാർ' എന്നീ പരിസ്ഥിതി സംരക്ഷണ സംഘടനകളുടെ സ്ഥാപക നേതാവാണ്. കേരള ഫോക്‌ലോർ അക്കാദമിയുടെ എക്സിക്യൂട്ടീവ് മെമ്പർ ആയി സേവനമനുഷ്ഠിച്ചിട്ടുണ്ട്. മുൻ ഡെപ്യൂട്ടി സ്പീക്കറും മന്ത്രിയുമായിരുന്ന കെ.നാരായണക്കുറുപ്പിന്റെയും കെ.ലീലാദേവിയുടെയും മകനാണ്. എസ്.ഗീതയാണ് ഭാര്യ. ഒരു മകളുണ്ട്.

## പി.ടി.എ റഹിം പതിനഞ്ചാം കേരള നിയമസഭയുടെ പ്രോടെം സ്പീക്കർ



പതിനഞ്ചാം കേരള നിയമസഭയുടെ പ്രോടെം സ്പീക്കറായി മുതിർന്ന അംഗം പി.ടി.എ. റഹിം സത്യപ്രതിജ്ഞ ചെയ്തു. രാജ്ഭവനിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ മുമ്പാകെയായിരുന്നു സത്യപ്രതിജ്ഞ. പുതിയ നിയമസഭ രൂപം കൊള്ളുന്ന അവസരത്തിലോ സ്പീക്കർ ഡെപ്യൂട്ടി സ്പീക്കർ എന്നിവർ രാജിവയ്ക്കുന്ന സന്ദർഭങ്ങളിലോ പുതിയ സ്പീക്കറെ തെരഞ്ഞെടുക്കുന്നതുവരെ സ്പീക്കറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി മുതിർന്ന അംഗങ്ങളുടെ ഒരു പാനൽ തയ്യാറാക്കുന്നു. ഇവരിൽ ഒരാളെ മന്ത്രിസഭയുടെ നിർദ്ദേശാനുസരണം ഗവർണർ പ്രോടെം സ്പീക്കറായി നിയമിക്കുന്നു. പുതിയ നിയമസഭ രൂപം കൊള്ളുമ്പോൾ പ്രോടെം സ്പീക്കർ മുമ്പാകെയാണ് പുതിയ നിയമസഭാംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്യുന്നത്. നിയമ നിർമ്മാണ സഭ കളിൽ 'ഫ്ളോർ ടെസ്റ്റ്' നടത്തുന്ന അവസരത്തിൽ സഭാനടപടികൾ നിയന്ത്രിക്കുന്നതും പ്രോടെം സ്പീക്കറാണ്. ഒന്നാം കേരള നിയമസഭയുടെ പ്രോടെം സ്പീക്കർ റോസമ്മ പുന്നൂസും പതിനാലാം കേരള നിയമസഭയുടെ പ്രോടെം സ്പീക്കർ എസ്.ശർമ്മയുമായിരുന്നു. പതിമൂന്നാം കേരള നിയമസഭയിൽ പ്രോടെം സ്പീക്കർ എൻ.ശക്തൻ പിന്നീട് അതേ സഭയിൽ ഡെപ്യൂട്ടി സ്പീക്കറും സ്പീക്കറുമായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

പതിനഞ്ചാം കേരള നിയമസഭയിലെ പ്രോടെം സ്പീക്കറായ പി.ടി.എ. റഹിം കുന്ദമംഗലം നിയമസഭാ മണ്ഡലത്തിൽ നിന്നുള്ള സ്വതന്ത്ര അംഗമാണ്. പന്ത്രണ്ടാം കേരള നിയമസഭ മുതൽ തുടർച്ചയായി നിയമസഭകളിൽ എം.എൽ.എ. ആയിട്ടുള്ള പി.ടി.എ. റഹിം മുൻ കൊടുവള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കൂടിയാണ്.

### നയപ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ച

## പുതുചരിത്രമെഴുതി കെ.കെ.ശൈലജ



കേരള നിയമസഭയുടെ ചരിത്രത്തിലാദ്യമായി ഒരു വനിതാ സാമാജിക ഗവർണറുടെ നയപ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ചയ്ക്ക് തുടക്കമിട്ടു. മുൻ ആരോഗ്യവകുപ്പ് മന്ത്രിയും മട്ടന്നൂരിൽ നിന്നുള്ള നിയമസഭാംഗവും സി.പി.എം. പാർട്ടി ചീഫ് വിപ്പുമായ കെ.കെ. ശൈലജ ടീച്ചറാണ് ചരിത്രത്തിന്റെ ഭാഗമായത്. പതിനഞ്ചാം കേരള നിയമസഭയിൽ 2021 മേയ് 28 ന് ഗവർണ്ണർ ചെയ്ത പ്രസംഗത്തിന് നന്ദി പറയുന്ന പ്രമേയത്തിന്റെ ചർച്ച മേയ് 31 ന് ആരംഭിച്ചു.

നവകേരള സൃഷ്ടിക്കും ജനകീയ പ്രശ്നങ്ങളുടെ പരിഹാരത്തിനും ആവശ്യമായ ഒട്ടേറെ നിർദ്ദേശങ്ങൾ ഗവർണ്ണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കെ.കെ. ശൈലജ പറഞ്ഞു. കോവിഡ് മഹാമാരിയെ നേരിടുന്നതിൽ ലോകശ്രദ്ധ പിടിച്ചുപറ്റിയ ഗവൺമെന്റാണിതെന്നും കഴിഞ്ഞ ഗവൺമെന്റ് നടപ്പാക്കിയ ജനക്ഷേമ പ്രവർത്തനങ്ങളുടെ തുടർച്ചയാണ് ഈ നയപ്രഖ്യാപനമെന്നും പ്രമേയം അവതരിപ്പിച്ചുകൊണ്ട് കെ.കെ.ശൈലജ കൂട്ടിച്ചേർത്തു. എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനത്തിലൂടെ കോവിഡ് മരണനിരക്ക് കുറയ്ക്കാൻ കഴിഞ്ഞതായും അവർ അഭിപ്രായപ്പെട്ടു. പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഭരണ കക്ഷിയംഗങ്ങളും ഭേദഗതികൾ അവതരിപ്പിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങളും ചർച്ചയിൽ പങ്കെടുത്തു.

### തിരുത്ത്

അറിവോരം ന്യൂസ്‌ലെറ്ററിന്റെ 2021 ഏപ്രിൽ ലക്കത്തിലെ പേജ് 19 ൽ 'കേരള സംസ്ഥാനവും രാഷ്ട്രപതി ഭരണവും' എന്ന ലേഖനത്തിൽ ഉത്രാടം തിരുനാൾ മാർത്താണ്ഡ വർമ്മയുടെ ചിത്രം ചിത്തിര തിരുനാൾ ബാലരാമവർമ്മ എന്ന് തെറ്റായി നൽകിയതിൽ ഖേദിക്കുന്നു. - എഡിറ്റർ

arivoram july 2021.indd 4 12-07-2021 04:16:43 PM

# 15-ാം കേരള നിയമസഭയിലെ വനിതാ പ്രതിനിധികളായി ഇവർ

പതിനാലാം കേരള നിയമസഭയിലെ വനിതാ പ്രാതിനിധ്യം എട്ട് പേരിലൊതുങ്ങിയെങ്കിൽ പതിനഞ്ചാം കേരള നിയമസഭയിൽ അത് പതിനൊന്നായി ഉയർന്നു. പതിനൊന്നിൽ എട്ട് സി.പി.എം. പ്രതിനിധികളും രണ്ട് സി.പി.ഐ പ്രതിനിധികളും ഒരാൾ ആർ.എം.പി.യിൽ നിന്നുള്ള അംഗവുമാണ്. കെ.കെ.ശൈലജ ടീച്ചർ, കാനത്തിൽ ജമീല, കെ.ശാന്തകുമാരി, ആർ.ബിന്ദു, ഒ.എസ്.അംബിക, ദെലീമ, വീണാ ജോർജ്, യു. പ്രതിഭ എന്നിവരാണ് സി.പി.എം. പ്രതിനിധികൾ. ജെ.ചിഞ്ചുറാണി, സി.കെ.ആശ എന്നിവർ സി.പി.ഐ. പ്രതിനിധികളാണ്. ആർ.എം.പി.യുടെ ആദ്യ എം.എൽ.എ. കെ.കെ.രമയും പതിനഞ്ചാം കേരള നിയമസഭയിൽ ഇടം നേടി.

## കെ.കെ.ശൈലജ (മട്ടന്നൂർ)



മട്ടന്നൂർ നിയമസഭാ മണ്ഡലത്തിൽ നിന്ന് 96,129 വോട്ട് നേടിയാണ് കെ.കെ.ശൈലജ പതിനഞ്ചാം കേരള നിയമസഭയിൽ എത്തുന്നത്. പതിനഞ്ചാം കേരള നിയമസഭയിൽ ഏറ്റവും കൂടുതൽ വോട്ട് ലഭിച്ച എം.എൽ.എ., ഏറ്റവും വലിയ ഭൂരിപക്ഷം ലഭിച്ച എം.എൽ.എ. എന്നീ ബഹുമതികൾ ശൈലജ ടീച്ചർക്ക് സ്വന്തം. 60,963 വോട്ടിന്റെ ഭൂരിപക്ഷമാണ് ഇത്തവണത്തെ തെരഞ്ഞെടുപ്പിൽ അവർക്ക് ലഭിച്ചത്. പിണറായി വിജയൻ നേതൃത്വം നൽകിയ പതിനാലാം കേരളനിയമസഭയിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി എന്ന നിലയിൽ മികച്ച പ്രവർത്തനമായിരുന്നു ശൈലജ ടീച്ചറുടേത്. നിപയും കോവിഡും കേരളത്തെ ബാധിച്ചപ്പോൾ കാര്യക്ഷമമായ പ്രവർത്തനങ്ങളിലൂടെ ലോകശ്രദ്ധയാകർഷിച്ച് നിരവധി അംഗീകാരങ്ങളും ശൈലജ ടീച്ചർക്ക് ലഭിച്ചു. ജനാധിപത്യ മഹിളാ അസോസിയേഷൻ കേന്ദ്ര കമ്മിറ്റി അംഗവും സി.പി.എം. കേന്ദ്ര കമ്മിറ്റിയംഗവുമാണ് ഹൈസ്കൂൾ അദ്ധ്യാപികയായി വിരമിച്ച ശൈലജ ടീച്ചർ.

## കാനത്തിൽ ജമീല (കൊയിലാണ്ടി)



കോഴിക്കോട് ജില്ലാപഞ്ചായത്ത് പ്രസിഡന്റായിരുന്ന കാനത്തിൽ ജമീല ആദ്യമായാണ് നിയമസഭയിലെത്തുന്നത്. 75,628 വോട്ടുകൾ നേടി 8,472 വോട്ടിന്റെ ഭൂരിപക്ഷത്തോടെ വിജയിച്ച അവർ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. സി.പി.എം. ജില്ലാ കമ്മിറ്റി അംഗമാണ്.

## കെ. ശാന്തകുമാരി (കോങ്ങാട്)



പട്ടികജാതി ക്ഷേമസമിതി സംസ്ഥാന വൈസ് പ്രസിഡന്റായ കെ.ശാന്തകുമാരിയുടെ നിയമസഭയിലേക്കുള്ള കന്നി അങ്കമായിരുന്നു ഇത്തവണത്തെ തെരഞ്ഞെടുപ്പ്. കോങ്ങാട് നിയമസഭാ മണ്ഡലത്തിൽ നിന്ന് 67,881 വോട്ട് നേടിയ അവർക്ക് 27,219 വോട്ടിന്റെ ഭൂരിപക്ഷം ലഭിച്ചു. മൂന്ന് തവണ പാലക്കാട് ജില്ലാ പഞ്ചായത്ത് അംഗം, ഒരു തവണ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ച ശാന്തകുമാരി പാലക്കാട് കോടതിയിലെ അഭിഭാഷക കൂടിയാണ്.

## ആർ.ബിന്ദു (ഇരിങ്ങാലക്കുട)



തൃശ്ശൂർ കേരളവർമ്മ കോളേജിലെ റിട്ട. വൈസ് പ്രിൻസിപ്പാളായ ആർ.ബിന്ദു 62,493 വോട്ടുകൾനേടി, 5,949 വോട്ടിന്റെ ഭൂരിപക്ഷത്തോടെയാണ് പതിനഞ്ചാം കേരള നിയമസഭയിലെത്തുന്നത്. സി.പി.എം ആക്ടിങ്ങ് സെക്രട്ടറി എ.വിജയരാഘവന്റെ ഭാര്യയായ അവർ മുൻപ് തൃശ്ശൂർ മേയറായിരുന്നു. നിലവിൽ ജനാധിപത്യ മഹിളാ അസോസിയേഷൻ കേന്ദ്ര സമിതി അംഗമാണ്.

## ദെലീമ (അരൂർ)



സിനിമാ പിന്നണിഗായിക എന്ന നിലയിൽ മലയാളികൾക്ക് സുപരിചിതയാണ് ദെലീമ. ആലപ്പുഴ കരുമാഞ്ചേരി സ്വദേശിയായ ദെലീമ ആദ്യമായാണ് നിയമസഭയിലേക്ക് മത്സരിക്കുന്നത്. 75,617 വോട്ടുകൾ നേടി 7013 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് തെരഞ്ഞെടുക്കപ്പെട്ടത്. ആലപ്പുഴ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റായിരുന്ന അവർ ജില്ലാ പഞ്ചായത്ത് അംഗം എന്ന നിലയിലും പ്രവർത്തിച്ചിട്ടുണ്ട്.

## ഒ.എസ്.അംബിക (ആറ്റിങ്ങൽ)



69,898 വോട്ടുകൾ നേടി 31,636 വോട്ടിന്റെ ഭൂരിപക്ഷത്തോടെയാണ് ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ നിന്ന് ഒ.എസ്.അംബിക നിയമസഭയിലെത്തിയത്. ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, കർഷക തൊഴിലാളി യൂണിയൻ കേന്ദ്ര കമ്മിറ്റിയംഗം, രണ്ട് തവണ പഞ്ചായത്ത് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

## വീണാ ജോർജ് (ആറന്മുള)



പതിനാലാം കേരള നിയമസഭയിൽ ആറന്മുള മണ്ഡലത്തെ പ്രതിനിധീകരിച്ച വീണാ ജോർജ് അതേ മണ്ഡലത്തിൽ നിന്നും 74,950 വോട്ട് നേടി 19,003 വോട്ടിന്റെ ഭൂരിപക്ഷത്തോടെയാണ് വിജയിച്ചത്. ദൃശ്യ മാധ്യമപ്രവർത്തകയായിരുന്ന അവർ പതിനാലാം കേരള നിയമസഭയുടെ സഭാ ടി.വി. Content Development Committee അദ്ധ്യക്ഷയായിരുന്നു.

## യു.പ്രതിഭ (കായംകുളം)



തുടർച്ചയായ രണ്ടാം തവണയാണ് യു.പ്രതിഭ കായംകുളത്തുനിന്ന് എം.എൽ.എ. ആയി നിയമസഭയിലെത്തുന്നത്. 77,348 വോട്ട് നേടി 6298 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് ഇത്തവണ നിയമസഭാംഗമായത്. ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, തകഴി പഞ്ചായത്ത് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

## ജെ.ചിഞ്ചുറാണി (ചടയമംഗലം)



ആദ്യമായി നിയമസഭാംഗമാകുന്ന ജെ. ചിഞ്ചുറാണി 67,252 വോട്ട് നേടി 13,678 വോട്ടിന്റെ ഭൂരിപക്ഷത്തോടെയാണ് പതിനഞ്ചാം കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. നിലവിൽ സി.പി.ഐ. ദേശീയ കൗൺസിൽ അംഗമാണ്. പോൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ചെയർപേഴ്സൺ, പഞ്ചായത്ത്, കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത് അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

## സി.കെ.ആശ (വൈക്കം)



തുടർച്ചായി രണ്ടാം തവണയാണ് സി.കെ. ആശ നിയമസഭയിലെത്തുന്നത്. എ.ഐ.വൈ.എഫ് സംസ്ഥാന വൈസ് പ്രസിഡന്റ്, സി.പി.ഐ ജില്ലാ കൗൺസിൽ അംഗം എന്നീ നിലകളിൽ പ്രവർത്തിച്ച അവർ 71,388 വോട്ട് നേടി 29,122 വോട്ടിന്റെ ഭൂരിപക്ഷത്തോടെയാണ് നിയമസഭാംഗമായത്.

## കെ.കെ.രമ (വടകര)



കെ.കെ.രമയിലൂടെയാണ് ആർ.എം.പി. ആദ്യമായി നിയമസഭയിലെത്തുന്നത്. ആദ്യകാലങ്ങളിൽ സി.പി.എം. നേതാവും പിന്നീട് ആർ.എം.പി. നേതാവുമായിരുന്ന യശശരീരനായ ടി.പി. ചന്ദ്രശേഖരന്റെ സഹധർമ്മിണിയായ കെ.കെ.രമ 65,093 വോട്ട് നേടി 7,491 വോട്ടിന്റെ ഭൂരിപക്ഷത്തോടെയാണ് നിയമസഭയിലെത്തിയത്.

arivoram july 2021.indd 5 12-07-2021 04:16:44 PM

# കെ.ആർ.ഗൗരിയമ്മ

## ഒരു വിപ്ലവനക്ഷത്രം



ആധുനിക കേരളം ദർശിച്ച ധിഷണാശാലിയായ ഭരണാധികാരിയും സമാനതകളില്ലാത്ത ത്യാഗത്തിന്റെയും പോരാട്ടത്തിന്റെയും വിപ്ലവവീര്യത്തിൽ സ്ഫുടം ചെയ്തെടുത്ത പൊതുപ്രവർത്തകയും കേരളത്തിന്റെ സാമൂഹിക മാറ്റത്തിന് അടിത്തറയിട്ട നിരവധി നിയമങ്ങളുടെ ശില്പിയും കേരളത്തിന്റെ ആദ്യ മന്ത്രിസഭയിലെ ഒടുവിലത്തെ കണ്ണിയുമായ കളത്തിൽപ്പറമ്പിൽ രാമൻ ഗൗരിയെന്ന കെ.ആർ. ഗൗരിയമ്മ നൂറ്റിരണ്ടാം വയസ്സിൽ 2021 മേയ് 11 ന് അന്തരിച്ചു.

കേരളത്തിന്റെ വികസനത്തിനും സാമൂഹ്യ പരിഷ്കരണത്തിനും വഴിവച്ച കാർഷിക പരിഷ്കരണ നിയമവും അഴിമതിനിരോധന നിയമവും വനിതാ കമ്മിഷൻ നിയമവും തുടങ്ങി ഒട്ടേറെ നിയമനിർമ്മാണങ്ങൾക്ക് നേതൃത്വം നൽകിയ അതുല്യ ഭരണാധികാരിയായിരുന്നു ഗൗരിയമ്മ. കേരള നിയമസഭയിലേക്ക് ഏറ്റവും കൂടുതൽ തവണ മത്സരിക്കുകയും വിജയിക്കുകയും മന്ത്രിയാകുകയും ചെയ്ത വനിതയാണ്. 1952-53,1954-56 കാലഘട്ടങ്ങളിൽ തിരു-കൊച്ചി നിയമസഭയിലും അംഗമായിരുന്നു.

1919 ജൂലൈ 14 ന് ചേർത്തലയിൽ ചാത്തനാട്ട് കെ.ആർ. രാമന്റെയും പാർവ്വതി അമ്മയുടെയും മകളായി ജനിച്ച ഗൗരിയമ്മയുടെ സ്കൂൾ വിദ്യാഭ്യാസം തുറവൂർ, ചേർത്തല എന്നിവിടങ്ങളിലായിരുന്നു. എറണാകുളം മഹാരാജാസിൽ നിന്ന് ബി.എ. ബിരുദവും എറണാകുളം ലോ കോളേജിൽ നിന്ന് നിയമ ബിരുദവും നേടി. നിയമ ബിരുദം നേടിയ ആദ്യ വനിതകളിൽ ഒരാളായിരുന്നു ഗൗരിയമ്മ. മികച്ച അഭിഭാഷകയാകണമെന്നാണ് മാതാപിതാക്കൾ ആഗ്രഹിച്ചിരുന്നതെങ്കിലും പൊതുജന സേവനത്തിന്റെ പാതയാണ് അവർ തെരഞ്ഞെടുത്തത്. അറസ്റ്റും ലോക്കപ്പ് പീഡനവും ഉൾപ്പെടെയുള്ള പ്രതിസന്ധികൾ തരണം ചെയ്തു. കേരള രാഷ്ട്രീയത്തിലെ സമുന്നത നേതാവായിരുന്ന ഗൗരിയമ്മ ജനാധിപത്യ ഇന്ത്യയിലെ ഏറ്റവും ശ്രദ്ധിക്കപ്പെട്ട വനിതാ ഭരണാധികാരികളിൽ ഒരാളായിരുന്നു.

അഞ്ചാം കേരള നിയമസഭയിലൊഴികെ ഒന്നു മുതൽ പതിനൊന്നു വരെ എല്ലാ നിയമസഭകളിലും ഗൗരിയമ്മ അംഗമായിരുന്നു. 1957 ൽ ഇം.എം.എസ്സിന്റെ ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിലും 1967 ലെ സപ്തകക്ഷി മുന്നണി മന്ത്രിസഭയിലും, 1980, 1987 വർഷങ്ങളിൽ അധികാരത്തിലേറ്റ ഇടതുപക്ഷ ജനാധിത്യ മുന്നണി മന്ത്രിസഭകളിലും 2001-2006 കാലയളവിലെ യു.ഡി.എഫ് മന്ത്രിസഭയിലും ഗൗരിയമ്മ അംഗമായിരുന്നു. 1957-ലെ ആദ്യ മന്ത്രിസഭയിൽ റവന്യൂ, എക്സൈസ്, ദേവസ്വം വകുപ്പുകളുടെ ചുമതല വഹിച്ച അവർ ഒട്ടനവധി ഭരണപരിഷ്കാരങ്ങൾ നടപ്പിൽ വരുത്തി. 1957 ലെ ഭൂപരിഷ്കരണ നിയമവും 1958 ലെ സർക്കാർ ഭൂമി പതിച്ചുകൊടുക്കൽ നിയമവുമെല്ലാം ശ്രദ്ധേയം. കാർഷികബന്ധ ബിൽ സഭയിൽ അവതരിപ്പിച്ചതും റവന്യൂ മന്ത്രിയായിരുന്ന ഗൗരിയമ്മയായിരുന്നു.

രണ്ടാം ഇ.എം.എസ്. മന്ത്രിസഭയിൽ (1967 മാർച്ച് 6 മുതൽ 1969 നവംബർ 1 വരെ) റവന്യൂ, ഭക്ഷ്യം, പൊതുവിതരണം, വാണിജ്യ നികുതി, സാമൂഹ്യ സുരക്ഷ, നിയമം എന്നീ വകുപ്പുകളുടെ ചുമതല വഹിച്ചിരുന്നു. ഇക്കാലയളവിൽ ഭൂപരിഷ്കരണ ബില്ലിൽ സമൂലമായ ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടു. അതോടെ ജന്മിത്തം അവസാനിക്കുകയും 3.5 ദശലക്ഷം കുടിയാന്മാർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം ലഭിക്കുകയും ഒരു ലക്ഷത്തിലധികം ഏക്കർ ഭൂമി മിച്ചഭൂമിയായി പ്രഖ്യാപിക്കുകയും ചെയ്തു.

ആറാം കേരള നിയമസഭയിൽ ഇ.കെ.നായനാർ നേതൃത്വം നൽകിയ മന്ത്രിസഭയിൽ ഗൗരിയമ്മ കൃഷി, സാമൂഹികക്ഷേമം എന്നീ വകുപ്പുകൾ കൈകാര്യം ചെയ്തു. തുടർന്നുള്ള നായനാർ മന്ത്രിസഭയിൽ വ്യവസായം, സാമൂഹിക ക്ഷേമം, വിജിലൻസ് എന്നീ വകുപ്പുകളുടെ ചുമതലയായിരുന്നു വഹിച്ചത്. 2001 മേയ് 17 മുതൽ 2004 ആഗസ്റ്റ് 29 വരെയുള്ള എ.കെ.ആന്റണി മന്ത്രിസഭയിലും 2004 ആഗസ്റ്റ് 31 മുതൽ 2006 മേയ് 21 വരെയുള്ള ഉമ്മൻചാണ്ടി മന്ത്രിസഭയിലും കൃഷിവകുപ്പ് മന്ത്രിയായിരുന്നു.

തിരു-കൊച്ചി നിയമസഭയിൽ അംഗമായിരിക്കുമ്പോൾ ഗൗരിയമ്മ നഴ്സുമാരുടെയും മിഡ് വൈഫുമാരുടെയും അവശതകൾ സഭാതലത്തിൽ കൊണ്ടുവന്നിട്ടുണ്ട്. കേരളത്തിന്റെ സാമൂഹ്യസാമ്പത്തിക മേഖലകളിൽ നാഴികക്കല്ലായ പല നിയമങ്ങൾക്കും ആധാരമായ ബില്ലുകൾ നിയമസഭയിൽ അവതരിപ്പിച്ചത് ഗൗരിയമ്മയായിരുന്നു. 1957 ലെ കുടിയൊഴിപ്പിക്കൽ നടപടികൾ നിറുത്തിവയ്ക്കൽ നിയമം, 1957 ലെ തിരു-കൊച്ചി ഭൂനികുതി നിയമം, 1957 ലെ കേരള ഭൂസംരക്ഷണ നിയമം, 1958 ലെ കേരള കോമ്പൻസേഷൻ ഫോർ ടെനന്റ്സ് ഇംപ്രൂവ്മെന്റ് ആക്ട്, 1958 ലെ സർക്കാർ ഭൂമി പതിച്ചു കൊടുക്കൽ നിയമം, 1958 ലെ കേരള വെയ്സ് ആൻഡ് മീൻസ് ആക്ട്, 1959 ലെ കേരള മുദ്രപ്പത്ര നിയമം, 1960 ലെ പാട്ടകുടിയാൻ നിയമം, 1968 ലെ കേരള റവന്യൂ റിക്കവറി ആക്ട്, 1968 ലെ കേരള റെക്കോർഡ് ഓഫ് റൈറ്റ്സ് ആക്ട്, 1987 ലെ അഴിമതി നിരോധന നിയമം, 1990 ലെ വനിതാ കമ്മീഷൻ നിയമം, തുടങ്ങിയവയെല്ലാം ഗൗരിയമ്മ കൊണ്ടുവന്ന നിയമങ്ങളാണ്. രണ്ടാം കേരള നിയമസഭയിൽ 1960-61 കാലഘട്ടത്തിൽ ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായിരുന്നു.

1957 ൽ ഇ.എം.എസ്. മന്ത്രിസഭയിൽ അംഗമായിരിക്കെ അതേ മന്ത്രിസഭയിൽ അംഗമായിരുന്ന ടി.വി.തോമസുമായി ഗൗരിയമ്മ വിവാഹിതയായി.

1964 ൽ കമ്മ്യൂണിസ്റ്റ് പാർട്ടി പിളർന്നപ്പോൾ ടി.വി.തോമസ് സി.പി.ഐ.യിലും ഗൗരിയമ്മ സി.പി.ഐ. (എം) ലും നിലകൊണ്ടു. ജീവിതം തന്നെ സമരമാക്കിയ ഒരു ഉത്തമ വനിതയുടെ അനുഭവങ്ങൾ അക്ഷരങ്ങളിലൂടെ അനുഭവവേദ്യമാക്കിയ അവരുടെ 'ആത്മകഥ'ക്ക് 2011 ലെ കേരള സാഹിത്യ അക്കാഡമി അവാർഡ് ലഭിച്ചു. ചരിത്രവും ജീവിതവും അത്രമേൽ കെട്ടുപിണഞ്ഞ ഇതിഹാസ തുല്യമായ അവരുടെ വ്യക്തിത്വം വരയിലും വാക്കിലും വർണ്ണിക്കാൻ കഴിയാത്തത്ര ഉയരങ്ങൾ കീഴടക്കി. ഒളിവു ജീവിതത്തിലും ജയിൽവാസത്തിലും കൊടിയ പീഡനങ്ങളിലും തളരാതെ നീതിയ്ക്കും സ്ത്രീ സമത്വത്തിനും വേണ്ടി വിട്ടുവീഴ്ചയില്ലാതെ നടത്തിയ പോരാട്ടങ്ങൾ ഗൗരിയമ്മയെ കേരള നിയമസഭയുടെ ചരിത്രത്തിൽ പ്രഥമസ്മരണീയയാക്കി.

സഭാ ടി.വി.യുടെ 'സെൻട്രൽ ഹാൾ' പരിപാടിയിൽ അതിഥിയായി പങ്കെടുത്തപ്പോൾ പതിനാലാം കേരള നിയമസഭയിലെ വനിതാസാമാജികരുടെ ചോദ്യങ്ങൾക്ക് മുന്നിൽ അവർ മനസ്സു തുറന്നു. ഭൂപരിഷ്കരണ ബില്ലിനെക്കുറിച്ചും അഭിഭാഷകവൃത്തിയെക്കുറിച്ചുമുള്ള ചോദ്യങ്ങൾക്ക് 101 ാം വയസിലും കൃത്യതയോടെ മറുപടി നൽകി. എങ്ങനെയായിരിക്കണമൊരു ജനപ്രതിനിധി എന്ന ഒരു അംഗത്തിന്റെ ചോദ്യത്തിന് കാര്യങ്ങൾ നന്നായി പഠിച്ച് അവതരിപ്പിക്കണമെന്നും ഏതു വകുപ്പ്കൈകാര്യം ചെയ്തു എന്നല്ല അത് എപ്രകാരം കൈകാര്യം ചെയ്തു എന്നതിലാണ് കാര്യമെന്നും നൽകിയ മറുപടി പുതുതലമുറയ്ക്ക് പ്രചോദനമാകുമെന്നതിൽ സംശയമില്ല.

ദേശീയ രാഷ്ട്രീയത്തിൽ സ്ത്രീകൾക്ക് മാതൃകയും പ്രചോദനവുമായ ഗൗരിയമ്മ കേരള ജനതയ്ക്ക് എന്നും അഭിമാനമാണ്. കാർക്കശ്യവും കഴിവും ചേർന്ന ഭരണാധികാരി, വിദ്യാഭ്യാസം കൊണ്ടും രാഷ്ട്രീയ ജാഗ്രതകൊണ്ടും ജാതീയവും ലിംഗപരവുമായ വിവേചനങ്ങളെ നേരിട്ട പോരാളി, ആർക്കുമുന്നിലും തലകുനിക്കാത്ത ഉജ്വല വ്യക്തിത്വം എന്നീ വിശേഷണങ്ങളാൽ ജനമനസുകളിൽ എന്നും അണയാതെ നിൽക്കും ഗൗരിയമ്മ എന്ന വിപ്ലവനക്ഷത്രം.

## പോരാട്ടങ്ങൾക്കായി സമർപ്പിതമായ ജീവിതം

സ്വന്തം ജീവിതത്തെ നാടിന്റെ മോചനത്തിനുള്ള പോരാട്ടത്തിന്റെ വീരേതിഹാസമാക്കി മാറ്റിയ ധീരനായികയായിരുന്നു കെ.ആർ ഗൗരിയമ്മ. എല്ലാവിധ ഉച്ചനീചത്വങ്ങളും അവസാനിപ്പിക്കാനും സമത്വത്തിലധിഷ്ഠിതമായ വ്യവസ്ഥിതി സ്ഥാപിച്ചെടുക്കാനും വേണ്ടിയുള്ള നിരന്തര പോരാട്ടങ്ങൾക്കായി സമർപ്പിതമായ ജീവിതമായിരുന്നു ഗൗരിയമ്മയുടേത്. ആധുനിക കേരളത്തിന്റെ ചരിത്രം അവരുടെ ജീവചരിത്രം കൂടിയാണ്. ഇങ്ങനെയൊരാൾ നമുക്കുണ്ടായിരുന്നു എന്നത് നമ്മുടെ വലിയ ധന്യതയാണ്. ഗൗരിയമ്മയുടെ കാലത്തു ജീവിക്കാൻ കഴിഞ്ഞു എന്നത് ഏതൊരു മലയാളിയുടെയും അഭിമാനമാണ്. ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന്റെ വർത്തമാനകാല രാഷ്ട്രീയഘട്ടവുമായി ബന്ധപ്പെടുത്തുന്ന വിലപ്പെട്ട കണ്ണിയാണ് ഗൗരിയമ്മയിലൂടെ നമുക്ക് നഷ്ടമാകുന്നത്. അത്യപൂർവ്വം സ്ത്രീകൾ മാത്രം ഉന്നത വിദ്യാഭ്യാസത്തിനെത്തിയിരുന്ന ഒരു കാലത്ത് നിയമവിദ്യാഭ്യാസം പൂർത്തിയാക്കിയ ഗൗരിയമ്മക്ക് വേണമെങ്കിൽ ഔദ്യോഗിക തലത്തിൽ തിളക്കമാർന്ന തലങ്ങളിലേക്കു വളർന്ന് സ്വന്തം ജീവിതം സുരക്ഷിതവും സമ്പന്നവുമാക്കാമായിരുന്നു. ആ വഴിയല്ല തന്റെ വഴിയെന്ന് അവർ തിരിച്ചറിഞ്ഞു. ജനങ്ങളിലേക്കിറങ്ങി. ഒളിവിലും തെളിവിലും ത്യാഗപൂർവ്വമായി ജീവിച്ചു.

പിണറായി വിജയൻ
മുഖ്യമന്ത്രി

arivoram july 2021.indd 6 12-07-2021 04:16:45 PM



# മുൻമന്ത്രി ആർ ബാലകൃഷ്ണപിള്ള വിടവാങ്ങി

കേരള കോൺഗ്രസ് (ബി) ചെയർമാനും മുൻ മന്ത്രിയും മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ചെയർമാനുമായ ആർ.ബാലകൃഷ്ണപിള്ള (87) മേയ് 3 ന് അന്തരിച്ചു. 1960 ൽ 25-ാം വയസ്സിലാണ് പത്തനാപുരത്ത് നിന്ന് ആദ്യമായി നിയമസഭയിലെത്തുന്നത്. 1964 ൽ കേരള കോൺഗ്രസ് രൂപീകരിച്ചപ്പോൾ സ്ഥാപകനേതാക്കളിൽ ഒരാളായി. 1977 മുതൽ നടന്ന ഏഴ് നിയമസഭാ തെരഞ്ഞെടുപ്പുകളിലും കൊട്ടാരക്കര നിയോജകമണ്ഡലത്തെ നിയമസഭയിൽ പ്രതിനിധാനം ചെയ്തത് ബാലകൃഷ്ണപിള്ളയായിരുന്നു. 1971-77 കാലഘട്ടത്തിൽ മാവേലിക്കര മണ്ഡലത്തിൽ നിന്ന് വിജയിച്ച് ലോക്സഭയിലെത്തി. 1970 ലെ അച്യുതമേനോൻ മന്ത്രിസഭയിൽ കേരള കോൺഗ്രസ് പങ്കാളിയാവുകയും 1975 ൽ അടിയന്തരാവസ്ഥയെ തുടർന്ന് നിയമസഭയുടെ കാലാവധി നീട്ടുകയും ചെയ്തതോടെ ഒരേ സമയം നിയമസഭയേയും ലോക്സഭയേയും പ്രതിനിധാനം ചെയ്യുകയെന്ന അപൂർവ്വഭാഗ്യവും അദ്ദേഹത്തിന് ലഭിച്ചു. 1977 ൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കേരള കോൺഗ്രസ് (ബി) രൂപീകരിച്ചു. 2006 ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ അഡ്വ. പി. അയിഷാ പോറ്റിയോട് പരാജയപ്പെട്ടു.

നിയമസഭാ, ലോക്സഭാ സാമാജികൻ എന്നതിലുപരി 31 വർഷത്തോളം കൊട്ടാരക്കര, ഇടമുളയ്ക്കൽ പഞ്ചായത്തുകളുടെ അദ്ധ്യക്ഷസ്ഥാനവും അദ്ദേഹം വഹിച്ചു. 1975 ലെ അച്യുതമേനോൻ മന്ത്രിസഭയിൽ ഗതാഗതം,എക്സൈസ്, ജയിൽ വകുപ്പുകളുടെ മന്ത്രിയായിരുന്നു. ഇ.കെ. നായനാർ, കെ.കരുണാകരൻ, എ.കെ. ആന്റണി മന്ത്രിസഭകളിലും മന്ത്രിയായി. കരുണാകരൻ മന്ത്രിസഭയിൽ വൈദ്യുത മന്ത്രിയായിരിക്കെയാണ് പഞ്ചാബ് മോഡൽ പ്രസംഗത്തെത്തുടർന്ന് 1985 ജൂൺ 5 ന് രാജിവയ്ക്കേണ്ടി വന്നത്. വൈദ്യുതി വകുപ്പ് മന്ത്രിയായിരിക്കെ നടപ്പാക്കിയ കല്ലട, ഇടമലയാർ പദ്ധതികളുമായി ബന്ധപ്പെട്ട അഴിമതി കേസിൽ സുപ്രീം കോടതി ഒരു വർഷം തടവ് ശിക്ഷ വിധിച്ചതോടെ അഴിമതി കേസിൽ ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയേണ്ടിവന്ന കേരളത്തിലെ ആദ്യത്തെ മന്ത്രിയായി ബാലകൃഷ്ണപിള്ള. 1987 ൽ കേരള കോൺഗ്രസ് (ജെ)യ്ക്ക് ഒപ്പം നിന്ന് മത്സരിച്ച് വിജയിച്ച അദ്ദേഹം 1989 ൽ കൂറുമാറ്റ നിരോധന നിയമപ്രകാരം അയോഗ്യനാക്കപ്പെട്ടു. കൂറുമാറ്റ നിരോധന നിയമപ്രകാരം അയോഗ്യനാക്കപ്പെട്ട ഏക നിയമസഭാംഗവും ബാലകൃഷ്ണപിള്ളയാണ്. 2005 ൽ യു.ഡി.എഫ് വിട്ടെങ്കിലും പിന്നീട് മടങ്ങി അതേ മുന്നണിയിൽ തന്നെയെത്തിയ അദ്ദേഹം 2018 ൽ എൽ.ഡി.എഫ്. പാളയത്തിലെത്തുകയായിരുന്നു.

1934 മാർച്ച് 8 ന് കൊട്ടാരക്കര വാളകത്ത് കീഴൂട്ട് വീട്ടിൽ ശ്രീമൂലം പ്രജാസഭാംഗമായിരുന്ന രാമൻപിള്ളയുടെയും കാർത്യായനി അമ്മയുടെയും മകനായി ജനിച്ച ബാലകൃഷ്ണപിള്ള കേരള രാഷ്ട്രീയത്തിൽ തലയെടുപ്പുള്ള നേതാക്കളിൽ ഒരാളായിരുന്നു.

വികസനത്തിന്റെ കാര്യത്തിലും തന്റേതായ കാഴ്ചപ്പാട് അദ്ദേഹത്തിനുണ്ടായിരുന്നു. ജയിലിൽ തടവുകാർക്ക് നൽകിയിരുന്ന ഭക്ഷണ രീതിയിൽ മാറ്റങ്ങൾ വരുത്തിയത് ബാലകൃഷ്ണപിള്ള ജയിൽ മന്ത്രിയായിരുന്നപ്പോഴാണ്. കെ.എസ്.ആർ.ടി.സി.യിൽ സൂപ്പർഫാസ്റ്റ്, എക്സ്പ്രസ്, ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ് ബസുകൾ ആരംഭിച്ചതും ടിക്കറ്റിംഗ് മെഷീൻ ഏർപ്പെടുത്തിയതും എം.പാനൽ നിയമനം നടപ്പാക്കിയതും അദ്ദേഹം ഗതാഗത മന്ത്രിയായിരുന്ന കാലത്താണ്. കേരളം മിച്ച വൈദ്യുതി സംസ്ഥാനമായതും അദ്ദേഹം വൈദ്യുതി മന്ത്രിയായിരുന്നപ്പോഴാണ്. ഇടുക്കി രണ്ടാം ഘട്ടം, ലോവർ പെരിയാർ, ഇടമലയാർ, കക്കാട്, കുറ്റ്യാടി, അഴുത, നാരകക്കാനം തുടങ്ങിയ ഒരു ഡസനോളം ജലവൈദ്യുതപദ്ധതികൾ യാഥാർത്ഥ്യമാക്കിയതും അദ്ദേഹമാണ്. ദീർഘകാലം എൻ.എസ്.എസ്. ഡയറക്ടർ ബോർഡ് അംഗമായിരുന്നു. ഇടമലയാർ കേസിൽ ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയുമ്പോഴാണ് ആത്മകഥയായ 'പ്രിസണർ 5990' അദ്ദേഹം എഴുതിയത്.

ഭാര്യ പരേതയായ വത്സല, എം.എൽ.എ. കെ.ബി.ഗണേഷ് കുമാർ ഉൾപ്പെടെ മൂന്ന് മക്കളുണ്ട്.

## വേർപാട്

### കെ.ജെ. ചാക്കോ, മുൻ മന്ത്രി



മുൻ മന്ത്രി കെ.ജെ. ചാക്കോ (91), 2021 ഏപ്രിൽ 12 ന് അന്തരിച്ചു. ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നിന്നും മൂന്ന് തവണ കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

മൂന്ന്, നാല്, അഞ്ച് നിയമസഭകളിലാണ് കേരള കോൺഗ്രസ് പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടത്. അഞ്ചാം കേരള നിയമസഭയിൽ (1977-79) അംഗമായിരിക്കെ 1979 നവംബർ 16 മുതൽ 1979 ഡിസംബർ 1 വരെ റവന്യൂവും സഹകരണവും വകുപ്പ് മന്ത്രിയായിരുന്നു. ഗതാഗതം, എക്സൈസ് എന്നീ വകുപ്പുകളുടെ ചുമതലയും അദ്ദേഹത്തിനുണ്ടായിരുന്നു. കേരള കോൺഗ്രസിന്റെ സ്ഥാപക നേതാക്കളിൽ ഒരാളായ അദ്ദേഹം പാർട്ടിയുടെ രൂപീകരണത്തിനുശേഷം നടന്ന ആദ്യ തെരഞ്ഞെടുപ്പിലാണ് മൂന്നാം കേരള നിയമസഭയിൽ അംഗമായത്.


നാലാം കേരള നിയമസഭയിൽ (1970-77) അംഗമായിരിക്കെ 1974-75 കാലഘട്ടത്തിൽ ഹർജികൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായിരുന്നു. അഞ്ചാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിൽ ചെയർമാൻമാരുടെ പാനലിൽ അംഗമായിരുന്നു.

1970 ൽ ആദ്യമായി നിയമസഭാംഗമായ ഉമ്മൻ ചാണ്ടിയോടൊപ്പം നിയമസഭാ സമ്മേളനത്തിൽ പങ്കെടുക്കുവാൻ കെ.എസ്.ആർ.ടി.സി. ബസിൽ യാത്രചെയ്ത അനുഭവം അടുത്തിടെ അദ്ദേഹം മാധ്യമങ്ങളോട് പങ്കുവച്ചിരുന്നു.

ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയുടെ ചെയർമാൻ, മിൽമ ചെയർമാൻ എന്നീ സ്ഥാനങ്ങൾ വഹിച്ചിരുന്ന കെ.ജെ.ചാക്കോ 1984 മുതൽ മുപ്പത്തിയഞ്ച് വർഷക്കാലം വാഴപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. പ്രഗല്ഭ അഭിഭാഷകൻ കൂടിയായിരുന്ന കെ.ജെ. ചാക്കോ മന്ത്രിയായിരുന്നപ്പോഴാണ് പെസഹാ വ്യാഴം പൊതു അവധിയായി പ്രഖ്യാപിക്കപ്പെട്ടത്. 'പുത്തൻ പുരാണം' എന്ന ഗ്രന്ഥം രചിച്ചിട്ടുണ്ട്.

ഭാര്യ ത്രേസ്യാക്കുട്ടി, നാല് മക്കളുണ്ട്.

### മുൻ ഗവർണർ ആർ.എൽ.ഭാട്യ



മുൻ ഗവർണർ ആർ.എൽ. ഭാട്യ (രഘുനന്ദൻ ലാൽ ഭാട്യ) 2021 മെയ് 15 ന് അമൃത്സറിൽ അന്തരിച്ചു. 2004 ജൂൺ 23 മുതൽ 2008 ജൂലായ് 9 വരെ കേരള ഗവർണറായി സേവനമനുഷ്ഠിച്ചിരുന്ന ആർ.എൽ. ഭാട്യ വിദേശകാര്യ സഹമന്ത്രി കൂടിയായിരുന്നു. 2008-2009 കാലഘട്ടത്തിൽ ബീഹാർ ഗവർണറായിരുന്നു. 1972, 1980, 1985, 1992, 1996, 1999 എന്നീ വർഷങ്ങളിലായി ആറു തവണ അമൃത്സറിൽ നിന്നും ലോകസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിരുന്നു.

### മുൻ ഡെപ്യൂട്ടി സ്പീക്കർ കെ.എം.ഹംസക്കുഞ്ഞ്



ഏഴാം കേരള നിയമസഭയിൽ 1982 ജൂൺ 30 മുതൽ 1986 ഒക്ടോബർ 7 വരെയുള്ള കാലയളവിൽ ഡെപ്യൂട്ടി സ്പീക്കർ പദവി വഹിച്ചിരുന്ന കെ.എം. ഹംസക്കുഞ്ഞ് 2021 മേയ് 13 ന് ഹൃദയാഘാതം മൂലം അന്തരിച്ചു. 80 വയസായിരുന്നു. മുസ്ലീം ലീഗ് സ്ഥാനാർത്ഥിയായി 1982 ൽ മട്ടാഞ്ചേരിയിൽ നിന്ന് കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. നിയമസഭയുടെ പ്രിവിലേജസ് കമ്മിറ്റിയുടെ അദ്ധ്യക്ഷസ്ഥാനം വഹിച്ചിട്ടുണ്ട്.

കൊച്ചി കോർപ്പറേഷൻ മേയറും മുസ്ലീംലീഗിന്റെ മുതിർന്ന നേതാവുമായിരുന്നു. 1975 ൽ ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിന്റെ എറണാകുളം ജില്ലാ സെക്രട്ടറിയായും തുടർന്ന് വർക്കിംഗ് കമ്മിറ്റിയംഗമായും പ്രവർത്തിച്ചു. കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ, ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റി എന്നിവയിൽ അംഗമായിരുന്നു.

നബീസയാണ് ഭാര്യ, രണ്ട് മക്കളുണ്ട്.

## സുപ്രീംകോടതി ചീഫ് ജസ്റ്റിസായി എൻ.വി.രമണ ചുമതലയേറ്റു



സുപ്രീംകോടതിയുടെ നാൽപ്പത്തിയെട്ടാത് ചീഫ്ജസ്റ്റിസായി ജസ്റ്റിസ് എൻ.വി. രമണ സത്യപ്രതിജ്ഞ ചെയ്തു. 2021 ഏപിൽ 24 ന് രാഷ്ട്രപതിഭവനിൽനടന്നസത്യപ്രതിജ്ഞാചടങ്ങിലാണ് അദ്ദേഹം അധികാരമേറ്റെടുത്തത്. 2014 ഫെബ്രുവരി 17 ന് സുപ്രീംകോടതിയിൽ ജഡ്ജിയായി നിയമിതനായ ജസ്റ്റിസ് എൻ.വി.രമണയ്ക്ക് 2022 ആഗസ്റ്റ് 26 വരെ ചീഫ് ജസ്റ്റിസായി തുടരാം.

1957 ൽ ആന്ധ്രാപ്രദേശിലെ ഒരു കർഷക കുടുംബത്തിൽ ജനിച്ച എൻ.വി.രമണ ആന്ധ്രാപ്രദേശ് ഹൈക്കോടതിയിൽ അഭിഭാഷകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. 2000 ജൂൺ 27 ന് അവിടെ ജഡ്ജിയായി നിയമിതനായി. തുടർന്ന് ആന്ധ്രാപ്രദേശ് ഹൈക്കോടതിയുടെ ആക്ടിംഗ് ചീഫ് ജസ്റ്റിസായും ഡൽഹി ഹൈക്കോടതി ചീഫ് ജസ്റ്റിസായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. കേന്ദ്രത്തിന്റെയും ആന്ധ്രാപ്രദേശ് സംസ്ഥാനത്തിന്റെയും അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലുകളിൽ സിവിൽ, ക്രിമിനൽ, ഭരണഘടന, തൊഴിൽ, സർവ്വീസ്, തെരഞ്ഞെടുപ്പ് വിഷയങ്ങളിൽ അഭിഭാഷകനെന്ന നിലയിൽ ശ്രദ്ധേയമായ പ്രകടനം കാഴ്ചവച്ച ജസ്റ്റിസ് എൻ.വി.രമണ, വിവിധ സർക്കാർ സംഘടനകളുടെ പാനൽ കൗൺസൽ ആയും പ്രവർത്തിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അഡീഷണൽ സ്റ്റാൻഡിംഗ് കൗൺസലായും റെയിൽവേയുടെ സ്റ്റാൻഡിംഗ് കൗൺസലായും പ്രവർത്തിച്ചിട്ടുണ്ട്. ആന്ധ്രാപ്രദേശ് സർക്കാരിന്റെ അഡീഷണൽ അഡ്വക്കേറ്റ് ജനറലായും പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം നികുതി, ഭരണഘടന, ക്രിമിനൽ നിയമം, തർക്കപരിഹാരം തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയ വിധികൾ പുറപ്പെടുവിച്ചിട്ടുണ്ട്.

arivoram july 2021.indd 7 12-07-2021 04:16:46 PM

# സഭാദ്ധ്യക്ഷനായി എം.ബി.രാജേഷ്

പതിനഞ്ചാം കേരള നിയമസഭയുടെ സഭാദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ട എം.ബി.രാജേഷ് അറിവും അനുഭവവും സമന്വയിച്ച വ്യക്തിത്വത്തിനുടമയാണ്. അദ്ദേഹം കേരള നിയമസഭയുടെ ഇരുപത്തിമൂന്നാമത്തെ സ്പീക്കറാണ്. പതിനഞ്ചാം കേരള നിയമസഭയിൽ തൃത്താല നിയമസഭാമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന എം.ബി.രാജേഷ് പതിനാലും പതിനഞ്ചും ലോക്സഭകളിൽ പാലക്കാട് ലോക്സഭാമണ്ഡലത്തെ പ്രതിനിധീകരിച്ചിട്ടുണ്ട്.



പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ ചളവറയിൽ റിട്ട.ഹവിൽദാർ ബാലകൃഷ്ണൻ നായരുടെയും എം.കെ.രമണിയുടെയും മകനായി പഞ്ചാബിലെ ജലന്ധറിൽ ജനിച്ച അദ്ദേഹം കയിലിയാട് കെ.വി. യു.പി., ചളവറ ഹയർസെക്കൻഡറി എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസവും ഒറ്റപ്പാലം എൻ.എസ്.എസ്. കോളേജിൽ നിന്ന് ബിരുദാനന്തര ബിരുദവും തിരുവനന്തപുരം ലോ അക്കാദമിയിൽ നിന്ന് നിയമ ബിരുദവും നേടി. ഹൈസ്കൂൾ പഠനകാലത്താണ് ഇടതുപക്ഷ പ്രസ്ഥാനത്തിൽ ആകൃഷ്ടനാകുന്നത്. പഠനകാലത്ത് നിരവധി സമരങ്ങളിലും പങ്കെടുത്തു. സി.പി.എം. സംസ്ഥാന കമ്മിറ്റി അംഗമായ അദ്ദേഹം എസ്.എഫ്.ഐ. സംസ്ഥാന സെക്രട്ടറി, എസ്.എഫ്.ഐ. കേന്ദ്ര ജോയിന്റ് സെക്രട്ടറി, ഡി.വൈ.എഫ്.ഐ. സംസ്ഥാന പ്രസിഡന്റ്, അഖിലേന്ത്യാ പ്രസിഡന്റ് എന്നീ പദവികളും വഹിച്ചിട്ടുണ്ട്.

2002 മുതൽ 2007 വരെ ഒറ്റപ്പാലം കോടതിയിൽ അഭിഭാഷകനായി പ്രാക്ടീസ് ചെയ്തു. നിയമവിദ്യാർത്ഥിയായിരിക്കെ ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. പാർലമെന്റിലേക്ക് പാലക്കാട് നിന്ന് 2009 ലും പാലക്കാടിന്റെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന ഭൂരിപക്ഷത്തിൽ 2014 ലും തെരഞ്ഞെടുക്കപ്പെട്ടു. ലോക്സഭാംഗമായിരിക്കെ അദ്ദേഹം 2009 മുതൽ വിദേശകാര്യം, ശാസ്ത്ര-സാങ്കേതികം, പെട്രോളിയം, ഊർജ്ജകാര്യം, കൃഷി എന്നീ പാർലമെന്ററി സമിതികളിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചു. ബ്രിട്ടനിലെ കവന്ററി യൂണിവേഴ്സിറ്റി ബിസിനസ് സ്കൂളിന്റെ ക്ഷണപ്രകാരം 2011 ലെ ലീഡർഷിപ്പ് ലക്ചർ സീരീസിൽ പ്രഭാഷണം നടത്തി. എം.പി.യായിരിക്കെ, ലണ്ടൻ കിങ്സ് കോളേജും ബ്രിട്ടീഷ് വിദേശകാര്യവകുപ്പും സംയുക്തമായി നടത്തിയ പരിപാടിയിൽ ഇന്ത്യയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടു. പാലക്കാട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി യാഥാർത്ഥ്യമാക്കിയത് എം.ബി.രാജേഷിന്റെ ഒരു പതിറ്റാണ്ട് നീണ്ട ശ്രമഫലമായിട്ടാണ്.

എഴുത്തുകാരൻ, പ്രഭാഷകൻ, പരിഭാഷകൻ എന്നീ നിലകളിലും എം.ബി.രാജേഷ് അംഗീകരിക്കപ്പെടുന്ന വ്യക്തിത്വമാണ്. ആഗോള മതപാർലമെന്റിന് മുന്നോടിയായി സ്കൂൾ ഓഫ് ഭഗവത്ഗീത 2008 ൽ സംഘടിപ്പിച്ച ഉച്ചകോടിയിൽ മതവും രാഷ്ട്രീയവും എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്താൻ ക്ഷണിക്കപ്പെട്ടിരുന്നു. രാഷ്ട്രീയത്തിനു പുറമേ സാഹിത്യവും സ്പോർട്സുമാണ് അദ്ദേഹത്തിന്റെ ഇഷ്ടമേഖലകൾ. ഗ്രന്ഥകാരൻകൂടിയായ അദ്ദേഹം ഡി.വൈ.എഫ്.ഐ മുഖപത്രമായ 'യുവധാര'യുടെ മുഖ്യപത്രാധിപരായിരുന്നു. 'നിശബ്ദരായിരിക്കുവാൻ എന്തവകാശം' 'സംഘപരിവാറും കോർപ്പറേറ്റ് രാഷ്ട്രീയവും' 'ചരിത്രം അവരെ കുറ്റക്കാരെന്ന് വിളിക്കും', 'ആഗോളവൽക്കരണത്തിന്റെ വിരുദ്ധലോകങ്ങൾ', 'മതം, മൂലധനം, രാഷ്ട്രീയം' എന്നീ പുസ്തകങ്ങളും രചിച്ചിട്ടുണ്ട്. ഇംഗ്ലീഷിലും മലയാളത്തിലുമായി നൂറ്റിയൻപതോളം ലേഖനങ്ങൾ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

എം.ബി.രാജേഷിന് നിരവധി പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്. 'The Week' എന്ന ഇംഗ്ലീഷ് വാരിക 2010-11 ൽ മികച്ച യുവ എം.പി.യായി തെരഞ്ഞെടുത്തിരുന്നു. കേരളത്തിലെ മികച്ച എം.പി.യായി 2010 ൽ റിപ്പോർട്ടർ ചാനലും 2011 ൽ ഗ്ലോബൽ മലയാളി കൗൺസിലും അദ്ദേഹത്തെ തെരഞ്ഞെടുത്തു. ഡെക്കാൺ ക്രോണിക്കിളിന്റെ യൂത്ത് ഐക്കൺ ഓഫ് ദി ഇയർ, ഇന്ത്യാ പ്രസ് ക്ലബ് നോർത്ത് അമേരിക്കയുടെ എക്സലൻസ് അവാർഡ്, രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് നൽകിയ മികച്ച പാർലമെന്റേറിയനുള്ള ചെറിയാൻ ജെ.കാപ്പൻ പുരസ്കാരം തുടങ്ങിയ അവാർഡുകളും ലഭിച്ചിട്ടുണ്ട്.

മുൻ എസ്.എഫ്.ഐ. നേതാവും അധ്യാപികയുമായ ഡോ. നിനിത കണിച്ചേരിയാണ് ഭാര്യ. വിദ്യാർത്ഥികളായ നിരഞ്ജന, പ്രിയദത്ത എന്നിവർ മക്കളാണ്.

### നിയമസഭാ പ്രമേയങ്ങൾ

## ലക്ഷദ്വീപിന്റെയും ദ്വീപ് നിവാസികളുടെയും സവിശേഷതകൾ സംരക്ഷിക്കപ്പെടുന്നുവെന്ന് കേന്ദ്രം ഉറപ്പുവരുത്തണം

കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിന്റെയും അവിടത്തെ ജനങ്ങളുടെയും സവിശേഷതകൾ സംരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്തം കേന്ദ്ര സർക്കാരിനുണ്ടെന്നും അതിന് വെല്ലുവിളി ഉയർത്തുന്ന അഡ്മിനിസ്ട്രേറ്ററെ അദ്ദേഹത്തിന്റെ ഉത്തരവാദിത്തങ്ങളിൽനിന്ന് നീക്കം ചെയ്യണമെന്നും അദ്ദേഹത്തിന്റെ വിവാദമായ മുഴുവൻ ഉത്തരവുകളും റദ്ദ് ചെയ്യണമെന്നും ലക്ഷദ്വീപുകാരുടെ ജീവനും ഉപജീവനമാർഗ്ഗങ്ങളും സാംസ്കാരികതനിമയും സംരക്ഷിക്കാൻ കേന്ദ്ര സർക്കാർ അടിയന്തരമായി ഇടപെടണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം കേരള നിയമസഭ 2021 മേയ് 31 ന് ഐകകണ്ഠ്യേന പാസാക്കി.

കേരളവും ലക്ഷദ്വീപും തമ്മിൽ ചരിത്രപരമായും ഭൂമിശാസ്ത്രപരമായും സാംസ്കാരികമായുമുള്ള ഗാഢബന്ധം പണ്ടുമുതൽക്കേയുള്ളതാണ്. മലയാളം സംസാരിക്കുന്ന ദ്വീപ് ജനത, വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും വാണിജ്യത്തിനുമെല്ലാം കൂടുതലായി ബന്ധപ്പെടുന്നത് കേരളവുമായാണെന്നും അതിനാൽ തന്നെ കേരള ജനതയ്ക്ക് ലക്ഷദ്വീപുകാർ എല്ലാ അർത്ഥത്തിലും സഹോദരങ്ങളാണെന്നും പ്രമേയം ചൂണ്ടിക്കാട്ടി. ടൂറിസത്തെ ശക്തിപ്പെടുത്താനെന്ന പേരിൽ ആ നാടിന്റെ സംസ്കാരവും സത്തയും ഇല്ലായ്മ ചെയ്യപ്പെടുന്ന നടപടികളാണ് അഡ്മിനിസ്ട്രേറ്റർ കൈക്കൊള്ളുന്നത് എന്നാണ് അവിടെനിന്ന് പുറത്തുവരുന്ന വാർത്തകൾ സൂചിപ്പിക്കുന്നത്.

ലക്ഷദ്വീപിലെ ഭരണകൂടത്തിന് വ്യക്തികളുടെ ഭൂമിയും സ്വത്തും ഏറ്റെടുക്കാൻ അമിതാധികാരം നൽകുന്ന വ്യവസ്ഥ സാധാരണ ജനങ്ങളുടെ ഇടയിൽ വലിയ ആശങ്കയാണുണ്ടാക്കിയിരിക്കുന്നത്. പുതിയ നിയന്ത്രണങ്ങൾ വലിയ തോതിലുള്ള സാമ്പത്തിക അസമത്വങ്ങൾക്കും സാമൂഹ്യ അസ്വസ്ഥതകൾക്കും ഇടവരുത്തുന്നതാണ്. കൂടാതെ ഇന്ത്യൻ സമൂഹത്തിന്റെ ആത്യന്തികമായ സവിശേഷതയായ നാനാത്വത്തിലെ ഏകത്വം ഇല്ലായ്മ ചെയ്യാനുള്ള ശ്രമങ്ങളുടെ പരിണിതഫലം ദുരന്തമായിരിക്കുമെന്നും പ്രമേയം ആശങ്കപ്പെടുന്നു. സാംസ്കാരിക തനിമയ്ക്കുമേലുള്ള ആക്രമണം ഒരു ജനാധിപത്യ സംസ്കാരത്തിന് തീർത്തും അന്യമായ ഒന്നാണെന്നും അതിനാൽ തന്നെ, ഭരണഘടനാമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഓരോരുത്തരും ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററുടെ ഭാഗത്ത് നിന്നുണ്ടാകുന്ന നടപടികളോട് ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തേണ്ടതാണെന്നും പ്രമേയം ചൂണ്ടിക്കാട്ടി. മുഖ്യമന്ത്രി പിണറായി വിജയനാണ് പ്രമേയം അവതരിപ്പിച്ചത്.

## കേന്ദ്ര സർക്കാർ സൗജന്യമായി കോവിഡ് വാക്സിൻ ലഭ്യമാക്കണം




കോവിഡ് പ്രതിരോധത്തിന് അത്യന്താപേക്ഷിതമായ വാക്സിൻ കേന്ദ്ര സർക്കാർ സമയബന്ധിതവും സൗജന്യവുമായി ലഭ്യമാക്കണമെന്ന പ്രമേയം 2021 ജൂൺ 2 ന് കേരള നിയമസഭ ഐകകണ്ഠ്യേന പാസാക്കി.

കോവിഡ് 19 നെ പ്രതിരോധിക്കാൻ കേന്ദ്ര, സംസ്ഥാന, പ്രാദേശിക സർക്കാരുകൾ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. സാമൂഹ്യതലത്തിൽ കോവിഡ് 19 മഹാമാരിക്കെതിരെയുള്ള പ്രതിരോധ നിർമ്മിതിക്ക് ഏറ്റവും പ്രധാനമായത് സാർവത്രികമായ വാക്സിനേഷനായതിനാൽ, അത് എല്ലാ ജനവിഭാഗങ്ങൾക്കും ലഭ്യമാകണമെങ്കിൽ വാക്സിൻ സൗജന്യവും സാർവത്രികവുമായി നൽകാൻ കഴിയണം എന്ന് പ്രമേയം ചൂണ്ടിക്കാട്ടി.

വാക്സിൻ ഉൽപാദനത്തിലെ കുറവും, വാക്സിന് ലോകത്താകെയുള്ള ആവശ്യക്കാരുടെ എണ്ണവും മുതലെടുത്ത് സാമ്പത്തിക ചൂഷണം നടത്താൻ വാക്സിൻ ഉൽപ്പാദന കമ്പനികൾ ലക്ഷ്യമിടുന്ന സാഹചര്യത്തിൽ സർക്കാർ ഉടമസ്ഥതയിലെ പൊതുമേഖലയിലുള്ള ഫാർമസ്യൂട്ടിക്കൽ കമ്പനികളിൽ നിർബന്ധിത ലൈസൻസിംഗ് വ്യവസ്ഥ ഉപയോഗപ്പെടുത്തി വാക്സിൻ നിർമ്മാണം ആരംഭിക്കാനുള്ള നടപടി കേന്ദ്ര സർക്കാർ പരിഗണിക്കേണ്ടതാണെന്ന് പ്രമേയം ആവശ്യപ്പെട്ടു. മുൻകാലങ്ങളിൽ മഹാമാരിയെ പ്രതിരോധിക്കാനുള്ള വാക്സിനുകൾ സൗജന്യമായി നൽകുക എന്നത് ഒരു നയമായി നമ്മുടെ രാജ്യം സ്വീകരിച്ചിരുന്നു. സംസ്ഥാനങ്ങൾ പ്രത്യേകമായി വാക്സിൻ വാങ്ങുന്നതിനു പകരം കേന്ദ്ര സർക്കാർ ആഗോള ടെണ്ടറിലൂടെ രാജ്യത്തിനാകെ വാക്സിൻ വാങ്ങാൻ നടപടിയെടുക്കണമെന്നും അതുവഴി ചെറുതല്ലാത്ത സാമ്പത്തിക ലാഭം രാജ്യത്തിനുണ്ടാകുമെന്നും പ്രമേയം ചൂണ്ടിക്കാട്ടി.

# നിയമസഭ രൂപീകരണവും പിരിച്ചുവിടലും

സംസ്ഥാനത്ത് നിയമസഭയിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള പൊതുതെരഞ്ഞെടുപ്പ് കഴിഞ്ഞ് ഫലം പുറത്തുവന്നതോടെ പതിനാലാം കേരള നിയമസഭ പിരിച്ചുവിട്ട് പതിനഞ്ചാം കേരള നിയമസഭ രൂപീകരിക്കുകയുണ്ടായി. ഈ പ്രക്രിയകൾക്കെല്ലാം അടിസ്ഥാനമായിട്ടുള്ള നിയമവ്യവസ്ഥകളും അനന്തര നടപടിക്രമങ്ങളും എന്തെല്ലാമെന്ന് പരിശോധിക്കാം.

## നിയമസഭയുടെ രൂപീകരണവും അതിന്റെ കാലാവധിയും

നിലവിലുള്ള ഒരു നിയമസഭയുടെ കാലാവധി സംബന്ധിച്ച് വ്യവസ്ഥ ചെയ്തിരിക്കുന്നത് ഭരണഘടനയുടെ അനുച്ഛേദം 172 ലാണ്. ഇതിൻപ്രകാരം ഓരോ സംസ്ഥാനത്തെയും നിയമസഭ അതിന്റെ ഒന്നാമത്തെ യോഗം ചേരുന്നതിന് നിശ്ചയിച്ചിട്ടുള്ള തീയതി മുതൽ അഞ്ചു വർഷത്തേക്ക് തുടരുന്നതും ഈ അഞ്ചു വർഷക്കാലാവധി അവസാനിക്കുന്നത് ആ സഭയുടെ ഒരു പിരിച്ചുവിടലായി തീരുന്നതും ആകുന്നു. അതായത് നിലവിലുള്ള ഒരു സഭയുടെ കാലാവധി സാധാരണയായി അഞ്ചു വർഷമാണ്. കാലാവധിയുടെ ആരംഭം സഭ രൂപീകരിച്ച തീയതിയല്ല, മറിച്ച് അതിന്റെ ഒന്നാമത്തെ യോഗം ചേർന്ന തീയതി മുതലാണ് കണക്കാക്കപ്പെടുന്നത് എന്നത് ശ്രദ്ധേയമാണ്. 1951 ലെ ജനപ്രാതിനിധ്യ ആക്ടിലെ സെക്ഷൻ 73 വിവക്ഷിക്കുന്ന നോട്ടിഫിക്കേഷൻ മുഖേനയാണ് സഭ രൂപീകരിക്കപ്പെടുന്നത്. സംസ്ഥാന നിയമസഭയിലേക്ക് നടക്കുന്ന പൊതുതെരഞ്ഞെടുപ്പിൽ മണ്ഡലാടിസ്ഥാനത്തിൽ വിജയിച്ചവരുടെ പേരുവിവരവും പാർട്ടി അഫിലിയേഷനും അടങ്ങിയതാണ് നോട്ടിഫിക്കേഷൻ. ഇത്തരത്തിൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു കഴിഞ്ഞാൽ പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ അടങ്ങിയ ഒരു നിയമസഭ രൂപീകരിക്കപ്പെട്ടിരിക്കുന്നതായി കണക്കാക്കേണ്ടതാണ് (deemed to be duly constituted) എന്ന് സെക്ഷൻ 73 വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ഇങ്ങനെ പുതിയ നിയമസഭ രൂപീകരിച്ചുകൊണ്ട് നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചാലും നിലവിലുള്ള നിയമസഭയുടെ കാലാവധിയെ അത് യാതൊരു തരത്തിലും ബാധിക്കുന്നതല്ല എന്ന് എടുത്തുപറയേണ്ടതാണ്. ഈ നോട്ടിഫിക്കേഷൻ തീയതി മുതലാണ് സഭ രൂപീകരിക്കപ്പെട്ടതായി കണക്കാക്കപ്പെടുന്നത്. (The Assembly is deemed to be duly constituted on issue of notification under section 73 and the duration thereof is distinct from its due constitution.)

## പതിനാലാം കേരള നിയമസഭ രൂപീകരണവും കാലാവധിയും

2016 ൽ നിയമസഭയിലേക്ക് നടന്ന പൊതുതെരഞ്ഞെടുപ്പിന് ശേഷം സെക്ഷൻ 73 അനുസരിച്ചുള്ള നോട്ടിഫിക്കേഷൻ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചത് 2016 മെയ് 20 ന് ആയിരുന്നു. അതിനാൽ പതിനാലാം കേരള നിയമസഭ രൂപീകൃതമായത് 2016 മെയ് 20 ന് ആണെന്ന് പറയാം. എന്നാൽ പതിനാലാം കേരള നിയമസഭ അതിന്റെ ഒന്നാമത്തെ യോഗം ചേർന്നത് 2016 ജൂൺ 2 ന് ആയിരുന്നു. ആയതിനാൽ തന്നെ അനുച്ഛേദം 172 പ്രകാരം പതിനാലാം കേരള നിയമസഭയുടെ കാലാവധി സാധാരണ നിലയിൽ 2021 ജൂൺ 1 വരെയാണ്.

## പൊതുതെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ

നിലവിലുള്ള നിയമസഭയുടെ കാലാവധി കഴിയുന്നതോടെയോ അല്ലെങ്കിൽ അത് പിരിച്ചുവിടപ്പെടുന്നതോടെയോ ഒരു പുതിയ നിയമസഭ രൂപീകരിക്കുന്നതിന് പൊതുതെരഞ്ഞെടുപ്പ് നടത്തണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നത് 1951 ലെ ജനപ്രാതിനിധ്യ നിയമത്തിലെ സെക്ഷൻ 15 (1) ലാണ്. ആയതിനുള്ള നടപടികൾ നിലവിലുള്ള നിയമസഭയുടെ കാലാവധി തീരുന്നതിന് മുമ്പ് തന്നെ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ ആരംഭിക്കുന്നതാണ്. കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിക്കുന്ന ദിവസം, സംസ്ഥാനത്തെ എല്ലാ നിയമസഭാ മണ്ഡലങ്ങളോടും സംസ്ഥാന നിയമസഭയിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു നോട്ടിഫിക്കേഷൻ ഗവർണർ പുറപ്പെടുവിക്കുന്നു. ജനപ്രാതിനിധ്യ നിയമത്തിലെ സെക്ഷൻ 15(2) പ്രകാരമാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിക്കുന്ന ദിവസം നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നത്. ഗവർണർ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചാലുടൻ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങളുടെ തീയതിയും സമയക്രമവും തെരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിക്കുന്നതും ആയത് നോട്ടിഫിക്കേഷനായി പുറപ്പെടുവിക്കുന്നതുമാണ്. നിയമസഭയിലേക്ക് അംഗങ്ങളെ തെരഞ്ഞെടുത്ത് അയയ്ക്കണമെന്ന് ആവശ്യപ്പെടാനുള്ള അധികാരം സംസ്ഥാന ഗവർണർക്കാണ്.



പതിനഞ്ചാം കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരുടെ വിശദാംശങ്ങൾ സംബന്ധിച്ച നോട്ടിഫിക്കേഷൻ ചീഫ് ഇലക്ടറൽ ഓഫീസർ ടിക്കാറാം മീണ ഗവർണ്ണർ ആരിഫ് മുഹമ്മദ് ഖാന് കൈമാറുന്നു

2021 ലെ പൊതുതെരഞ്ഞെടുപ്പ് സംബന്ധിച്ച് സെക്ഷൻ 15(2) പ്രകാരമുള്ള നോട്ടിഫിക്കേഷനുകൾ പുറപ്പെടുവിക്കപ്പെട്ടത് 2021 മാർച്ച് 12 ന് ആയിരുന്നു. കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ 464/KL-LA/2021 നമ്പറായുള്ള നോട്ടിഫിക്കേഷൻ പ്രകാരം 2021 മാർച്ച് 19 നാമനിർദ്ദേശപത്രിക സ്വീകരിക്കുന്നതിനുള്ള അവസാന തീയതിയായും, മാർച്ച് 20 സൂക്ഷ്മ പരിശോധന നടത്തുന്നതിനും, മാർച്ച് 22 നാമനിർദ്ദേശ പത്രിക പിൻവലിക്കുന്നതിനുള്ള അവസാന തീയതിയായും ഏപ്രിൽ 6 സംസ്ഥാനത്ത് വോട്ടെടുപ്പ് നടത്തുന്ന തീയതിയായും നിശ്ചയിക്കപ്പെട്ടു. തെരഞ്ഞെടുപ്പിന്റെ ഫലം 2021 മേയ് 2 ന് പ്രഖ്യാപിച്ചു.

## പതിനാലാം കേരള നിയമസഭയുടെ പിരിച്ചുവിടൽ

തെരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപനത്തെത്തുടർന്ന് നിലവിലുള്ള നിയമസഭ പിരിച്ചുവിടുന്നതിന് 2021 മേയ് 3 ന് ചേർന്ന മന്ത്രിസഭായോഗം തീരുമാനിക്കുകയും ഗവർണറോട് ഇക്കാര്യം ശിപാർശ ചെയ്യുകയും ചെയ്തിരുന്നു. മന്ത്രിസഭയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഭരണ ഘടനയുടെ അനുച്ഛേദം 174 (2) (ബി) പ്രകാരം ഗവർണർ പതിനാലാം കേരള നിയമസഭ 2021 മെയ് 3ാം തീയതി പ്രാബല്യത്തിൽ പിരിച്ചുവിട്ടു. ഇക്കാര്യം 3.5.2021 ലെ Pol.5/43(i)/2021 GAD നമ്പർ നോട്ടിഫിക്കേഷൻ മുഖേന പ്രസിദ്ധീകരിക്കപ്പെട്ടു.

## പതിനഞ്ചാം കേരള നിയമസഭയുടെ രൂപീകരണം

2021 മെയ് 2ന് എല്ലാ മണ്ഡലങ്ങളിലെയും തെരഞ്ഞെടുപ്പ് ഫലം പുറത്തുവന്നതിന് ശേഷം കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ 3.5.2021 തീയതിയായി 308/KL-LA/2021 നമ്പർ നോട്ടിഫിക്കേഷൻ മുഖേന 140 മണ്ഡലങ്ങളിൽ നിന്നും വിജയിച്ചവരുടെയും അവരുടെ പാർട്ടി അഫിലിയേഷൻ സംബന്ധിച്ചുമുള്ള വിവരങ്ങൾ പ്രസിദ്ധപ്പെടുത്തി (സെക്ഷൻ 73 പ്രകാരമുള്ള നോട്ടിഫിക്കേഷൻ) ഈ നോട്ടിഫിക്കേഷൻ പ്രകാരം പതിനഞ്ചാം കേരള നിയമസഭ 3.5.2021 ന് രൂപീകരിക്കപ്പെട്ടതായി കണക്കാക്കാവുന്നതാണ്. ഈ തീയതി മുതൽ സഭയിലെ അംഗങ്ങളുടെ അംഗത്വ കാലാവധി ആരംഭിക്കുന്നതാണ്. സഭാംഗങ്ങൾക്ക് അനുവദനീയമായ ആനുകൂല്യങ്ങൾ അന്ന് മുതൽ അവർക്ക് ലഭിച്ചുതുടങ്ങും. എന്നാൽ സഭാ നടപടികളിൽ പങ്കെടുക്കുന്നതിനും വോട്ടിംഗിനുമുള്ള അവകാശം അംഗമായി സത്യപ്രതിജ്ഞ ചെയ്ത ശേഷമേ ലഭിക്കുകയുള്ളൂ.

*തയ്യാറാക്കിയത് :*
*സജു എസ്., സെക്ഷൻ ഓഫീസർ.*

### പുതിയതായി രൂപീകൃതമാകുന്ന ഒരു നിയമസഭ, അതിന്റെ ആദ്യ സമ്മേളനം ചേരുന്നതിന് മുമ്പു തന്നെ അനുച്ഛേദം 174 (2) (b) അനുസരിച്ച് പിരിച്ചുവിടാൻ സാധ്യമാണോ ?

സാധ്യമാണെന്നാണ് രാമേശ്വരൻ പ്രസാദ് vs. യൂണിയൻ ഓഫ് ഇന്ത്യ (AIR 2006 SC 980) എന്ന പ്രശസ്തമായ വിധിന്യായത്തിൽ സുപ്രീം കോടതി നിരീക്ഷിച്ചത്. പൊതുതെരഞ്ഞെടുപ്പിന് ശേഷം ഗവൺമെന്റ് രൂപീകരിക്കാൻ ഒരു രാഷ്ട്രീയ കക്ഷിക്കോ രാഷ്ട്രീയ മുന്നണിക്കോ ഭൂരിപക്ഷം ലഭിക്കാത്ത സാഹചര്യത്തിൽ ആരും അവകാശം ഉന്നയിക്കാതെ വരുമ്പോൾ ഗവർണ്ണർക്ക് അനുച്ഛേദം 174 (2) (b) നൽകുന്ന അധികാരം വിനിയോഗിച്ച് ആ സഭ പിരിച്ചുവിടാവുന്നതാണ്. അനുച്ഛേദം 172 ൽ വിവക്ഷിക്കുന്ന ആദ്യ സമ്മേളനം (First Sitting) ചേർന്ന് അംഗങ്ങളുടെ സത്യപ്രതിജ്ഞ കഴിഞ്ഞാൽ മാത്രമേ സഭ നിലവിൽ വരികയുള്ളൂവെന്നും അതിനുശേഷം മാത്രമേ ഗവർണ്ണർക്ക് സഭ പിരിച്ചുവിടാൻ കഴിയുകയുള്ളൂവെന്ന വാദം കോടതി അംഗീകരിച്ചില്ല. ആർക്കും ഭൂരിപക്ഷമില്ലാത്ത അവസ്ഥയിൽ മന്ത്രിസഭ രൂപീകരിക്കപ്പെടാതെ വരുമെന്നും മന്ത്രിസഭയുടെ അഭാവത്തിൽ നിയമസഭ പിരിച്ചുവിടാനുള്ള ശിപാർശ ഗവർണ്ണർക്ക് ലഭിക്കില്ലെന്നും ഈ സാഹചര്യം ഭരണഘടനാ പ്രതിസന്ധിയിലേക്ക് കാര്യങ്ങളെ എത്തിക്കുമെന്നും കോടതി അഭിപ്രായപ്പെട്ടു. കൂടാതെ അനുച്ഛേദം 172 നിയമസഭയുടെ കാലാവധിയെപ്പറ്റി മാത്രമേ പറയുന്നുള്ളൂവെന്നും അതിനാൽ അനുച്ഛേദം 174 (2) (b) അതിനോട് കൂട്ടിവായിക്കേണ്ടതില്ലെന്നും കോടതി നിരീക്ഷിച്ചു.

arivoram july 2021.indd 9 12-07-2021 04:16:49 PM

# ജനാധിപത്യത്തിന്റെ കാവലാളായി നിയമസഭാ സമിതികൾ

ലേഖനം തുടർച്ച...



റ്റി.മനോഹരൻ നായർ,
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

## സഭയുടെ കാര്യങ്ങളുമായി ബന്ധപ്പെട്ട സമിതികൾ

### 1. കാര്യോപദേശക സമിതി

സഭയുടെ മുൻപിൽ വരുന്ന നിയമനിർമ്മാണ കാര്യങ്ങളുടെയും മറ്റു വിവിധ കാര്യങ്ങളുടെയും ചർച്ചയ്ക്ക് സമയം പങ്കുവയ്ക്കുന്നതിനുവേണ്ടി ഒരു സമിതി രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ലോക്സഭാ സ്പീക്കറായിരുന്ന ജി.വി.മൗലങ്കർ 1951 മാർച്ച് 28-ന് സഭാനേതാവായ പ്രധാനമന്ത്രിക്ക് എഴുതുകയുണ്ടായി. അദ്ദേഹംഈഅഭിപ്രായവുമായിയോജിച്ചു.അപ്രകാരമാണ് ലോക്സഭയിൽ കാര്യോപദേശക സമിതി രൂപംകൊണ്ടത്. ലോക്സഭയിൽ കാര്യോപദേശക സമിതി രൂപംകൊണ്ടതിനെത്തുടർന്ന് കേരള നിയമസഭയിലും കാര്യോപദേശകസമിതി രൂപീകരിക്കുകയുണ്ടായി.

ഈ സമിതിയിൽ ഒമ്പത് അംഗങ്ങളാണുള്ളത്; അദ്ധ്യക്ഷൻ സ്പീക്കർ ആണ്. സാധാരണയായി സഭാനേതാവ്, പ്രതിപക്ഷനേതാവ്, സഭയിലെ കക്ഷി നേതാക്കന്മാർ എന്നിവരാണ് കാര്യോപദേശക സമിതിയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്നത്. എല്ലാ കക്ഷി നേതാക്കന്മാരെയും ഈ സമിതിയുടെ അംഗങ്ങളായി നാമനിർദ്ദേശം ചെയ്യാൻ കഴിയാത്തപക്ഷം അവരെ പ്രത്യേക ക്ഷണിതാക്കളായി യോഗത്തിലേക്ക് ക്ഷണിക്കാറുണ്ട്. നിയമസഭാകക്ഷികളുടെ പ്രധാന ഭാരവാഹികളെയും പ്രത്യേക ക്ഷണിതാക്കളായി വിളിക്കാറുണ്ട്. പ്രത്യേക ക്ഷണിതാക്കൾക്ക് സമിതിയിൽ വോട്ടവകാശം ഉണ്ടായിരിക്കുകയില്ല. ക്വാറത്തിന്റെ കാര്യത്തിലും പ്രത്യേക ക്ഷണിതാക്കളെ കണക്കിലെടുക്കാറില്ല. ഈ സമിതിയുടെ കാലാവധി എത്രയെന്ന് ചട്ടങ്ങളിൽ പറയുന്നില്ല. സാധാരണയായി ധനകാര്യ സമിതികളുടെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ഈ സമിതിയുടെ കാലാവധി അവസാനിച്ചതായി പരിഗണിച്ച് അത് പുതുതായി രൂപീകരിക്കുന്നു.

### കർത്തവ്യങ്ങൾ

ഗവണ്മെന്റ് ബില്ലുകളുടെ പല ഘട്ടങ്ങളിലുള്ള ചർച്ചയുടെയും മറ്റു കാര്യങ്ങളുടെയും സമയപരിധി ശിപാർശ ചെയ്യുക എന്നതാണ് സമിതിയുടെ പ്രധാന കർത്തവ്യം. കീഴ്വഴക്കമനുസരിച്ച് നന്ദി പ്രമേയം, ബഡ്ജറ്റിന്മേലുള്ള പൊതുചർച്ച, ധനാഭ്യർത്ഥനകളുടെ ചർച്ച, ധനവിനിയോഗ ബില്ലിന്മേലുള്ള ചർച്ച എന്നിവയ്ക്ക് നീക്കിവയ്ക്കേണ്ട സമയം നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. അതിനാൽ ഇവയുടെ ചർച്ചയ്ക്കുള്ള സമയം കാര്യോപദേശക സമിതി ശിപാർശ ചെയ്യാറില്ല. അനൗദ്യോഗിക ബില്ലുകൾക്കും പ്രമേയങ്ങൾക്കും നീക്കിവയ്ക്കേണ്ട സമയം ശിപാർശ ചെയ്യുന്നത് അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയായതിനാൽ അക്കാര്യം കാര്യോപദേശക സമിതിയുടെ പരിധിയിൽ വരികയില്ല.

സഭയിൽ ചർച്ചക്ക് നോട്ടീസ് കിട്ടിയിട്ടുള്ള No Day Yet Named മോഷനുകളിൽ അഥവാ തീയതി നിശ്ചയിച്ചിട്ടില്ലാത്ത ഉപക്ഷേപങ്ങളിൽ ഏതെല്ലാം ചർച്ചയ്ക്കെടുക്കണമെന്നും അവയ്ക്ക് എത്ര സമയം നീക്കിവയ്ക്കണമെന്നും ഈ സമിതി ശിപാർശ ചെയ്യുന്നു. കാലേക്കൂട്ടി നിശ്ചയിച്ചിട്ടുള്ള സമ്മേളന ദിവസങ്ങളിൽ സഭ ചേരേണ്ടതില്ലെന്നോ കൂടുതൽ ദിവസം സഭയുടെ സമ്മേളനം ചേരണമെന്നോ ശിപാർശ ചെയ്യുന്നതും ഈ സമിതിയാണ്. അപരാഹ്ന സമ്മേളനം ചേരണമെന്നോ സഭയുടെ യോഗം നിശ്ചിത സമയപരിധിക്കും അതീതമായി വർദ്ധിപ്പിക്കണമെന്നോ ചോദ്യോത്തരവേള വേണ്ടെന്നുവയ്ക്കണമെന്നോ ശിപാർശ ചെയ്യുന്നതും കാര്യോപദേശക സമിതിയാണ്.

കാര്യോപദേശക സമിതി യോഗത്തിന്റെ അദ്ധ്യക്ഷനായ സ്പീക്കർ അംഗീകരിച്ച പ്രകാരമുള്ള റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നു. സാധാരണയായി മുഖ്യമന്ത്രിയാണ് റിപ്പോർട്ട് സമർപ്പിക്കുന്നത്. റിപ്പോർട്ട് സമർപ്പിച്ചശേഷം സഭ റിപ്പോർട്ടുമായി യോജിക്കുന്നുവെന്നോ ഭേദഗതിയോടെ യോജിക്കുന്നുവെന്നോ സഭ റിപ്പോർട്ടുമായി വിയോജിക്കുന്നുവെന്നോ ഉള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്. സാധാരണയായി റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയമാണ് അവതരിപ്പിക്കാറുള്ളത്. മിക്കവാറും ഈ പ്രമേയം പാസ്സാക്കുകയാണ് പതിവ്. എന്നാൽ ഈ ഘട്ടത്തിൽ സമയപരിധി നിശ്ചയിക്കാതെയോ ഏതെങ്കിലും പ്രത്യേക കാര്യം സംബന്ധിച്ച പരാമർശത്തോടെയോ റിപ്പോർട്ട് സമിതിക്ക് തിരിച്ചയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കാവുന്നതാണ്. വളരെ ചുരുക്കമായി മാത്രമേ കാര്യോപദേശക സമിതി റിപ്പോർട്ടിന് ഭേദഗതി അവതരിപ്പിക്കാറുള്ളൂ. അവതരിപ്പിക്കപ്പെടുന്ന ഭേദഗതികൾ സഭ തള്ളുകയും റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്യും. കാര്യോപദേശക സമിതി റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയത്തിന്മേൽ അരമണിക്കൂറിൽ കൂടുതൽ ചർച്ച അനുവദിക്കരുതെന്ന് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

റിപ്പോർട്ട് അവതരിപ്പിക്കുന്ന അന്നുതന്നെയാണ് അത് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നത്. അതുകൊണ്ട് റിപ്പോർട്ടിന്റെ ഉള്ളടക്കം എന്തെന്ന് അറിയുന്നതിനായി റിപ്പോർട്ട് സമർപ്പിക്കുന്നതിനു മുമ്പായി അതിന്റെ കോപ്പി അംഗങ്ങൾക്ക് നൽകാറുണ്ട്. റിപ്പോർട്ട് അംഗീകരിക്കുന്നതോടുകൂടി ബില്ലിനും മറ്റ് കാര്യങ്ങൾക്കുമായി പങ്കുവച്ചിട്ടുള്ള സമയപരിധി സഭയുടെ ഉത്തരവെന്നപോലെ നടപ്പിലാകുന്നു. അംഗീകരിച്ച റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള സമയം അവസാനിപ്പിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട കാര്യമോ ബാക്കിയുള്ള കാര്യങ്ങളോ സഭയുടെ തീരുമാനത്തിനുവയ്ക്കാൻ സ്പീക്കർക്ക് അധികാരമുണ്ടെങ്കിലും ഒരു ഉപക്ഷേപത്തിന്റെ അടിസ്ഥാനത്തിലോ സഭയുടെ അഭിപ്രായത്തിന്റെ വെളിച്ചത്തിലോ ചർച്ചയ്ക്കുള്ള സമയം നീട്ടിക്കൊടുക്കുകയാണ് പതിവ്.

### 2) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതി

സഭയുടെ വെള്ളിയാഴ്ച ദിവസങ്ങളിൽ നടത്തുന്ന യോഗങ്ങളുടെ അവസാനത്തെ രണ്ടര മണിക്കൂർ അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിനായി നീക്കിവയ്ക്കണമെന്ന് നിയമസഭാ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വ്യത്യസ്ത വിഭാഗത്തിൽപ്പെടുന്ന അനൗദ്യോഗിക കാര്യത്തിനുവേണ്ടി വ്യത്യസ്ത വെള്ളിയാഴ്ച ദിവസങ്ങൾ നീക്കിവയ്ക്കുവാൻ സ്പീക്കർക്ക് അധികാരം നൽകിയിട്ടുണ്ട്. സഭാ നേതാവും പ്രതിപക്ഷനേതാവുമായി ആലോചിച്ച് വെള്ളിയാഴ്ചയല്ലാത്ത മറ്റേതെങ്കിലും ഒരു ദിവസം അനൗദ്യോഗിക കാര്യങ്ങൾ നടത്തുവാനുള്ള അധികാരവും സ്പീക്കർക്കുണ്ട്. സഭയുടെ ഏതെങ്കിലും ഒരു സമ്മേളനത്തിൽ വെള്ളിയാഴ്ച ഉൾപ്പെടാത്തപക്ഷം ആ സമ്മേളനത്തിലെ മറ്റേതെങ്കിലും ദിവസം രണ്ടര മണിക്കൂർ സമയം അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിന് നീക്കിവയ്ക്കാനുള്ള അധികാരവും സ്പീക്കർക്കുണ്ട്. ഇപ്രകാരം അനൗദ്യോഗികാംഗങ്ങളുടെ താൽപര്യം സംരക്ഷിക്കുവാൻ ചട്ടങ്ങൾ പ്രത്യേക ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്.

മന്ത്രിയൊഴിച്ചുള്ള മറ്റേതെങ്കിലും അംഗം എന്നാണ് അനൗദ്യോഗികാംഗത്തിന് ചട്ടങ്ങളിൽ നൽകിയിട്ടുള്ള നിർവചനം. വെള്ളിയാഴ്ച നടക്കുന്ന അനൗദ്യോഗികാംഗകാര്യം അംഗങ്ങൾ നോട്ടീസ് നൽകുന്ന അനൗദ്യോഗിക പ്രമേയങ്ങളുടെയും ബില്ലുകളുടെയും ചർച്ചയാണ്. അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തോട് അനുബന്ധിച്ചുള്ളതോ ആനുഷംഗികമായതോ ആയ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനു വേണ്ടിയുള്ളതാണ് അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതി.

ലോക്സഭയിൽ നോട്ടീസ് നൽകുന്ന അനൗദ്യോഗിക ബില്ലുകൾ പരിശോധിക്കുന്നതിനായി അനൗദ്യോഗിക ബിൽ സംബന്ധിച്ച സമിതി രൂപീകരിക്കണമെന്ന നിർദ്ദേശം 1953 മാർച്ച് 13 ന് ലോക്സഭയിലുണ്ടായി. അതനുസരിച്ച് ലോക്സഭയുടെ ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് പ്രകാരം 1953 ഡിസംബർ 1 ാം തീയതി ആദ്യമായി ലോക്സഭയിൽ അനൗദ്യോഗിക ബില്ലുകൾക്കുള്ള സമിതി രൂപീകരിച്ചു. പിന്നീട് ഈ സമിതിയുടെ അധികാരം വർദ്ധിപ്പിക്കുകയും അനൗദ്യോഗിക പ്രമേയങ്ങൾ കൂടി അതിന്റെ പരിധിയിൽ കൊണ്ടുവരികയും ചെയ്തു. ലോക്സഭയിൽ അനൗദ്യോഗിക പ്രമേയങ്ങൾക്കും ബില്ലുകൾക്കും വേണ്ടി സമിതി രൂപീകരിച്ചതിനെത്തുടർന്ന് കേരള നിയമസഭയിലും അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതി രൂപീകരിക്കപ്പെട്ടു.

സമിതിയിൽ ഏഴ് അംഗങ്ങളാണുള്ളത്. സമിതി അദ്ധ്യക്ഷനെ സ്പീക്കർ നിയോഗിക്കുന്നു. സമിതിയോഗങ്ങളിൽ ബില്ലിനോ പ്രമേയത്തിനോ നോട്ടീസ് നൽകിയവരേയും സംബന്ധിപ്പിക്കാറുണ്ട്. ഒരു സഭ രൂപീകരിച്ചശേഷമുള്ള സമ്മേളനത്തിന്റെ പ്രാരംഭത്തിലാണ് ഈ സമിതി രൂപീകരിക്കുന്നത്. ഇതിന്റെ കാലാവധി എത്രയെന്ന് ചട്ടങ്ങളിൽ പറയുന്നില്ല. എന്നിരുന്നാലും ധനകാര്യ സമിതികളുടെ കാലാവധി അവസാനിച്ച് അവ വീണ്ടും രൂപീകരിക്കുമ്പോൾ അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയും വീണ്ടും രൂപീകരിക്കുകയാണ് ചെയ്യാറുള്ളത്.

### കർത്തവ്യങ്ങൾ

അനൗദ്യോഗിക ബില്ലുകൾ സഭയിൽ അവതരിപ്പിച്ചതിനുശേഷവും അവ പരിഗണനയ്ക്കെടുക്കുന്നതിനുമുമ്പായി അവയുടെ സ്വഭാവം, അത്യാവശ്യം, പ്രാധാന്യം എന്നിവ മുൻനിർത്തി അവയെ തരം തിരിക്കുക, അനൗദ്യോഗിക ബില്ലിന്റെ വിവിധ ഘട്ടങ്ങളുടെയും അനൗദ്യോഗിക പ്രമേയങ്ങളുടെയും ചർച്ചയ്ക്ക് സമയപരിധി ശിപാർശ ചെയ്യുക, ബിൽ നിയമസഭയുടെ നിയമനിർമ്മാണാധികാരത്തിന് അതീതമാണെന്ന് പറഞ്ഞ് എതിർക്കപ്പെടുകയും എതിർപ്പ് പ്രഥമദൃഷ്ട്യാ നിലനിൽക്കുന്നതാണെന്ന് സ്പീക്കർക്ക് തോന്നുകയും ചെയ്യുമ്പോൾ അത് പരിശോധിക്കുക, അനൗദ്യോഗിക പ്രമേയങ്ങളുടെയും ബില്ലുകളുടെയും ചർച്ചയ്ക്കുള്ള സമയം ശിപാർശ ചെയ്യുക, കാലാകാലങ്ങളിൽ സഭ പാസ്സാക്കുന്ന പ്രമേയങ്ങൾ നടപ്പാക്കിയോ എന്നും അവ നടപ്പാക്കിയെങ്കിൽ അതിനാവശ്യമായ ചുരുങ്ങിയ സമയത്തിനുള്ളിലാണോ നടപ്പാക്കിയതെന്നും പരിശോധിക്കുക, അനൗദ്യോഗിക ബില്ലിന്റെയും പ്രമേയത്തിന്റെയും ചർച്ചാ വേളയിൽ മന്ത്രിമാർ സഭാതലത്തിൽ നൽകുന്ന ഉറപ്പുകളും വാഗ്ദാനങ്ങളും നടപ്പാക്കിയോ എന്നും നടപ്പാക്കിയെങ്കിൽ അത് ഏറ്റവും ചുരുങ്ങിയ കാലത്തിനുള്ളിലായിരുന്നുവോ എന്ന് പരിശോധിക്കുക എന്നിവ സമിതിയുടെ കർത്തവ്യങ്ങളിൽപ്പെടുന്നു. ഇത്തരം കാര്യങ്ങൾ പരിഗണിക്കുന്നതിനുള്ള അധികാരം സമിതിക്ക് കിട്ടിയത് 1986 മുതലാണ്. ഇന്ത്യൻ പാർലമെന്റിലോ മറ്റ് സംസ്ഥാന നിയമസഭകളിലോ നിലവിലുള്ള സമാന കമ്മിറ്റിക്ക് അത്തരത്തിലുള്ള അധികാരം ഇതുവരെ കിട്ടിയിട്ടില്ല.

സമിതി രണ്ടുവിധത്തിലുള്ള റിപ്പോർട്ടുകളാണ് ഇപ്പോൾ സമർപ്പിക്കാറുള്ളത്. അനൗദ്യോഗിക പ്രമേയങ്ങളുടെയും ബില്ലുകളുടെയും ചർച്ചയ്ക്കുള്ള സമയപരിധി ശിപാർശ ചെയ്തുകൊണ്ടുള്ളതാണ് ആദ്യഗണത്തിൽപ്പെടുന്ന റിപ്പോർട്ടുകൾ. ഇവ സാധാരണയായി വ്യാഴാഴ്ച ദിവസങ്ങളിലാണ് സമർപ്പിക്കുന്നത്. പ്രസ്തുത റിപ്പോർട്ടുമായി സഭ യോജിക്കുന്നുവെന്നോ ഭേദഗതിയോടുകൂടി യോജിക്കുന്നുവെന്നോ റിപ്പോർട്ടിനോട് സഭ വിയോജിക്കുന്നുവെന്നോ ഉള്ള പ്രമേയമാണ് ചട്ടപ്രകാരം അനൗദ്യോഗികാംഗങ്ങളുടെ കാര്യം തുടങ്ങുന്നതിനുമുമ്പ് അവതരിപ്പിക്കേണ്ടത്. എന്നാൽ ഇതുവരെ റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം സമിതിയുടെ അദ്ധ്യക്ഷൻ അവതരിപ്പിക്കുകയും അത് സഭ അംഗീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. റിപ്പോർട്ട് അംഗീകരിക്കുമ്പോൾ അതിൽ പറഞ്ഞിട്ടുള്ള സമയപരിധി സഭയുടെ ഉത്തരവെന്ന നിലയിൽ ബാധകമാകുന്നതാണ്.

അനൗദ്യോഗിക പ്രമേയം നടപ്പാക്കിയത് സംബന്ധിച്ചോ പ്രമേയങ്ങളുടെയും ബില്ലുകളുടെയും ചർച്ചാവേളയിൽ മന്ത്രിമാർ സഭാതലത്തിൽ നൽകുന്ന ഉറപ്പുകളെയും വാഗ്ദാനങ്ങളെയും സംബന്ധിച്ച പരിശോധനയെപ്പറ്റിയുള്ളതാണ് സമിതിയുടെ രണ്ടാമത് ഗണത്തിൽ വരുന്ന റിപ്പോർട്ടുകൾ. ഇത്തരം റിപ്പോർട്ടുകളിലെ ശിപാർശകൾക്ക് സഭ നിർവ്വഹിക്കേണ്ട കാര്യങ്ങളുമായി യാതൊരു ബന്ധവും ഉണ്ടായിരിക്കുകയില്ല. ആയതിനാൽ ആ ഗണത്തിൽപ്പെടുന്ന റിപ്പോർട്ടുകൾ സഭ അംഗീകരിക്കേണ്ടതില്ല. പത്താം കേരള നിയമസഭയുടെ കാലം മുതൽ ഒന്നിടവിട്ടുള്ള വെള്ളിയാഴ്ചകളിൽ അനൗദ്യോഗിക പ്രമേയങ്ങളും അനൗദ്യോഗിക ബില്ലും മാത്രം ചർച്ച ചെയ്യുന്ന നടപടിക്രമം നിലവിൽ വന്നു. ഇതിനുവേണ്ടി സ്പീക്കർ ഒരു ഡയറക്ഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.

(തുടരും........)

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ

# രണ്ടാം വരവിൽ ചരിത്രം സൃഷ്ടിച്ച് പിണറായി വിജയൻ മന്ത്രിസഭ




പതിനേഴ് പുതുമുഖങ്ങളെ ഉൾപ്പെടുത്തി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ 2021 മേയ് 20ന് അധികാരമേറ്റു. സെൻട്രൽ സ്റ്റേഡിയത്തിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ മുഖ്യമന്ത്രിയുൾപ്പെടെ ഇരുപത്തിയൊന്ന് കാബിനറ്റ് മന്ത്രിമാർ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ഇവരിൽ സി.പി.ഐ. (എം) ന് പന്ത്രണ്ട് പേരും സി.പി.ഐക്ക് നാല് പേരും, കേരളകോൺഗ്രസ് (എം), എൻ.സി.പി., ജനതാദൾ (എസ്), ഐ.എൻ.എൽ., ജനാധിപത്യ കേരള കോൺഗ്രസ് എന്നീ പാർട്ടികൾക്ക് ഓരോ മന്ത്രിമാരുമാണുള്ളത്.

## മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും ചുമതല വഹിക്കുന്ന വിഷയങ്ങൾ

### പിണറായി വിജയൻ, മുഖ്യമന്ത്രി

പൊതുഭരണം, അഖിലേന്ത്യാ സർവ്വീസുകൾ, ആസൂത്രണവും സാമ്പത്തിക കാര്യവും, ശാസ്ത്രം, സാങ്കേതിക ശാസ്ത്രം, പരിസ്ഥിതി, മലിനീകരണ നിയന്ത്രണം, സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ടുകൾ, പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ്, തെരഞ്ഞെടുപ്പ്, ഇന്റഗ്രേഷൻ, ഇൻഫർമേഷൻ ടെക്നോളജി, സൈനികക്ഷേമം, ദുരിതാശ്വാസം, സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി, എയർപോർട്ടുകൾ, മെട്രോ റെയിൽ, അന്തർസംസ്ഥാന നദീജലം, കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്, ആഭ്യന്തരം, വിജിലൻസ്, നോർക്ക, അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആന്റ് ക്രിമിനൽ ജസ്റ്റിസ്, അഗ്നിശമനം, ജയിലുകൾ, അച്ചടിയും സ്റ്റേഷനറിയും, ന്യൂനപക്ഷക്ഷേമം, ഐ.റ്റി. സൈനികക്ഷേമം എന്നീ വിഷയങ്ങളും നയപരമായി പ്രധാനപ്പെട്ട എല്ലാ വിഷയങ്ങളും, മറ്റെങ്ങും പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങളും മുഖ്യമന്ത്രിയുടെ ചുമതലയിലാണ്. ഭരണ തുടർച്ച നേടിയ പിണറായി വിജയൻ കൂത്തുപറമ്പ് നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ച് നാല്, അഞ്ച്, ഒൻപത് നിയമസഭകളിലും പയ്യന്നൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് പത്താം കേരള നിയമസഭയിലും ധർമ്മടം മണ്ഡലത്തെ പ്രതിനിധീകരിച്ച് പതിനാല്, പതിനഞ്ച് നിയമസഭകളിലും അംഗമായിട്ടുണ്ട്. 1996-98 കാലയളവിൽ ഇ.കെ.നായനാർ മന്ത്രിസഭയിൽ വൈദ്യുതി, സഹകരണ വകുപ്പ് മന്ത്രിയായിരുന്നു.

### വി.അബ്ദുറഹിമാൻ (കായികവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

കായികം, വഖഫും ഹജ്ജ് തീർത്ഥാടനവും, കമ്പിത്തപാൽ, റെയിൽവേ എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. പതിനാലാം കേരള നിയമസഭയിലും താനൂർ മണ്ഡലത്തെ പ്രതിനിധാനം ചെയ്ത് നിയമസഭാംഗമായി.

### അഹമ്മദ് ദേവർ കോവിൽ (തുറമുഖവും മ്യൂസിയവും വകുപ്പ് മന്ത്രി)

തുറമുഖം, കാഴ്ചബംഗ്ലാവുകൾ, പുരാവസ്തു, പുരാരേഖ എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. അഹമ്മദ് ദേവർ കോവിൽ ആദ്യമായാണ് നിയമസഭാംഗമാകുന്നത്.

### ജി.ആർ.അനിൽ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

ഭക്ഷ്യവും സിവിൽ സപ്ലൈസും, ഉപഭോക്തൃകാര്യം, ലീഗൽ മെട്രോളജി എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. ആദ്യമായാണ് നിയമസഭാംഗമാകുന്നത്.

### ആന്റണി രാജു (ഗതാഗത വകുപ്പ് മന്ത്രി)

റോഡ് ഗതാഗതം, മോട്ടോർ വാഹനങ്ങൾ, ജലഗതാഗതം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. പത്താം കേരള നിയമസഭയിൽ തിരുവനന്തപുരം വെസ്റ്റ് മണ്ഡലത്തിന്റെ പ്രതിനിധിയായിരുന്നു.

### കെ.എൻ.ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)

ധനകാര്യം, നാഷണൽ സേവിങ്ങ്സ്, സ്റ്റോർ പർച്ചേസ്, വാണിജ്യ നികുതി, കാർഷികാദായ നികുതി, ട്രഷറികൾ, ലോട്ടറി, സ്റ്റേറ്റ് ഓഡിറ്റ്, കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്, സ്റ്റേറ്റ് ഇൻഷ്വറൻസ്, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, സ്റ്റാമ്പ് ആന്റ് സ്റ്റാമ്പ് ഡ്യൂട്ടി എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. 2010 മുതൽ 2016 വരെ രാജ്യസഭാംഗമായിരുന്നു. ആദ്യമായാണ് നിയമസഭാംഗമാകുന്നത്.

### ആർ.ബിന്ദു (ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

കോളേജ് വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, സർവ്വകലാശാലകൾ (കാർഷിക, വെറ്ററിനറി, ഫിഷറീസ്, മെഡിക്കൽ, ഡിജിറ്റൽ സർവ്വകലാശാലകൾ ഒഴികെ) പ്രവേശന പരീക്ഷകൾ, എൻ.സി.സി., അസാപ് (ASAP) സാമൂഹ്യനീതി എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. ആദ്യമായാണ് നിയമസഭാംഗമാകുന്നത്. തൃശ്ശൂർ മേയർ ആയിരുന്നു.

### ജെ. ചിഞ്ചുറാണി (മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ് മന്ത്രി)

മൃഗസംരക്ഷണം, ക്ഷീരവികസനം, ക്ഷീര സഹകരണ സ്ഥാപനങ്ങൾ, മൃഗശാലകൾ, വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാല എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. നിയമസഭയിൽ പുതുമുഖമാണ്.

### എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണവും എക്സൈസും വകുപ്പ് മന്ത്രി)

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും, ഗ്രാമവികസനം, ടൗൺപ്ലാനിംഗ്, പ്രാദേശിക വികസന അതോറിറ്റികൾ, കില, എക്സൈസ് എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. പത്താം കേരള നിയമസഭയിലും പതിനൊന്നാം കേരള നിയമസഭയിലും അംഗമായിരുന്നു.

### കെ.കൃഷ്ണൻകുട്ടി (ഊർജ്ജ വകുപ്പ് മന്ത്രി)

വിദ്യുച്ഛക്തി, അനെർട്ട് എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. ആറ്, ഏഴ്, ഒൻപത്, പതിനാല് നിയമസഭകളിൽ ചിറ്റൂർ മണ്ഡലത്തെ പ്രതിനിധീകരിച്ചു. പതിനാലാം കേരള നിയമസഭയിൽ ജലവിഭവ വകുപ്പ് മന്ത്രിയായിരുന്നു.

### പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

പൊതുമരാമത്ത്, വിനോദസഞ്ചാരം എന്നീ വകുപ്പുകളുടെ ചുമതല വഹിക്കുന്നു. നിയമസഭയിൽ നവാഗതനാണ്.

### പി.പ്രസാദ് (കൃഷി വകുപ്പ് മന്ത്രി)

കൃഷി, സോയിൽ സർവ്വേയും സോയിൽ കൺസർവേഷനും, കാർഷിക സർവ്വകലാശാല, വെയർ ഹൗസിംഗ് കോർപ്പറേഷൻ എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. ആദ്യമായാണ് നിയമസഭയിൽ എത്തുന്നത്.

### കെ.രാധാകൃഷ്ണൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസനവും ദേവസ്വവും വകുപ്പ് മന്ത്രി)

പട്ടികജാതിക്ഷേമം, പട്ടികവർഗ്ഗക്ഷേമം പിന്നാക്കസമുദായക്ഷേമം, ദേവസ്വം, പാർലമെന്ററി കാര്യം എന്നീ വിഷയങ്ങൾ കൈകാര്യംചെയ്യുന്നു. ചേലക്കര നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് പത്ത്, പതിനൊന്ന്, പന്ത്രണ്ട്, പതിമൂന്ന് നിയമ സഭകളിൽ അംഗമായിരുന്നു. 2006 മുതൽ 2011 വരെ പന്ത്രണ്ടാം കേരള നിയമസഭയുടെ സ്പീക്കറായിരുന്നു.

### കെ.രാജൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

ലാന്റ് റവന്യൂ, സർവ്വേയും ലാന്റ് റെക്കോർഡ്സും, ലാന്റ് റിഫോംസ്, ഭവന നിർമ്മാണം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. പതിനാലാം കേരള നിയമസഭയിൽ ചീഫ് വിപ്പായിരുന്നു.

### പി.രാജീവ് (വ്യവസായവും നിയമവും വകുപ്പ് മന്ത്രി)

നിയമം, വ്യവസായം (സഹകരണ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെ) വാണിജ്യം, മൈനിംഗ് ആന്റ് ജിയോളജി, ടെക്സ്റ്റയിൽസ്, ഖാദിയും വില്ലേജ് ഇൻഡസ്ട്രീസും, കയർ, കശുവണ്ടി വ്യവസായം, പ്ലാന്റേഷൻ ഡയറക്ടറേറ്റ് എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. നിയമസഭയിൽ ആദ്യമാണ്. 2009 മുതൽ 2015 വരെ രാജ്യസഭാംഗവും, രാജ്യസഭയുടെ അഷ്വറൻസ് കമ്മിറ്റി ചെയർമാനും പാനൽ ഓഫ് ചെയർമാനുമായിരുന്നു.

### റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)

ജലസേചനം, കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി, ഭൂജലവകുപ്പ്, ശുദ്ധജലവിതരണവും ശുചീകരണവും എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. പതിനൊന്ന്, പന്ത്രണ്ട്, പതിമൂന്ന്, പതിനാല് നിയമസഭകളിൽ ഇടുക്കി മണ്ഡലത്തെ നിയമസഭയിൽ പ്രതിനിധീകരിച്ചു.

### സജി ചെറിയാൻ (മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

മത്സ്യബന്ധനം, ഹാർബർ എഞ്ചിനീയറിംഗ്, ഫിഷറീസ് സർവ്വകലാശാല, സാംസ്കാരികം, കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള ചലച്ചിത്ര അക്കാദമി, കേരളസംസ്ഥാനസാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്, യുവജനകാര്യം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. 2018 മേയ് മാസം നടന്ന ഉപതെരഞ്ഞെടുപ്പിലൂടെ ചെങ്ങന്നൂർ മണ്ഡലത്തിൽ നിന്നും വിജയിച്ച് പതിനാലാം കേരള നിയമസഭാംഗമായി.

### എ.കെ.ശശീന്ദ്രൻ (വനം വന്യജീവി വകുപ്പ് മന്ത്രി)

വനം, വന്യജീവി സംരക്ഷണം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. ആറാം കേരള നിയമസഭയിൽ പെരിങ്ങളം മണ്ഡലത്തേയും ഏഴാം കേരള നിയമസഭയിൽ എടക്കാട് മണ്ഡലത്തേയും പന്ത്രണ്ടാം കേരള നിയമസഭയിൽ ബാലുശ്ശേരി മണ്ഡലത്തേയും പതിമൂന്ന്, പതിനാല് നിയമസഭകളിൽ ഏലത്തൂർ മണ്ഡലത്തേയും നിയമസഭയിൽ പ്രതിനിധീകരിച്ചു. പതിനാലാം കേരള നിയമസഭയിൽ ഗതാഗത വകുപ്പ് മന്ത്രിയായിരുന്നു.

### വി.ശിവൻകുട്ടി (പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി)

പൊതുവിദ്യാഭ്യാസം, തൊഴിൽ, സാക്ഷരതാ മിഷൻ, തൊഴിലും പരിശീലനവും, നൈപുണ്യവും പുനരധിവാസവും, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്, ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽസ്, ലേബർ കോടതികൾ എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. പന്ത്രണ്ടാം കേരള നിയമസഭയിൽ തിരുവനന്തപുരം ഈസ്റ്റ് മണ്ഡലത്തെയും പതിമൂന്നാം കേരള നിയമസഭയിൽ നേമം മണ്ഡലത്തേയും പ്രതിനിധീകരിച്ചു.

### വി.എൻ.വാസവൻ (സഹകരണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

സഹകരണം, രജിസ്ട്രേഷൻ വകുപ്പുകളുടെ ചുമതല വഹിക്കുന്നു. പന്ത്രണ്ടാം കേരള നിയമസഭയിൽ കോട്ടയം മണ്ഡലത്തെ പ്രതിനിധീകരിച്ചിരുന്നു.

### വീണാ ജോർജ്ജ് (ആരോഗ്യവും വനിതാ ശിശുവികസനവും വകുപ്പ് മന്ത്രി)

ആരോഗ്യം, കുടുംബക്ഷേമം, മെഡിക്കൽ വിദ്യാഭ്യാസം, മെഡിക്കൽ സർവ്വകലാശാല, ഇൻഡിജീനസ് മെഡിസിൻ, ആയുഷ്, ഡ്രഗ്സ് കൺട്രോൾ, വനിത ശിശുവികസനം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. പതിനാലാം കേരള നിയമസഭയിൽ ആറന്മുളയിൽ നിന്നുള്ള നിയമസഭാംഗമായിരുന്നു.

arivoram july 2021.indd 11 12-07-2021 04:16:52 PM



# പുതുതായി തെരഞ്ഞെടുക്കപ്പെട്ട രാജ്യസഭാംഗങ്ങൾ സംസാരിക്കുന്നു

ഇന്ത്യൻ പാർലമെന്റിന്റെ ഉപരിമണ്ഡലമായ രാജ്യസഭയിലേക്ക് കേരളത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട പി.വി. അബ്ദുൾ വഹാബ്, ജോൺ ബ്രിട്ടാസ്, ഡോ. വി. ശിവദാസൻ എന്നിവരുമായി പ്രശസ്തമാധ്യമ പ്രവർത്തകൻ ജേക്കബ് ജോർജ് സഭാ ടി.വി.ക്കു വേണ്ടി നടത്തിയ അഭിമുഖത്തിന്റെ പ്രസക്ത ഭാഗങ്ങൾ.

ചോദ്യം: രണ്ടു തവണ രാജ്യസഭാംഗമായിരുന്ന താങ്കൾ കഴിഞ്ഞ രാജ്യസഭാ കാലയളവിന്റെ അവസാന ദിവസം യാത്രയയപ്പ് വേളയിൽ സഭയിൽ നടത്തിയ പ്രസംഗത്തിൽ 'എനിക്ക് വീണ്ടും രാജ്യസഭയിലേക്ക് വരണമെന്നുണ്ട്, പക്ഷേ രാജ്യസഭ ഇനി ഉണ്ടാകുമോ എന്നാണ് സംശയം' എന്ന് പരാമർശിക്കുകയുണ്ടായി. എന്തുകൊണ്ടാണ് താങ്കൾ അത്തരത്തിൽ ഒരു പരാമർശം സഭയിൽ നടത്തിയത്?

പി.വി.അബ്ദുൾ വഹാബ് : ആ പ്രസംഗം നടത്തിയതിന്റെ തലേ ദിവസം ഞാൻ പാർലമെന്റ് നടപടികളിൽ പങ്കെടുക്കവേ ഒരു മണിക്കൂർ കൊണ്ടാണ് ഡൽഹി സ്റ്റേറ്റിന്റെ 'സ്റ്റേറ്റ് ഹുഡ്' ഇല്ലാതായത്. അതുപോലെ, ദിവസങ്ങൾ കൊണ്ടാണ് കാശ്മീർ ലെജിസ്ലേറ്റീവ് അസംബ്ലി ഇല്ലാതാക്കിയത്. അതായത്, മണിക്കൂറുകൾക്കുള്ളിൽ നിയമം കൊണ്ടുവരുവാനും ഇന്ത്യൻ ഭരണഘടനയെ തന്നെ മാറ്റാനും ധൈര്യപ്പെടുന്ന ഒരു സംഘം ആളുകൾ പാർലമെന്റിൽ ഇപ്പോൾ ഉണ്ട് എന്ന വസ്തുതയെ ഓർമ്മിപ്പിക്കുവാൻ വേണ്ടിയാണ് അത്തരം ഒരു പരാമർശം ഞാൻ നടത്തിയത്.

ചോദ്യം: ഇന്ത്യൻ പാർലമെന്റിലെ നിലവിലെ രാഷ്ട്രീയ സാഹചര്യത്തിൽ ഇടതുപക്ഷത്തിന്റെ അല്ലെങ്കിൽ സി.പി.ഐ.(എം) മുന്നോട്ടു വയ്ക്കുന്ന അജണ്ടയുടെ പ്രസക്തി എന്താണ്?

ജോൺ ബ്രിട്ടാസ്: എല്ലാ ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂഷനുകളെയും ജനാധിപത്യ സംവിധാനങ്ങളെയും തകർക്കുന്ന ഒരു പ്രത്യയശാസ്ത്ര രാഷ്ട്രീയ സാഹചര്യമാണ് രാജ്യത്ത് ഇന്ന് നിലവിലുള്ളത്. അതുകൊണ്ട്, ഈ സംവിധാനങ്ങളുടെ പ്രസക്തി നഷ്ടപ്പെടുമ്പോൾതന്നെ, ഈ സംവിധാനങ്ങളുടെ പ്രസക്തി ഊട്ടി ഉറപ്പിക്കാൻ ഇടതുപക്ഷത്തിന്റെ സാന്നിധ്യം ഇത്തരത്തിലുള്ള ജനാധിപത്യവേദികളിൽ അനിവാര്യമായിരിക്കുകയാണ്. അതിനായി മുൻപുണ്ടായിരുന്നതിനേക്കാൾ കൂടുതൽ കരുത്തോടെയും ആർജ്ജവത്തോടെയും ധീരതയോടെയും ഇടതുപക്ഷം പോരാടേണ്ടതുണ്ട്. ഇവിടെ ഇടതുപക്ഷത്തിന്റെ വലിപ്പമല്ല പ്രധാനം മറിച്ച്, ഇടതുപക്ഷത്തിന്റെ തീഷ്ണതയാണ് പ്രധാനം, ശബ്ദമാണ് പ്രധാനം, ലക്ഷ്യമാണ് പ്രധാനം. അതുകൊണ്ടുതന്നെ, നിരവധി പ്രതിസന്ധികൾ ഉണ്ടെങ്കിൽ പോലും ഇടതുപക്ഷത്തിന്റെ അതുപോലെ ബി.ജെ.പി വിരുദ്ധശക്തികളുടെ പ്രസക്തി വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്.

ചോദ്യം: പ്രതിപക്ഷമൊന്നും ഇവിടെ ആവശ്യമില്ല എന്ന രീതിയിൽ ആദ്യം കോൺഗ്രസ്സ് പാർട്ടിയെ തകർക്കുക, പിന്നീട് എല്ലാ പ്രതിപക്ഷ പാർട്ടികളെയും തകർക്കുക എന്നതാണ് നിലവിൽ ബി.ജെ.പി മുന്നോട്ടു വയ്ക്കുന്ന രാഷ്ട്രീയ അജണ്ട. അങ്ങനെവരുമ്പോൾ പാർലമെന്റിൽ പ്രതിപക്ഷത്തിന് പ്രവർത്തിക്കുവാനുള്ള ഇടം കൂടി കണ്ടെത്തേണ്ട അവസ്ഥയാണല്ലോ ഇന്ന്; ഇടതുപക്ഷം ഇതിനെ എങ്ങനെ കാണുന്നു?

ഡോ. വി. ശിവദാസൻ : ബി.ജെ.പി ക്ക് പാർലമെന്റിനകത്ത് ഭൂരിപക്ഷം ഉണ്ടാകാം. പക്ഷേ, പാർലമെന്റിൽ ഇന്ത്യയിലെ ഭൂരിപക്ഷത്തിന്റെ ശബ്ദം എന്നത് ഇടതുപക്ഷത്തിന്റെ ശബ്ദമാണ്. കാരണം ഇന്ത്യയിലെ ഭൂരിപക്ഷം എന്നുപറയുന്നത് ഇന്ത്യയിലെ സാധാരണക്കാരും ദരിദ്രരുമായ ജനവിഭാഗമാണ്. അവരെ പ്രതിനിധീകരിച്ചുകൊണ്ട് ആര് സംസാരിക്കുന്നുവോ അവരാണ് ഭൂരിപക്ഷത്തിന്റെ ശബ്ദമുയർത്തുന്നത്. അതുകൊണ്ട് ഇടതുപക്ഷത്തിന്റെ ശബ്ദം എന്നത് എന്നും ഇന്ത്യയിലെ ബഹുഭൂരിപക്ഷത്തിന്റെ ശബ്ദമായിരിക്കും.

ചോദ്യം: നമ്മുടെ പൊതുവിദ്യാഭ്യാസരംഗം നല്ല നിലവാരത്തിൽ എത്തിയിട്ടുണ്ട്. പ്രത്യേകിച്ചും 2016 ലെ എൽ.ഡി.എഫ് സർക്കാരിന്റെ കാലഘട്ടത്തിൽ. പക്ഷേ നമ്മുടെ ഉന്നത വിദ്യാഭ്യാസരംഗം ഒരു സാധാരണ നിലവാരത്തിൽ തന്നെ നിലനില്ക്കുന്നു എന്നതാണ് കേരളത്തിന്റെ ഒരു പ്രധാന പ്രശ്നം. ഇതിനെ എങ്ങനെ വിലയിരുത്തുന്നു?

ഡോ. വി. ശിവദാസൻ : പൊതുവിദ്യാഭ്യാസ രംഗത്ത് കേരളം കൈവരിച്ച നേട്ടവുമായി താരതമ്യം ചെയ്യുമ്പോൾ ഉന്നതവിദ്യാഭ്യാസ രംഗത്ത് നാം അല്പം പുറകിലാണ്. എന്നാൽ കേന്ദ്ര സർവ്വകലാശാലകളുടെ അത്രയും വരുന്നില്ലെങ്കിലും മോശമല്ലാത്ത സംഭാവന ഉന്നതവിദ്യാഭ്യാസ രംഗത്ത് കേരളം നൽകുന്നുണ്ട്. എങ്കിലും ഈ പോരായ്മ കണ്ടറിഞ്ഞ് അത് പരിഹരിക്കുന്നതിന്റെ ഭാഗമായാണ് എൽ.ഡി.എഫ് സർക്കാർ 'Knowledge Society', 'Centre of Excellence' എന്നീ ആശയങ്ങളുമായി മുന്നോട്ടു പോകുന്നത്. ഇത് വിഭാവനം ചെയ്തപോലെ നമുക്ക് നടപ്പിലാക്കാൻ സാധിച്ചാൽ ഒരു വലിയ മുന്നേറ്റം ഈ രംഗത്ത് ഉണ്ടാകും.

ചോദ്യം: ഒരു മാധ്യമ പ്രവർത്തകനിൽ നിന്നും ഒരു രാഷ്ട്രീയ പ്രവർത്തകനിലേക്കുള്ള പരിവർത്തനം കൊണ്ട് സ്വന്തം ജീവിതത്തിൽ ഒരു പുരോഗതിയാണോ പ്രതീക്ഷിക്കുന്നത്?

ജോൺ ബ്രിട്ടാസ് : മാധ്യമ പ്രവർത്തനത്തെയും രാഷ്ട്രീയപ്രവർത്തനത്തെയും differenciate ചെയ്യേണ്ട കാര്യമില്ല. എന്തെന്നാൽ രണ്ടിന്റെയും ultimate aim സമാനമാണ്. അതായത്, സമൂഹത്തിൽ മാറ്റങ്ങൾ സൃഷ്ടിക്കുക എന്നതാണ് രണ്ടിന്റേയും ലക്ഷ്യം. ജവാഹർലാൽ നെഹ്റുവും മഹാത്മാഗാന്ധിയുമൊക്കെ ഏറ്റവും മികച്ച മാധ്യമ പ്രവർത്തകരായിരുന്നു. അതുകൊണ്ട് രാഷ്ട്രീയത്തിന്റെ ഭാഗമായിട്ട് മാധ്യമ പ്രവർത്തനം എന്നത് സ്വാതന്ത്ര്യത്തിനു മുൻപു തന്നെ ഉണ്ടായിരുന്ന ഒന്നാണ്.

ചോദ്യം: എസ്.എഫ്.ഐ, ഡി.വൈ.എഫ്.ഐ ബാക്ക്ഗ്രൗണ്ടിൽ നിന്നും വന്ന് അതിനൊപ്പം അക്കാദമിക് നേട്ടങ്ങളും കൈവരിച്ചുകൊണ്ട് രാജ്യസഭാംഗമാകുമ്പോൾ എന്തായിരിക്കും താങ്കളുടെ മനസ്സിലെ അജണ്ട?

ഡോ. വി. ശിവദാസൻ: ഞാൻ വളരെ ചെറുപ്പത്തിൽത്തന്നെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തനവുമായി വന്ന ഒരാളാണ്. അത് പാർലമെന്ററി പ്രവർത്തനത്തിന്റെ ഭാഗമായി മാറിയാലും ഇല്ലെങ്കിലും കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തനത്തിന്റെ ഭാഗമായിട്ട് തന്നെയാണ് രാജ്യസഭാംഗത്വത്തെയും ഞാൻ കാണുന്നത്. അതുകൊണ്ടു തന്നെ പാർലമെന്റും, എന്നെ സംബന്ധിച്ചിടത്തോളം ഒരു സമരവേദിയാണ്. പാർലമെന്റ് മാത്രമാണ് ബഹുജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഒരു വേദിയെന്നു കാണുന്നില്ല. എങ്കിലും വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ഭാഗമായി നടത്തിയിട്ടുള്ള സമരങ്ങൾ, യുവജന പ്രസ്ഥാനത്തിന്റെ, ഇപ്പോൾ കർഷക തൊഴിലാളി യൂണിയന്റെ ഭാഗമായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്നിവയുടെയൊക്കെ അനുഭവങ്ങൾ പാർലമെന്റിൽക്കൂടി പ്രതിഫലിപ്പിക്കാൻ ശ്രമിക്കും. ഇന്ത്യയെ സംബന്ധിച്ചിടത്തോളം അപകടകരമായ ഒരു അന്തരീക്ഷത്തിലാണ് നാം ജീവിക്കുന്നത്. അധഃസ്ഥിത ജനത വേട്ടയാടപ്പെടുന്നു, ന്യൂനപക്ഷങ്ങൾ വേട്ടയാടപ്പെടുന്നു, എതിരഭിപ്രായങ്ങൾ പറയുന്നവർ വേട്ടയാടപ്പെടുന്നു, വർഗ്ഗീയതയെ വലിയ നിലയിൽ വളർത്തുന്നതിന് ഭരണകൂടസംവിധാനത്തെ തന്നെ ഉപയോഗപ്പെടുത്തുന്നു. ഇങ്ങനെയെല്ലാമുള്ള ഘട്ടത്തിൽ ജനങ്ങളുടെ ജാതിയും മതവുമല്ല ചർച്ചചെയ്യപ്പെടേണ്ടത് മറിച്ച്, ഇവിടുത്തെ പട്ടിണിയാണ്. അതുകൊണ്ടുതന്നെ, ജനങ്ങളുടെ ജീവൽപ്രശ്നങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ട് മുന്നോട്ടു പോകുവാൻ ശ്രമിക്കും.

arivoram july 2021.indd 12
12-07-2021 04:16:53 PM

K-LAMPS (പാർലമെന്ററി സ്റ്റഡീസ്)

## സർട്ടിഫിക്കറ്റ് കോഴ്സിന്റെ രണ്ടാംഘട്ട സമ്പർക്ക ക്ലാസ്സുകൾ



സർട്ടിഫിക്കറ്റ് കോഴ്സ് 2020 ബാച്ചിന്റെ രണ്ടാംഘട്ട സമ്പർക്ക ക്ലാസുകൾ 2021 ഏപ്രിൽ 10, 11 തീയതികളിൽ തിരുവനന്തപുരം കേന്ദ്രത്തിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് സംഘടിപ്പിച്ചു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി റ്റി. മനോഹരൻ നായർ, സ്പെഷ്യൽ സെക്രട്ടറി ആർ. കിഷോർകുമാർ, ജോയിന്റ് സെക്രട്ടറിമാരായ എസ്. അനിൽ, സഖറിയ പി. സാമുവൽ എന്നിവരായിരുന്നു സമ്പർക്ക ക്ലാസുകൾ നയിച്ചത്. കെ-ലാംപ്സ് (പാർലമെന്ററി സ്റ്റഡീസ്) ജോയിന്റ് ഡയറക്ടർ വി.ജി.റിജുവിന്റെ നേതൃത്വത്തിലാണ് പരിപാടികൾ സംഘടിപ്പിച്ചത്. എഴുപതോളം പഠിതാക്കൾ സമ്പർക്ക ക്ലാസുകളിൽ പങ്കെടുത്തു.

കോഴിക്കോട്, എറണാകുളം എന്നീ കേന്ദ്രങ്ങളിൽ നിശ്ചയിച്ചിരുന്ന രണ്ടാംഘട്ട സമ്പർക്ക ക്ലാസുകൾ കോവിഡ് നിയന്ത്രണങ്ങളാൽ 2021 ഏപ്രിൽ 27, 28, 29, 30 എന്നീ തീയതികളിൽ ഓൺലൈനായി നടത്തി. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി റ്റി. മനോഹരൻ നായർ, സ്പെഷ്യൽ സെക്രട്ടറി ആർ. കിഷോർകുമാർ, ജോയിന്റ് സെക്രട്ടറിമാരായ ബി. റെജി, എസ്. അനിൽ, സഖറിയ പി. സാമുവൽ, കെ-ലാംപ്സ് (പാർലമെന്ററി സ്റ്റഡീസ്) ഡയറക്ടർ ജി.പി.ഉണ്ണികൃഷ്ണൻ എന്നിവർ ക്ലാസുകൾ നയിച്ചു. നാലു ദിവസങ്ങളിലായി ഇരുന്നൂറോളം പഠിതാക്കൾ സമ്പർക്ക ക്ലാസുകളിൽ പങ്കെടുത്തു.

## ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പുതുതായി നിയമനം ലഭിച്ച അസിസ്റ്റന്റുമാർക്ക് പരിശീലന പരിപാടി

കേരള നിയമസഭ കെ-ലാംപ്സ് (പാർലമെന്ററി സ്റ്റഡീസ്)ന്റെയും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെയും സംയുക്താഭിമുഖ്യത്തിൽ, ഗവ.സെക്രട്ടേറിയറ്റിൽ പുതുതായി നിയമനം ലഭിച്ച അസിസ്റ്റന്റുമാർക്ക് ഒരു പരിശീലന പരിപാടി 2021 ഏപ്രിൽ 23 ാം തീയതി നിയമസഭാ സമുച്ചയത്തിലെ 5 ഇ കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ചു. കെ-ലാംപ്സ് വിഭാഗം എക്സിക്യൂട്ടീവ് ഡയറക്ടർ മഞ്ജു വർഗ്ഗീസ് സ്വാഗതം ആശംസിച്ചു. നിയമസഭാ സെക്രട്ടറി എസ്. വി. ഉണ്ണികൃഷ്ണൻ നായർ 'Legislature, Executive and Judiciary' എന്ന വിഷയത്തിലും സ്പെഷ്യൽ സെക്രട്ടറി ആർ. കിഷോർകുമാർ 'Legislative Process and Legislature Committees an Overview' എന്ന വിഷയത്തിലും കെ-ലാംപ്സ് (പാർലമെന്ററി സ്റ്റഡീസ്) ഡയറക്ടർ ജി. പി. ഉണ്ണികൃഷ്ണൻ 'Papers to be submitted to the Legislature' സംബന്ധിച്ചും ജോയിന്റ് സെക്രട്ടറി എസ്. അനിൽ 'Question hour and Assurances LAIS and AID' എന്ന വിഷയത്തിലും ക്ലാസ്സുകൾ എടുത്തു. പരിശീലനശേഷം അസിസ്റ്റന്റുമാർ നിയമസഭാ ഹാൾ, നിയമസഭാ മ്യൂസിയം എന്നിവ സന്ദർശിച്ചു. പരിശീലനം സംബന്ധിച്ച വിലയിരുത്തലോടുകൂടി പരിപാടി അവസാനിച്ചു.

# കേരളത്തിലെ നിയമസഭാ ഉപതെരഞ്ഞെടുപ്പുകൾ

1956 നവംബർ ഒന്നിന് ഭാഷാടിസ്ഥാനത്തിൽ കേരള സംസ്ഥാനം രൂപീകൃതമായ ശേഷം, സംസ്ഥാന നിയമസഭയിലേക്ക് 2021 വരെ 16 പൊതുതെരഞ്ഞെടുപ്പുകൾ നടന്നു. 1957, 1960, 1965, 1967, 1970, 1977, 1980, 1982, 1987, 1991, 1996, 2001, 2006, 2011, 2016, 2021 എന്നീ വർഷങ്ങളിലായാണ് കേരള നിയമസഭയിലേക്കുള്ള പതിനാറ് പൊതുതെരഞ്ഞെടുപ്പുകൾ നടന്നത്. ഇതിൽ 1965 മാർച്ച് 4 ന് നടന്ന മൂന്നാമത്തെ തെരഞ്ഞെടുപ്പിൽ സർക്കാർ രൂപീകരിക്കുന്നതിനായി വ്യക്തമായ ഭൂരിപക്ഷം ഒരു രാഷ്ട്രീയ പാർട്ടിക്കും ഇല്ലായിരുന്നു. കക്ഷികൾ തമ്മിൽ ധാരണ ഉണ്ടാക്കുന്നതിലും പരാജയം സംഭവിച്ചതിനാൽ മന്ത്രിസഭ രൂപീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ, നിലവിലിരുന്ന രാഷ്ട്രപതി ഭരണം നീട്ടിക്കൊണ്ട് മാർച്ച് 24ന് വിജ്ഞാപനം വന്നു. ആയതിനാൽ പൊതുതെരഞ്ഞെടുപ്പുകൾ 16 എണ്ണം നടന്നെങ്കിലും 15 തവണയാണ് നിയമസഭ രൂപീകൃതമായിട്ടുള്ളത്.

സാധാരണ രീതിയിൽ 5 വർഷമാണ് ഒരു നിയമസഭയുടെ കാലയളവ്. ഒരു പൊതുതെരഞ്ഞെടുപ്പിനുശേഷം ആ നിയമസഭയുടെ കാലാവധി തീരുന്നതിന് മുൻപ് ഒരു മണ്ഡലത്തിലെ ജനപ്രതിനിധിയുടെ മരണം, രാജി, കോടതി വിധിയെ തുടർന്നുള്ള ഇലക്ഷൻ റദ്ദാക്കൽ, തെരഞ്ഞെടുപ്പിന് മുൻപോ ഫലം വരുന്നതിന് മുൻപോ സ്ഥാനാർത്ഥിയുടെ മരണം എന്നിവ മൂലം വരുന്ന ഒഴിവിലേക്ക് നടത്തുന്ന തെരഞ്ഞെടുപ്പാണ് ഉപതെരഞ്ഞെടുപ്പ്. Representation of Peoples Act, 1951 ലെ 147 മുതൽ 151 വരെയുള്ള വകുപ്പുകളിലാണ് ഉപതെരഞ്ഞെടുപ്പിനെപ്പറ്റി പ്രതിപാദിക്കുന്നത്. വകുപ്പ് 151 എ പ്രകാരം ഒരു മണ്ഡലത്തിൽ ഒഴിവു വന്നാൽ ഒഴിവ് സംജാതമാകുന്ന തീയതി മുതൽ ആറുമാസത്തിനുള്ളിൽ ഒഴിവ് നികത്തേണ്ടതാണ്. എന്നാൽ നിയമസഭയുടെ ശേഷിക്കുന്ന കാലാവധി ഒരു വർഷത്തിൽ താഴെയാണെങ്കിലോ അല്ലെങ്കിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന കാലപരിധിക്കുള്ളിൽ ഉപതെരഞ്ഞെടുപ്പ് നടത്താനാകില്ലെന്ന് കേന്ദ്രസർക്കാരുമായുള്ള പര്യാലോചനക്ക് ശേഷം ഇലക്ഷൻ കമ്മീഷൻ സാക്ഷ്യപ്പെടുത്തുന്ന സാഹചര്യത്തിലോ ഉപതെരഞ്ഞെടുപ്പ് നടത്തേണ്ടതില്ല. പതിനാലാം നിയമസഭയിൽ കുട്ടനാട് നിയോജകമണ്ഡലത്തിലെ ജനപ്രതിനിധിയായ തോമസ് ചാണ്ടി 02.12.2019 നും ചവറ മണ്ഡലത്തെ പ്രതിനിധീകരിച്ച എൻ.വിജയൻ പിള്ള 10.03.2020 നും അന്തരിച്ചു. എന്നാൽ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലും പൊതുതെരഞ്ഞെടുപ്പ് അടുത്ത സാഹചര്യത്തിലും പ്രസ്തുത ഉപതെരഞ്ഞെടുപ്പുകൾ നടന്നില്ല.

കേരള നിയമസഭയിലേക്ക് 1957 ന് ശേഷം നാളിതുവരെ 67 ഉപതെരഞ്ഞെടുപ്പുകളാണ് നടന്നിട്ടുള്ളത്. സവിശേഷതകൾ ഉള്ള ഏതാനും ചില ഉപതെരഞ്ഞെടുപ്പുകളെപ്പറ്റി ഹ്രസ്വമായ ഒരു അവലോകനം ചുവടെ കൊടുക്കുന്നു.

കേരളത്തിൽ ആദ്യമായി ഉപതെരഞ്ഞെടുപ്പ് നടന്നത് 1958 മെയ് 16 നും അവസാനമായി നടന്നത് 2019 ഒക്ടോബർ 21 നും ആണ്. അവയിൽ ആകെ 4 വനിതകളാണ് വിജയികളായത്- റോസമ്മ പുന്നൂസ്, റേച്ചൽ സണ്ണി പനവേലിൽ, എലിസബത്ത് മാമ്മൻ മത്തായി, ഷാനിമോൾ ഉസ്മാൻ. ഇതിൽ കേരളത്തിലെ ആദ്യ ഉപതെരഞ്ഞെടുപ്പിലൂടെ വിജയിച്ചയാളായ റോസമ്മ പുന്നൂസ് ഒന്നാം കേരള നിയമസഭയിലെ ആദ്യ പ്രോടെം സ്പീക്കർ ആയിരുന്നു. റേച്ചൽ സണ്ണി പനവേലിൽ, എലിസബത്ത് മാമ്മൻ മത്തായി എന്നിവർ തങ്ങളുടെ ഭർത്താക്കൻമാരുടെ വിയോഗത്തെത്തുടർന്ന് നടന്ന ഉപതെരഞ്ഞെടുപ്പുകളിൽ മൽസരിച്ച് വിജയികളായവരാണ്.

രണ്ടു തവണ ഉപതെരഞ്ഞെടുപ്പിലൂടെ ജയിച്ചവർ കെ. അനിരുദ്ധൻ, എ.കെ. ആന്റണി, ഇ.കെ. നായനാർ എന്നിവരാണ്. ഇവരിൽ എ.കെ. ആന്റണി, ഇ.കെ, നായനാർ എന്നിവർ മുഖ്യമന്ത്രിമാരായിരിക്കെ ഉപതെരഞ്ഞെടുപ്പിനെ നേരിട്ടവരാണ്. സി.എച്ച്. മുഹമ്മദ്കോയയുടെ രണ്ടു തവണത്തെ രാജി, നിര്യാണം എന്നിവ കാരണം കേരള നിയമസഭയിലേക്ക് മൂന്നു തവണ ഉപതെരഞ്ഞെടുപ്പുകൾ നടത്തുകയുണ്ടായി. അച്ഛന്റെ വിയോഗത്തെ തുടർന്ന് നടന്ന ഉപതെരഞ്ഞെടുപ്പുകളിലൂടെ നിയമസഭയിൽ എത്തിയവരാണ് പി.എസ്. സുപാൽ (പി.കെ. ശ്രീനിവാസന്റെ മകൻ), അനൂപ് ജേക്കബ് (ടി.എം. ജേക്കബിന്റെ മകൻ), കെ. എസ്. ശബരീനാഥൻ (ജി. കാർത്തികേയന്റെ മകൻ) എന്നിവർ. സഹോദരന്റെ മരണം മൂലം നിയമസഭാംഗങ്ങളായത് ജോൺ മാഞ്ഞൂരാൻ (മത്തായി മാഞ്ഞൂരാന്റെ നിര്യാണത്തെ തുടർന്ന്), തോമസ് ചാഴികാടൻ (സ്ഥാനാർത്ഥിയായിരുന്ന ബാബു ചാഴികാടന്റെ നിര്യാണത്തെ തുടർന്ന്) എന്നിവരാണ്.

റോസമ്മ പുന്നൂസ് (ദേവികുളം), പി. ജയരാജൻ (കൂത്തുപറമ്പ്), ആർ.സെൽവരാജ് (നെയ്യാറ്റിൻകര) എന്നിവർ പൊതുതെരഞ്ഞെടുപ്പിലൂടെയും ഉപതെരഞ്ഞെടുപ്പിലൂടെയും ഒരേ മണ്ഡലത്തിൽ നിന്ന് മൽസരിച്ച് വിജയിച്ച് ഒരേ നിയമസഭയിൽ അംഗങ്ങളായി 2 തവണ സത്യപ്രതിജ്ഞ ചെയ്തവരാണ്. ഇതിൽ റോസമ്മ പുന്നൂസ്, പി. ജയരാജൻ എന്നിവർ ഇലക്ഷൻ പെറ്റീഷനെ തുടർന്ന് കോടതി അവരുടെ തെരഞ്ഞെടുപ്പ് റദ്ദാക്കുകയും വീണ്ടും അതേ മണ്ഡലത്തിൽ നിന്ന് ജയിച്ച് നിയമസഭയിലെത്തുകയും ചെയ്തവരാണ്. ഉപതെരഞ്ഞെടുപ്പിൽ നേടിയ ഏറ്റവും ഉയർന്ന ഭൂരിപക്ഷത്തിന്റെ റെക്കോർഡ് ഇപ്പോഴും (45377 വോട്ടുകൾ) പി. ജയരാജന്റെ പേരിലാണ്. ആർ. സെൽവരാജ് 2011 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ നെയ്യാറ്റിൻകരയിൽ നിന്നും സി.പി.ഐ. (എം) സ്ഥാനാർത്ഥിയായി ജയിച്ചു. എന്നാൽ 2012 മാർച്ച് 9 ന് എം.എൽ.എ. സ്ഥാനം രാജിവച്ച് 2012 ജൂൺ 15 ന് നടന്ന ഉപതെരഞ്ഞെടുപ്പിലൂടെ കോൺഗ്രസ്സ് സ്ഥാനാർത്ഥിയായി വിജയിച്ചു. അങ്ങനെ ഒരേ നിയമസഭയിൽ രണ്ടു പാർട്ടിയിൽ നിന്ന് മൽസരിച്ച് ജയിച്ച ഏക അംഗമാണ് ആർ. സെൽവരാജ്.

ഉപതെരഞ്ഞെടുപ്പ് ചരിത്രത്തിലെ മറ്റൊരു അപൂർവ്വത കെ. മുരളീധരന്റെ പേരിലാണ്. 2004 ഫെബ്രുവരി 11 നാണ് അന്ന് എം.എൽ.എ. അല്ലാതിരുന്ന കെ. മുരളീധരൻ എ.കെ. ആന്റണി മന്ത്രിസഭയിൽ വൈദ്യുതി വകുപ്പുമന്ത്രിയായത്. എം.എൽ.എ. അല്ലാത്ത വ്യക്തി മന്ത്രിയായാൽ ആറുമാസത്തിനകം തിരഞ്ഞെടുക്കപ്പെട്ടാൽ മാത്രമേ മന്ത്രിയായി തുടരാൻ സാധിക്കുകയുള്ളൂ. വടക്കാഞ്ചേരി മണ്ഡലം കെ. മുരളീധരന് മൽസരിക്കാൻ വേണ്ടി വി. ബലറാം എം.എൽ.എ. ഒഴിഞ്ഞുകൊടുത്തു. എന്നാൽ 2004 മെയ് 10 ന് നടന്ന ഉപതെരഞ്ഞെടുപ്പിൽ കെ. മുരളീധരനെ എ.സി. മൊയ്തീൻ പരാജയപ്പെടുത്തി. അങ്ങനെ കേരള നിയമസഭയിൽ മന്ത്രിയായിരിക്കെ ഉപതെരഞ്ഞെടുപ്പിൽ പരാജയപ്പെട്ട ഏക വ്യക്തിയാണ് കെ. മുരളീധരൻ.

കേരളത്തിൽ ആദ്യമായി 5 മണ്ഡലങ്ങളിലേക്കുള്ള ഉപതെരഞ്ഞെടുപ്പുകൾ ഒരേ ദിവസം നടന്നത് പതിനാലാം കേരള നിയമസഭയുടെ കാലയളവിലാണ്. 2019 ഒക്ടോബർ 21 ന് മഞ്ചേശ്വരം, എറണാകുളം, അരൂർ, കോന്നി, വട്ടിയൂർക്കാവ് എന്നിവിടങ്ങളിലാണ് ഉപതെരഞ്ഞെടുപ്പുകൾ നടന്നത്.

*തയ്യാറാക്കിയത് :*

*ഇന്ദു എം.ആർ.,*
*ലൈബ്രേറിയൻ*




arivoram july 2021.indd 13 12-07-2021 04:16:55 PM

## സുന്ദർലാൽ ബഹുഗുണ

# പ്രകൃതിയുടെ പോരാളിക്ക് വിട

പ്രമുഖ പരിസ്ഥിതി പ്രവർത്തകനും ചിപ്കോ പ്രസ്ഥാനത്തിന്റെ ആചാര്യനുമായ സുന്ദർലാൽ ബഹുഗുണ (94) 2021 മേയ് 21ന് അന്തരിച്ചു. ഉത്തരാഖണ്ഡിലെ ഉൾനാടൻ ഗ്രാമങ്ങളിൽ പ്രകൃതിയുടെ പാഠങ്ങൾ പഠിച്ചും പഠിപ്പിച്ചുംകൊണ്ടാണ് സുന്ദർലാൽ ബഹുഗുണ ഇന്ത്യൻ ജനതയുടെ ഹൃദയങ്ങളിൽ സ്ഥാനമുറപ്പിച്ചത്. ഉത്തരാഖണ്ഡിലെ തെഹ്‌രിക്കടുത്തുള്ള മരോഡ ഗ്രാമത്തിൽ 1927 ജനുവരി 9ന് ജനിച്ച അദ്ദേഹം വിദ്യാർത്ഥിയായിരിക്കെ പതിമൂന്നാം വയസ്സിൽ അയിത്തത്തിനെതിരായ സമരത്തിലൂടെയാണ് പൊതുരംഗത്ത് പ്രവേശിക്കുന്നത്. അഹിംസാത്മക ദേശീയവാദിയായിരുന്ന മുതിർന്ന സുഹൃത്ത് ദേവ് സുമനായിരുന്നു അദ്ദേഹത്തിന്റെ ഗുരു. അഹിംസാമാർഗ്ഗത്തിലൂടെ എങ്ങനെ സാമൂഹികമാറ്റം കൊണ്ടുവരാമെന്ന് സുമനിലൂടെ പഠിച്ച സുന്ദർലാൽ ബഹുഗുണ പിന്നീട് ദേശീയപ്രസ്ഥാനങ്ങളിലും സജീവമായി. മദ്യവർജ്ജന പ്രവർത്തനങ്ങളിലും ദേശീയ പ്രസ്ഥാനത്തിലും മുൻനിര പോരാളിയായിരുന്ന അദ്ദേഹം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ സജീവാംഗമായിരുന്നു. കോളനി വാഴ്ചയ്ക്കെതിരെയുള്ള പോരാട്ടത്തിൽ ജനങ്ങളെ അണിനിരത്തിയ അദ്ദേഹം സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ പതിനേഴാം വയസ്സിൽ അറസ്റ്റ് വരിച്ചു. സ്വാതന്ത്ര്യാനന്തരം രാഷ്ട്രീയ പ്രവർത്തനം ഉപേക്ഷിച്ച സുന്ദർലാൽ ഗാന്ധിയൻ ആശങ്ങളിലൂന്നി ഖാദി വ്യവസായം, മദ്യനിരോധനം, അയിത്തോച്ചാടനം തുടങ്ങിയ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. 1956 ൽ സാമൂഹിക പ്രവർത്തനത്തിൽ തല്പരയായ വിമലയെ വിവാഹം കഴിച്ച് സകുടുംബം ഗ്രാമീണ ജനങ്ങൾക്കുവേണ്ടി പ്രവർത്തിച്ചു. മൂന്ന് മക്കളുണ്ട്.

ഗാന്ധിജിയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് ഹിമാലയൻ മലനിരകളിലൂടെ നാലായിരത്തി എഴുന്നൂറ് കിലോമീറ്ററിലധികം കാൽനടയായി സഞ്ചരിച്ച് ഹിമാലയത്തിലെ അതിലോല പാരിസ്ഥിതിക വ്യവസ്ഥയിൽ വികസന പദ്ധതികൾ വരുത്തിയ പ്രത്യാഘാതങ്ങളും ഗ്രാമങ്ങളിലെ സാമൂഹിക ജീവിതത്തിന്റെ തകർച്ചയും നിരീക്ഷിച്ച ബഹുഗുണ തന്റെ കർമ്മരംഗം ഗ്രാമീണ ജനതയ്ക്ക് വേണ്ടിയുള്ളതാണെന്ന് തിരിച്ചറിഞ്ഞു. പാരിസ്ഥിതിക പ്രത്യാഘാതങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിച്ചും ഹിമാലയൻ മലനിരകളിലെ മണ്ണും മരങ്ങളും സംരക്ഷിക്കാൻ ജീവിതം സമർപ്പിച്ചും 'പരിസ്ഥിതിയാണ് സമ്പത്ത്' എന്ന സന്ദേശം അദ്ദേഹം ഇന്ത്യയൊട്ടാകെ പകർന്നു. 1974 മാർച്ച് 26 ന് ഉത്തരാഖണ്ഡിലെ ചാമോലി ജില്ലയിലെ റെനി ഗ്രാമത്തിൽ ഗ്രാമീണ വനിതകൾ നടത്തിയ സമരമാണ് അന്താരാഷ്ട്ര ശ്രദ്ധ പിടിച്ചുപറ്റിയ ചിപ്കോ പ്രസ്ഥാനത്തിനാധാരം. അലഹബാദിലെ കായികോൽപ്പന്ന നിർമ്മാതാക്കളായ സൈമൺ കമ്പനിക്ക് ടെന്നീസ് റാക്കറ്റുകൾ നിർമ്മിക്കാനായി മരങ്ങൾ മുറിക്കാനെത്തിയവരെ മരത്തിനുചുറ്റും കൈകോർത്തുനിന്ന് തടയുന്ന സമര മാർഗ്ഗം ലോകശ്രദ്ധയാകർഷിച്ചു. തുടർന്ന് ഭരണകൂടത്തിന് മരംമുറി നിർത്തിവയ്ക്കേണ്ടി വന്നു. ചിപ്കോ ഉന്നയിച്ച പ്രശ്നങ്ങൾ അനുഭാവപൂർവ്വം പരിഗണിച്ച അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ഹിമാലയൻ വനങ്ങളിൽ നിന്ന് വാണിജ്യാവശ്യങ്ങൾക്കായി ഹരിതമരങ്ങൾ മുറിക്കുന്നത് പതിനഞ്ച് വർഷത്തേക്ക് നിരോധിച്ചു.



കേന്ദ്ര സർക്കാർ ഹിമാലയൻ പർവ്വതനിരകൾ കൈയേറി തെഹ്‌രി അണക്കെട്ട് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് 1980 മുതൽ 2004 വരെ നടന്ന തെഹ്‌രി അണക്കെട്ട് വിരുദ്ധ പ്രക്ഷോഭത്തിന്റെയും മുന്നണി പോരാളിയായിരുന്നു സുന്ദർലാൽ. അണക്കെട്ട് നിർമ്മാണത്തിനെതിരെ ഭഗീരഥി നദിയുടെ തീരത്ത് നിരവധി തവണ അദ്ദേഹം ഉപവാസസമരം നടത്തി. ദശാബ്ദങ്ങൾ നീണ്ട പോരാട്ടത്തിലൂടെ അത് ഒരു ദേശീയ പ്രശ്നമാക്കി സുന്ദർലാൽ മാറ്റി. 1995 ൽ നാൽപ്പത്തിയഞ്ച് ദിവസം പിന്നിട്ട ഉപവാസം അവസാനിപ്പിച്ചത് അന്നത്തെ പ്രധാനമന്ത്രിയായിരുന്ന പി.വി. നരസിംഹ റാവു അണക്കെട്ടിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് പഠിക്കാൻ കമ്മീഷനെ നിയോഗിക്കാം എന്ന ഉറപ്പിന്മേലായിരുന്നു. അതിനുശേഷം രാജ്ഘട്ടിൽ ഗാന്ധി സമാധിയിൽ 74 ദിവസം നീണ്ട മറ്റൊരു ഉപവാസസമരവും അദ്ദേഹം നടത്തി. എന്നാൽ 2001 ൽ അണക്കട്ടിന്റെ പണി പുനരാരംഭിച്ചപ്പോൾ വീണ്ടും സമരമുഖത്തിറങ്ങിയ ബഹുഗുണ 2001 ഏപ്രിലിൽ അറസ്റ്റ് വരിച്ചു.

1981 ൽ പത്മശ്രീ, 1987 ൽ ചിപ്കോ പ്രസ്ഥാനത്തിന് റൈറ്റ് ലൈവ്‌ലിഹുഡ് പുരസ്കാരം, 1989 ൽ ഐ.ഐ.ടി. റൂർക്കി ഓണററി ഡോക്ടറേറ്റ്, 2009 ൽ പത്മ വിഭൂഷൺ എന്നീ ബഹുമതികൾ അദ്ദേഹത്തിന് ലഭിച്ചു. വന്ദനശിവ, മേധാ പട്കർ എന്നിവർക്കൊപ്പം എഴുതിയ 'ഇന്ത്യാസ് എൻവയോൺമെന്റ് മിത്ത് ആൻഡ് റിയാലിറ്റി' ഉൾപ്പെടെ അഞ്ച് പുസ്തകങ്ങളുടെ രചയിതാവാണ്.

കേരളത്തിൽ സൈലന്റ് വാലി സംരക്ഷണത്തിന് ഊർജ്ജം പകർന്ന ബഹുഗുണ, എൺപതുകളിൽ അഷ്ടമുടികായൽ പ്രദേശത്തെ കണ്ടൽവന സംരക്ഷണത്തിനും തൊണ്ണൂറുകളിൽ വയനാട്ടിലെ വനനശീകരണത്തിനെതിരെയുള്ള പോരാട്ടത്തിലും, 2002 ൽ തിരുവനന്തപുരത്ത് നദീസംരക്ഷണത്തിന് വേണ്ടി നടന്ന യജ്ഞത്തിലും പങ്കാളിയായി. 2009 ൽ സൈലന്റ് വാലി സമരങ്ങളുടെ രജതജൂബിലിയുമായി ബന്ധപ്പെട്ട് വയനാട്ടിൽ നടന്ന പരിപാടിയാണ് അദ്ദേഹം കേരളത്തിൽ പങ്കെടുത്ത അവസാന പരിപാടി.

## വിജ്ഞാനപഥം

### ഇന്ത്യൻ നാഷണൽ കോൺഗ്രസ്

1. ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്ഥാപകനായ അലൻ ഒക്ടേവിയൻ ഹ്യൂമിന്റെ (A.O.Hume) സ്വദേശം ?

**സ്കോട്ലാന്റ്**
(അദ്ദേഹം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ സെക്രട്ടറി പദവിയാണ് വഹിച്ചിരുന്നത്.)

2. കോൺഗ്രസിന്റെ ആദ്യ സമ്മേളന വേദിയായി നിശ്ചയിച്ചിരുന്ന ഏത് നഗരത്തിൽ പ്ലേഗ് ബാധ ഉണ്ടായിരുന്നതിനാലാണ് വേദി ബോംബെയിലേക്ക് മാറ്റിയത് ?


**പൂനെ**
(പ്രഥമ സമ്മേളനത്തിൽ ആദ്യ പ്രമേയം അവതരിപ്പിച്ചത് ജി.സുബ്രഹ്മണ്യ അയ്യരായിരുന്നു. 1884-ൽ രൂപീകരിച്ച ഇന്ത്യൻ നാഷണൽ യൂണിയൻ എന്ന സംഘടനയാണ് 1885-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് ആയത്)

3. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ബ്രിട്ടീഷ് കമ്മിറ്റി ലണ്ടനിൽ പ്രവർത്തനം ആരംഭിച്ച വർഷം ?


**1889**
(ആദ്യ അധ്യക്ഷൻ വില്യം വെഡർബേണായിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ് ബ്രിട്ടീഷ് കമ്മിറ്റി ആരംഭിച്ച പ്രസിദ്ധീകരണമായിരുന്നു 'ഇന്ത്യ')

4. കോൺഗ്രസ് സമ്മേളനത്തെ അഭിസംബോധന ചെയ്ത ആദ്യ വനിത ?

**കാദംബിനി ഗാംഗുലി**
(1889-ൽ, കൽക്കട്ട സർവ്വകലാശാലയിൽ നിന്ന് ബിരുദം നേടിയ ആദ്യ വനിതകളിലൊരാൾ)



രബീന്ദ്രനാഥ ടാഗോർ



എ.ഒ ഹ്യൂം



കാദംബിനി ഗാംഗുലി



പട്ടാഭി സീതാരാമയ്യ

5. ഏത് സമ്മേളനത്തിലാണ് രണ്ടായി പിരിഞ്ഞ മിതവാദികളും തീവ്രവാദികളും ഒരുമിച്ചത് ?

**1916-ലെ ലക്നൗ സമ്മേളനത്തിൽ**
(എ.സി. മജുംദാറായിരുന്നു അധ്യക്ഷൻ)

6. ഗാന്ധിജി കോൺഗ്രസ് അധ്യക്ഷനായ വർഷം ?

**1924**
(ബൽഗാം സമ്മേളനത്തിൽ, കോൺഗ്രസിന്റെ 39-ാം വാർഷിക സമ്മേളനമായിരുന്നു അത്)

7. ഏതു കോൺഗ്രസ് സമ്മേളനത്തിലാണ് 'വന്ദേമാതരം' ആദ്യമായി മുഴങ്ങിയത്?

**1896 ലെ കൽക്കട്ട സമ്മേളനത്തിൽ**
(രബീന്ദ്രനാഥ ടാഗോറാണ് ആലപിച്ചത്)

8. ഗ്രാമത്തിൽ വച്ചു നടന്ന ഏക കോൺഗ്രസ് സമ്മേളനം?

**1937 ലെ ഫെയിസ്പൂർ സമ്മേളനം**

9. കോൺഗ്രസ് പ്രസിഡന്റ് സ്ഥാനത്തേക്ക് ആദ്യമായി മത്സരം നടന്ന വർഷം?

**1939**
(മധ്യപ്രദേശിലെ ത്രിപുരിയിൽ നടന്ന സമ്മേളനം; മത്സരത്തിൽ ഗാന്ധിജി പിന്തുണച്ച പട്ടാഭി സീതാരാമയ്യയെ പരാജയപ്പെടുത്തി നേതാജി സുബാഷ് ചന്ദ്രബോസ് വിജയിച്ചു)

10. കോൺഗ്രസിന്റെ ഔദ്യോഗിക ചരിത്രകാരൻ എന്നറിയപ്പെടുന്നത്?

**പട്ടാഭി സീതാരാമയ്യ**
(1948-ലെ സമ്മേളനാധ്യക്ഷനായിരുന്നു. ഇദ്ദേഹമാണ് 'ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ചരിത്രം' എന്ന ഗ്രന്ഥം രചിച്ചത്)

arivoram july 2021.indd 14 12-07-2021 04:16:56 PM

## ഇതരസഭാ വാർത്തകൾ

# തമിഴ്നാട്ടിൽ എം.കെ.സ്റ്റാലിൻ മുഖ്യമന്ത്രി



പത്തുവർഷം നീണ്ട എ.ഐ.എ.ഡി.എം.കെ. ഭരണത്തിന് വിരാമമിട്ടുകൊണ്ട് തമിഴ്നാട് ഭരണസാരഥ്യം ഡി.എം.കെ. സഖ്യത്തിന്. 234 അംഗ നിയമസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ 159 സീറ്റുകൾ നേടിയാണ് ഡി.എം.കെ. നേതൃത്വം നൽകുന്ന സെക്യുലർ പ്രോഗ്രസീവ് അലയൻസ് (എസ്.പി.എ.) ഭരണത്തിലേറുന്നത്. ഡി.എം.കെ. മാത്രം 133 സീറ്റുകൾ നേടുകയുണ്ടായി. 2021 മേയ് 7 ന് എം.കെ.സ്റ്റാലിൻ മുഖ്യമന്ത്രിയായി അധികാരമേറ്റു. 1966 ൽ ഡി.എം.കെ. യുവജന വിഭാഗത്തിലൂടെ രാഷ്ട്രീയ പ്രവേശനം നടത്തിയ എം.കെ.സ്റ്റാലിൻ 1976 ൽ അടിയന്തരാവസ്ഥക്കെതിരെ ശബ്ദമുയർത്തിയതിന് ജയിൽ ശിക്ഷ അനുഭവിച്ചിട്ടുണ്ട്.

1989 മുതൽ അദ്ദേഹം നിയമസഭാംഗമാണ്. 2009 ൽ ഉപമുഖ്യമന്ത്രി പദവിയിലെത്തിയ എം.കെ. സ്റ്റാലിൻ 1996-2001 കാലഘട്ടത്തിൽ ചെന്നൈ മേയറായിരുന്നു. 2001 ൽ മുഖ്യമന്ത്രി ജയലളിത കൊണ്ടുവന്ന, ഒരാൾക്ക് ഒരേ സമയം എം.എൽ.എ.യും മേയറുമായിരിക്കാൻ കഴിയില്ല എന്ന നിയമപ്രകാരം മേയർ സ്ഥാനമൊഴിഞ്ഞു. 2019 ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ ആകെയുള്ള 39 സീറ്റുകളിൽ 38 സീറ്റും കരസ്ഥമാക്കി വൻ വിജയത്തിലേക്ക് ഡി.എം.കെ.യെ എത്തിക്കാനും എം.കെ. സ്റ്റാലിന് കഴിഞ്ഞു.

# പശ്ചിമബംഗാളിലും അസമിലും ഭരണത്തുടർച്ച

പശ്ചിമബംഗാൾ, അസം സംസ്ഥാനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ഭരണ കക്ഷികൾ അധികാരം നിലനിർത്തി. 292 അംഗ നിയമസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ 213 സീറ്റുകളിലാണ് മമതാ ബാനർജിനേതൃത്വംനൽകുന്നതൃണമൂൽകോൺഗ്രസ് വിജയിച്ചത്. എന്നാൽ നന്ദിഗ്രാമിൽ മത്സരിച്ച മമതാ ബാനർജി പരാജയപ്പെട്ടു. എട്ട് ഘട്ടങ്ങളിലായി നടത്തുവാൻ തീരുമാനിച്ച പശ്ചിമ ബംഗാൾ തെരഞ്ഞെടുപ്പ് കോവിഡ്-19 രൂക്ഷമായ സാഹചര്യത്തിൽ ഏഴ് ഘട്ടമാക്കി ചുരുക്കി. 2021 മേയ് 10 ന് മമതാ ബാനർജിയും 43 അംഗ മന്ത്രിസഭയും കൊൽക്കത്ത രാജ്ഭവനിൽ നടന്ന ചടങ്ങിൽ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.



മമതാ ബാനർജി



ഹിമന്ത ബിശ്വ ശർമ്മ

അതേസമയം അസമിൽ 126 അംഗ നിയമസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ബി.ജെ.പി. നേതൃത്വം നൽകുന്ന എൻ.ഡി.എ. സഖ്യം 75 സീറ്റുകൾ നേടി ഭരണം നിലനിർത്തി. 2021 മേയ് 10 ന് ഹിമന്ത ബിശ്വ ശർമ്മ അസമിന്റെ പതിനഞ്ചാമത് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. ഗുവാഹത്തിയിലെ ശ്രീമന്ത ശങ്കർദേവ് കലാക്ഷേത്രത്തിൽ നടന്ന ചടങ്ങിൽ ഗവർണർ പ്രൊഫ.ജഗദീഷ് മുഖി സത്യവാചകംചൊല്ലിക്കൊടുത്തു.മുഖ്യമന്ത്രിയെക്കൂടാതെ പതിമൂന്നംഗ മന്ത്രിസഭയും അധികാരമേറ്റു.

## പുതുച്ചേരിയിൽ എൻ.ആർ. കോൺഗ്രസ് – ബി.ജെ.പി. സഖ്യത്തിന് വിജയം



പുതുച്ചേരിയിൽ മുപ്പതംഗ നിയമ സഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ കേവല ഭൂരിപക്ഷമായ 16 സീറ്റ് നേടിയ എൻ.ആർ. കോൺഗ്രസ്- ബി.ജെ.പി സഖ്യത്തിന് ഭരണം. കോൺഗ്രസ് - ഡി.എം.കെ. സഖ്യത്തിന് എട്ടു സീറ്റുകൾ ലഭിച്ചപ്പോൾ ആറിടത്ത് സ്വതന്ത്രരാണ് വിജയിച്ചത്. ഭരണ കക്ഷിയായിരുന്ന കോൺഗ്രസ് - ഡി.എം.കെ. സഖ്യത്തിൽ നിന്നും എം.എൽ.എ.മാർ രാജിവച്ചതിനെത്തുടർന്നുണ്ടായ സംഭവ വികാസങ്ങൾക്കൊടുവിൽ രാഷ്ട്രപതി ഭരണം ഏർപ്പെടുത്തിയിരുന്ന പുതുച്ചേരിയിൽ തെരഞ്ഞെടുപ്പ് നടത്തുകയായിരുന്നു. എൻ.രംഗസ്വാമി മുഖ്യമന്ത്രിയായി അധികാരമേറ്റു.

## ബീഹാർ: മിക്കച്ച നിയമസഭാ സാമാജികന് അവാർഡ്




ബീഹാർ അസംബ്ലിയിലെ മികച്ച സാമാജികന് അവാർഡ് ഏർപ്പെടുത്തുന്നതായി സ്പീക്കർ അറിയിച്ചു. ലോക്സഭയിലും രാജ്യസഭയിലും മികച്ച പാർലമെന്റേറിയൻ അവാർഡ് നൽകുന്നതിന്റെ ചുവടുപിടിച്ചാണ് തീരുമാനം. മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന നിയമസഭാസാമാജികന് ബീഹാർ ലെജിസ്ലേറ്റീവ് അസംബ്ലിയുടെ പ്രശസ്തിപത്രവും മെമന്റോയും അവാർഡായി നൽകും. അവാർഡ് നൽകുന്നതിനായി രൂപീകരിക്കുന്ന കമ്മിറ്റിയാണ് മികച്ച സാമാജികനെ തെരഞ്ഞെടുക്കുന്നത്. ഇതിനുള്ള മാനദണ്ഡങ്ങൾ രൂപപ്പെടുത്തുന്നതിന് അംഗങ്ങളിൽ നിന്നുള്ള നിർദ്ദേശങ്ങൾ സ്വീകരിക്കുമെന്ന് സ്പീക്കർ വിജയ കുമാർ സിൻഹ വെളിപ്പെടുത്തി.

## ചിത്രജാലകം




ജവഹർലാൽ നെഹ്റുവിന്റെ ചരമവാർഷിക ദിനത്തോടനുബന്ധിച്ച് സ്പീക്കർ എം.ബി.രാജേഷ് നിയമസഭാ സമുച്ചയത്തിലെ നെഹ്റു പ്രതിമയിൽ പുഷ്പാർച്ചന നടത്തുന്നു



'ഓണത്തിന് ഒരു മുറം പച്ചക്കറി' പരിപാടിയോടനുബന്ധിച്ച് സ്പീക്കർ എം.ബി.രാജേഷ് നിയമസഭാ വളപ്പിൽ പച്ചക്കറിത്തൈ നടുന്നു

arivoram july 2021.indd 15 12-07-2021 04:16:59 PM

## നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ...





### ഇത് എന്റെ വഴി

ജോസഫ് പുലിക്കുന്നേൽ

ഡിസിബുക്ക്സ്:
കോട്ടയം, 2020.
Call No: Y73
(Q6)wJOS 32R0

(അശരണർക്കും ആതുരർക്കും വേണ്ടി സന്നദ്ധസേവനം നടത്തിയ ജോസഫ് പുലിക്കുന്നേലിന്റെ ആത്മകഥ)




### Three Thousand Stitches

Sudha Murty

Penguin Books: Gurgaon, 2017.

Call No: O111,3wSUD Q7


(Collection of real life stories)




### അച്ഛൻ പിറന്ന വീട്

വി. മധുസൂദനൻ നായർ

ഡിസിബുക്ക്സ്:
കോട്ടയം, 2018.
Call No:
O32,1MAD Q8
(കവിതാസമാഹാരം)




### Long Walk to Freedom

Nelson Mandela

Abacus: London, 1995.

Call No: V63:51y7MAN N5

(The Autobiography of Nelson Mandela)





### പുളിനെല്ലി സ്റ്റേഷൻ

അശോകൻ ചരുവിൽ

ഡിസിബുക്ക്സ്:
കോട്ടയം, 2020.
Call No:
O32,3ASO R0

(കഥാസമാഹാരം)




### The Gospel of Yudas

K. R. Meera
Translated by Rajesh Rajamohan

Penguin Books: Gurgaon, 2017.
Call No: O32,3MEE111Q7


(Novel)




### കട്ടക്കയം പ്രേമകഥ

സുസ്‌മേഷ് ചന്ത്രോത്ത്

മാതൃഭൂമിബുക്ക്സ്:
കോഴിക്കോട്, 2020.
Call No:
O32,3SUS R0
(കഥാസമാഹാരം)




### the Corona Virus: What you Need to Know About the Global Pandemic

Swapneil Parikh et. al.

Penguin Books: Gurgaon, 2020.
Call No: L:423 R0

(This book addresses the history, evolution, facts and myths around the COVID-19 pandemic)





### ജീവിതവിജയത്തിന് ബി പോസിറ്റീവ്

ജിജോ സിറിയക്

മാതൃഭൂമിബുക്ക്സ്:
കോഴിക്കോട്, 2019.
Call No: S:7 32Q9

(ജീവിതത്തെ പുതുക്കിപ്പണിയാൻ സന്നദ്ധമാക്കുന്ന പ്രചോദനാത്മക ചിന്തകളുടെ സമാഹാരം)




### How to Survive a Pandemic

Michael Greger

Macmillan: London, 2020.
Call No: L:423:5 R0

(This book tells the history and future of pandemics and how to survive it)





### തോറ്റ ചരിത്രം കേട്ടിട്ടില്ല

ജോർജ് പുളിക്കൻ

ഡിസിബുക്ക്സ്: കോട്ടയം, 2019.

Call No: V212 32Q9

(കേരളത്തിന്റെ സാമൂഹിക രാഷ്ട്രീയ ചരിത്രത്തിൽ മുഴങ്ങിക്കേട്ട മുദ്രാവാക്യങ്ങൾ, അവ രൂപപ്പെട്ട സന്ദർഭങ്ങൾ എന്നിവ വിശദീകരിക്കുന്ന പുസ്തകം)




### From Childhood to Adolescence

Maria Montessori

Aakar Books: New Delhi, 2020.
Call No: TN1 R0

(In this work, Maria Montessori examines the educational concerns of the older child, the adolescence and even the mature university student. She considers each level and seeks the optimum method of facilitating growth)

## എം.പി.അബ്ദുസ്സമദ് സമദാനി ലോക്സഭയിലേയ്ക്ക്



സംസ്ഥാനത്തെ ലോക്സഭാ മണ്ഡലമായ മലപ്പുറത്ത് ഒഴിവുണ്ടായിരുന്ന സീറ്റിലേയ്ക്ക് നടന്ന ഉപതെരഞ്ഞെടുപ്പിൽ മുസ്ലീംലീഗ് സ്ഥാനാർത്ഥിയായി മത്സരിച്ച എം.പി.അബ്ദുസ്സമദ് സമദാനി വിജയിച്ചു. നിയമസഭാ തെരഞ്ഞെടുപ്പിനോടൊപ്പമാണ് ലോക്സഭാ ഉപതെരഞ്ഞെടുപ്പും നടത്തിയത്. 1,14,615 വോട്ടിന്റെ ഭൂരിപക്ഷമാണ് സമദാനിക്ക് ലഭിച്ചത്. നിയമസഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനുവേണ്ടി പി.കെ.കുഞ്ഞാലിക്കുട്ടി ലോക്സഭാംഗത്വം രാജിവച്ചതോടെയാണ് ഉപതെരഞ്ഞടുപ്പ് നടത്തിയത്.

ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ നാഷണൽ സീനിയർ വൈസ് പ്രസിഡന്റായ എം.പി.അബ്ദുസ്സമദ് സമദാനി, 1994-2000, 2000-2006 കാലഘട്ടത്തിൽ രാജ്യസഭാംഗമായിരുന്നു. പ്രതിരോധ സമിതി, സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി, മേശപ്പുറത്തു വച്ച കടലാസുകൾ സംബന്ധിച്ച സമിതി, വിദേശ മന്ത്രാലയത്തിന്റെ കൺസൾട്ടേറ്റീവ് കമ്മിറ്റി, മാനവശേഷി വികസന സമിതി, വഖഫിന്റെ സംയുക്ത പാർലമെന്ററി സമിതി ബോർഡ്, ആരോഗ്യ കുടുംബക്ഷേമ സമിതി തുടങ്ങിയവയിൽ അംഗമായിരുന്നു. പതിമൂന്നാം കേരള നിയമസഭയിൽ കോട്ടയ്ക്കൽ മണ്ഡലത്തെ പ്രതിനിധീകരിച്ച് അംഗമായി.

## ഐ.പി.സി. 124എ- സെഡീഷൻ (രാജ്യദ്രോഹം) കേദാർനാഥ് സിങ്, വിനോദ് ദുവ കേസുകളിലെ വിധികൾ

ഇന്ത്യൻ ശിക്ഷാനിയമം അഥവാ ഇന്ത്യൻ പീനൽ കോഡ് (ഐ.പി.സി) 1860 ൽ നടപ്പിൽ വന്നു. ഐ.പി.സി.യിലെ 124എ എന്ന വകുപ്പ് രാജ്യദ്രോഹം എന്ന കുറ്റത്തെ സംബന്ധിച്ചുള്ളതാണ്.1870 ലാണ് ഈ വകുപ്പ് ഐ.പി.സിയിൽ ഉൾപ്പെടുത്തിയത് (മൂലനിയമത്തിൽ ഭേദഗതിയായതിനാലാണ് 'എ' എന്ന അക്ഷരം 124 നോടൊപ്പം വന്നത്). ഇന്ത്യൻ ദേശീയ പ്രസ്ഥാനങ്ങളെ തളച്ചിടാനാണ് ബ്രിട്ടീഷ് സർക്കാർ ഈ വകുപ്പിനെ ഉപയോഗിച്ചിരുന്നത്. ബാലഗംഗാധര തിലകനും ഗാന്ധിജിയും ഉൾപ്പെടെയുള്ള ദേശീയനേതാക്കൾ ഈ വകുപ്പനുസരിച്ച് കുറ്റം ചുമത്തപ്പെട്ട് ജയിൽശിക്ഷ അനുഭവിച്ചവരാണ്. സ്വാതന്ത്ര്യാനന്തരം ഐ.പി.സി.യിലെ ഈ വകുപ്പ് റദ്ദുചെയ്യണമെന്ന ആവശ്യം ഉയർന്നുവന്നെങ്കിലും മാറിമാറി വന്ന സർക്കാരുകൾ എതിർപ്പിന്റെ ശബ്ദങ്ങളെ തളച്ചിടാൻ രാജ്യദ്രോഹം എന്ന വകുപ്പ് ദുരുപയോഗം ചെയ്തിട്ടുള്ളതായി വിമർശനം ഉയർന്നുവന്നിട്ടുണ്ട്.

സ്റ്റേറ്റിനെതിരെയുള്ള കുറ്റങ്ങൾ എന്ന ശീർഷകത്തിലുള്ള ആറാം അദ്ധ്യായത്തിലാണ് 124എ വകുപ്പ് ഉൾപ്പെടുത്തിയിരിക്കുന്നത്. വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ അധികാരത്തിലെത്തിയ സർക്കാരിന്റെ തെറ്റായ നടപടികളെ നിയമാനുസൃതമായ മാർഗ്ഗങ്ങളിലൂടെ തിരുത്തിയ്ക്കുക എന്ന ലക്ഷ്യത്തോടെ, നിന്ദയോ അപ്രീതിയോ ഉദ്ദീപിപ്പിക്കാതെ വിമർശനം നടത്തുന്നത് 124എ എന്ന വകുപ്പിന്റെ പരിധിയിൽപ്പെടുന്നില്ല എന്ന് ഈ വകുപ്പിന്റെ വിശദീകരണത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതായത്, ഗവൺമെന്റിന്റെ ഭരണപരമോ മറ്റുവിധത്തിലുള്ളതോ ആയ പ്രവർത്തനങ്ങളെക്കുറിച്ച് വെറുപ്പോ നിന്ദയോ അപ്രീതിയോ ഉദ്ദീപിപ്പിക്കുകയോ ഉദ്ദീപിപ്പിക്കാൻ ശ്രമിക്കുകയോ ചെയ്യാതെ പ്രതികൂലാഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടുള്ള വിമർശനങ്ങൾ ഈ വകുപ്പു പ്രകാരമുള്ള കുറ്റമാകുന്നതല്ല. ജീവപര്യന്തം തടവും പിഴയും അല്ലെങ്കിൽ മൂന്നുവർഷത്തെ തടവും പിഴയും അല്ലെങ്കിൽ പിഴ എന്നതാണ് രാജ്യദ്രോഹം തെളിയിക്കപ്പെട്ടവരുടെ മേലുള്ള ശിക്ഷ. ഈ കുറ്റം കോഗ്നൈസബിളും (വാറന്റില്ലാതെ അറസ്റ്റുചെയ്യാവുന്നത്) ജാമ്യം അനുവദിക്കാത്തതും സെഷൻസ് കോടതിയ്ക്ക് വിചാരണ ചെയ്യാവുന്നതും രാജിയാകുന്നതിന് വ്യവസ്ഥയില്ലാത്തതുമാണ്. തങ്ങളുടെ കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി സർക്കാരുകളുടെ പിടിപ്പുകേടുകളെയും അഴിമതിയെയും മറ്റും വിമർശിക്കേണ്ടിവരുന്ന മാധ്യമപ്രവർത്തകർ പലപ്പോഴും ഈ നിയമത്തിന്റെ കുരുക്കുകളിൽ വീണിട്ടുണ്ട്. ഭരണഘടനയുടെ മൗലികാവകാശമായ അഭിപ്രായസ്വാതന്ത്ര്യത്തിന്റെ ലക്ഷ്മണരേഖകൾ രാജ്യദ്രോഹത്തിന്റെ അതിർത്തി കടന്നോ എന്ന നിയമപ്രശ്നം കോടതികളിൽ വ്യവഹാരങ്ങളായിട്ടുണ്ട്. പഞ്ചാബ് ഹൈക്കോടതി ഈ വകുപ്പ് ഭരണഘടനാ വിരുദ്ധമെന്ന് 1951 ൽ വിധിക്കുകയുണ്ടായി (Tarasingh Gopi Chand v. State, 1951 Cri. LJ 449). അലഹബാദ് ഹൈക്കോടതിയും 1959 ൽ സമാനമായ വിധി പുറപ്പെടുവിക്കുകയുണ്ടായി (Ram Nandan v. State of UP, AIR 1959 All 101).

രാജ്യദ്രോഹം സംബന്ധിച്ച് കേദാർനാഥ്സിങ് കേസിലാണ് സുപ്രീംകോടതിയുടെ ശ്രദ്ധേയമായ വിധിയുണ്ടായത്. ഫോർവേഡ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവായിരുന്ന കേദാർനാഥ്സിങ്. ബീഹാറിലെ ബറോണിയ എന്ന സ്ഥലത്തുവച്ച് 1953 മേയ് 26 ന് അദ്ദേഹം നടത്തിയ പ്രസംഗത്തിൽ അന്നത്തെ സർക്കാരിനെ വിമർശിക്കുകയുണ്ടായി. വിപ്ലവത്തിന്റെ ജ്വാലയിൽ രാജ്യത്തെ കോൺഗ്രസ് നേതാക്കളും മുതലാളിമാരും ചാരമാകുമെന്നും ആ ചാരത്തിന്മേൽ നിർധനരുടെ സർക്കാരുണ്ടാകുമെന്നും കേദാർനാഥ് തന്റെ പ്രസംഗത്തിൽ പറഞ്ഞു. ഐ.പി.സി.യിലെ 124എ, 505 (പൊതുദ്രോഹത്തിന് വഴിയുണ്ടാക്കുന്ന പ്രസ്താവനകൾ) എന്നീ വകുപ്പുകൾ പ്രകാരം കേദാർനാഥിനെ വിചാരണകോടതി ഒരു വർഷം കഠിനതടവിന് ശിക്ഷിച്ചു. ഹൈക്കോടതിയും സുപ്രീംകോടതിയും ഇതു ശരിവച്ചു. വീണ്ടും നൽകിയ അപ്പീലിന്മേൽ അഞ്ചംഗ ഭരണഘടനാബെഞ്ച് 1962 ജനുവരി 20 ന് വിധി പറഞ്ഞു (Kedarnath Singh v. State of Bihar, AIR 1962 S.C.995) രാജ്യദ്രോഹക്കുറ്റം സംബന്ധിച്ച വകുപ്പ് ഭരണഘടനാ വിരുദ്ധമല്ലെന്നും രാജ്യദ്രോഹക്കുറ്റ വകുപ്പുകളുടെ പരിധിയിൽ എന്തൊക്കെവരുമെന്നും വരില്ലെന്നും ഈ വിധിയിൽ സുപ്രീംകോടതി വിശദീകരിച്ചിട്ടുണ്ട്. ഭരണം നടത്തുന്ന വ്യക്തികളെയും സർക്കാരിനെയും വേർതിരിച്ച് കാണണമെന്നും അക്രമത്തിനു പ്രേരകമല്ലാത്ത രീതിയിൽ സർക്കാരിനെ എത്ര കടുത്ത ഭാഷയിൽ വിമർശിക്കുന്നതും കുറ്റകരമല്ലെന്ന് പ്രസ്തുത വിധിയിൽ തീർപ്പാക്കുകയുണ്ടായി.

ഇന്ത്യയിലെ മുതിർന്ന മാധ്യമപ്രവർത്തകനാണ് വിനോദ് ദുവ. പ്രണയ് റോയിയോടൊപ്പം തെരഞ്ഞെടുപ്പ് വിശകലനങ്ങളിൽ പങ്കെടുത്തിരുന്ന വിനോദ് ദുവ. ദേശീയ ന്യൂസ്ചാനലുകൾ വീക്ഷിച്ചിരുന്ന മലയാളികൾക്കും പരിചിതനാണ്. പഠാൻകോട്ടിലും പുൽവാമയിലും ഇന്ത്യയ്ക്കെതിരെയുണ്ടായ ആക്രമണങ്ങളും ബാലാക്കോട്ടിലെ ഇന്ത്യയുടെ വ്യോമാക്രമണവും മോദിസർക്കാർ വോട്ടിനുള്ള മാർഗമാക്കിയെന്നും കോവിഡ് പ്രതിരോധ നടപടികളിൽ സർക്കാരിന് വീഴ്ചയുണ്ടായെന്നും വിനോദ് ദുവ ഒരു യൂട്യൂബ് ചാനലിലെ വിനോദ് ദുവ ഷോ എന്ന പരിപാടിയിൽ പരാമർശിക്കുകയുണ്ടായി. ഹിമാചൽ പ്രദേശ് പോലീസ് അദ്ദേഹത്തിനെതിരെയുണ്ടായ പരാതിയിൽ രാജ്യദ്രോഹക്കുറ്റം ചാർത്തി കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. കേദാർനഥ്സിങ് കേസിലെ വിധിയിൽ പറയുന്ന സംരക്ഷണം മാധ്യമപ്രവർത്തകർക്കുമുണ്ടെന്ന് വ്യക്തമാക്കിക്കൊണ്ട് സുപ്രീംകോടതിയുടെ രണ്ടംഗബെഞ്ച് അദ്ദേഹത്തിനെതിരെയുള്ള രാജ്യദ്രോഹക്കുറ്റം റദ്ദാക്കുകയുണ്ടായി. സർക്കാർ നടപടികളിലെ പോരായ്മകൾ പുറത്തുകൊണ്ടുവരാനും കാര്യക്ഷമമായ പരിഹാരം കൊണ്ടുവരാനും ഉദ്ദേശിച്ചാണ് ദുവയുടെ പരാമർശങ്ങളെന്നും അനുവദനീയമായ പരിധിയ്ക്കുള്ളിൽ നിന്നു മാത്രമേ അദ്ദേഹം സംസാരിച്ചിട്ടുള്ളുവെന്നും വിധിന്യായത്തിൽ സുപ്രീംകോടതി പ്രസ്താവിക്കുകയുണ്ടായി (Vinod Dua v. Union of India and others, Writ petition (criminal) No.154 of 2020).

ഇന്ത്യയിൽ ഈ നിയമം കൊണ്ടുവന്ന ബ്രിട്ടൻ 2009 ൽ Sedition (രാജ്യദ്രോഹം) എന്നത് ക്രിമിനൽ കുറ്റമാണെന്നുള്ള വ്യവസ്ഥ അവരുടെ നീതിന്യായ വ്യവസ്ഥയിൽ നിന്നും നീക്കം ചെയ്തു എന്നത് കൗതുകകരവും ഐ.പി.സി.യിലെ ഈ വകുപ്പ് ഒഴിവാക്കണമെന്ന് ആവശ്യപ്പെടുന്ന പൊതുപ്രവർത്തകർക്കും മാധ്യമപ്രവർത്തകർക്കും പ്രചോദനമേകുന്ന നടപടിയാണെന്നുമുള്ള കാര്യത്തിൽ സംശയമില്ല.

*തയ്യാറാക്കിയത്:*
*ആർ. കിഷോർ കുമാർ, സ്പെഷ്യൽ സെക്രട്ടറി*

arivoram july 2021.indd 16
12-07-2021 04:17:00 PM

# അബ്ദുൾ വഹാബ്, ജോൺ ബ്രിട്ടാസ്, ഡോ. വി. ശിവദാസൻ എന്നിവർ രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു

## കോടതി നടപടിക്ക് വിധേയമായ തെരഞ്ഞെടുപ്പ്





രാജ്യസഭയിലേയ്ക്ക് ഒഴിവുവന്ന മൂന്ന സീറ്റിലേയ്ക്ക് അബ്ദുൾ വഹാബ് (ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗ്), ജോൺ ബ്രിട്ടാസ് (സി.പി.ഐ. (എം)), ഡോ. വി. ശിവദാസൻ (സി.പി.ഐ. (എം)) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. മൂന്നാം തവണ രാജ്യസഭാംഗമാകുന്ന അബ്ദുൾ വഹാബ് മുസ്ലിംലീഗ് പാർട്ടിയുടെ ദേശീയ ട്രഷററാണ്. മുതിർന്ന മാധ്യമ പ്രവർത്തകനായ ജോൺ ബ്രിട്ടാസ് കൈരളി ടി.വി. യുടെ എം.ഡി.യും ചീഫ് എഡിറ്ററും മുഖ്യമന്ത്രിയുടെ മാധ്യമ ഉപദേഷ്ടാവുമായിരുന്നു. ഡോ. വി. ശിവദാസൻ സി.പി.ഐ. (എം) സംസ്ഥാന കമ്മിറ്റി അംഗമാണ്. എസ്.എഫ്.ഐ. അഖിലേന്ത്യാ പ്രസിഡന്റും കെ.എസ്.ഇ.ബി. ഡയറക്ടർ ബോർഡ് അംഗവുമായിരുന്നിട്ടുണ്ട്. അബ്ദുൾ വഹാബ്, കെ.കെ. രാഗേഷ്, വയലാർ രവി എന്നിവരുടെ കാലാവധി തീയതി അവസാനിക്കുന്ന ഒഴിവുകളിലേയ്ക്കാണ് തെരഞ്ഞെടുപ്പ് നടന്നത്. സാധുവായ നാമനിർദ്ദേശ പത്രികകൾ മൂന്നുപേരുടേത് മാത്രമായതിനാൽ വോട്ടിംഗ് വേണ്ടി വന്നില്ല. ആയതിനാൽ നാമനിർദ്ദേശപത്രിക പിൻവലിക്കുന്ന ദിവസമായ 2021 ഏപ്രിൽ 24-ാം തീയതി പത്രിക പിൻവലിക്കാനുള്ള സമയമായ മൂന്ന മണിക്കുശേഷം റിട്ടേണിംഗ് ഓഫീസർ തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ചു. നിയമസഭാ സെക്രട്ടറി എസ്.വി. ഉണ്ണികൃഷ്ണൻനായർ റിട്ടേണിംഗ് ഓഫീസറും നിയമസഭാ സ്പെഷ്യൽ സെക്രട്ടറി ആർ. കിഷോർകുമാർ അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസറുമായിരുന്നു. 2021 ഏപ്രിൽ 13 ന് പുറപ്പെടുവിച്ച വിജ്ഞാപനപ്രകാരം നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി 2021 ഏപ്രിൽ 20 നും സൂക്ഷ്മപരിശോധന ഏപ്രിൽ 21 നും നാമനിർദ്ദേശപത്രിക പിൻവലിക്കാനുള്ള തീയതി ഏപ്രിൽ 23 നും വോട്ടിംഗ് ആവശ്യമെങ്കിൽ ഏപ്രിൽ 30 നുമെന്നാണ് തീരുമാനിച്ചിരുന്നത്. ഡോ. കെ. പത്മരാജൻ എന്ന വ്യക്തി പത്രിക സമർപ്പിച്ചിരുന്നെങ്കിലും 1951 ലെ ജനപ്രാതിനിധ്യ നിയമത്തിലെ വകുപ്പ് 36(2) (ബി) പ്രകാരം പത്രികയിൽ നിർദ്ദേശകർ ഇല്ലാതിരുന്നതിനാൽ അദ്ദേഹത്തിന്റെ പത്രിക തള്ളുകയുണ്ടായി. നാമനിർദ്ദേശപത്രിക നൽകുന്നതു മുതലുള്ള എല്ലാ നടപടിക്രമങ്ങളിലും കോവിഡ് പ്രോട്ടോക്കോൾ കൃത്യമായി പാലിച്ചിരുന്നു. എല്ലാ നടപടിക്രമങ്ങളും ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിന്റെ ഫോട്ടോഗ്രാഫറും വീഡിയോഗ്രാഫറും ചിത്രങ്ങൾ പകർത്തി ഇലക്ട്രോണിക് മാധ്യമങ്ങൾ ഉൾപ്പെടെയുള്ളവർക്ക് വിതരണം ചെയ്തു. ജോൺ ബ്രിട്ടാസ്, ഡോ. വി. ശിവദാസൻ എന്നിവർ 2021 ജൂൺ 8-ാം തീയതി രാജ്യസഭാംഗമായി സത്യപ്രതിജ്ഞ ചെയ്തു. ഡോ. വി. ശിവദാസൻ മലയാളത്തിലാണ് സത്യവാചകം ചൊല്ലിയത്.

കേരളത്തിൽ ഇദംപ്രഥമമായി രാജ്യസഭാ തെരഞ്ഞെടുപ്പ് കോടതി വ്യവഹാരങ്ങളിൽ വരുകയും തെരഞ്ഞെടുപ്പ് നീട്ടിവച്ച കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ നടപടി കേരള ഹൈക്കോടതി തടയുകയും പതിനാലാം കേരള നിയമസഭയുടെ കാലയളവിൽ തന്നെ തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കുകയും ചെയ്തു. പ്രസ്തുത കേസിന് ആസ്പദമായ കാര്യങ്ങൾ ചുരുക്കമായി പറയാം. രാജ്യസഭയിലേയ്ക്ക് കേരളത്തിൽ നിന്നുള്ള മൂന്ന് ഒഴിവിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് സംബന്ധിച്ച പത്രക്കുറിപ്പ് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ 2021 മാർച്ച് 24 ാം തീയതി പ്രസിദ്ധപ്പെടുത്തി. തെരഞ്ഞെടുപ്പ് വിജ്ഞാപനം 2021 മാർച്ച് 24, നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള അവസാന തീയതി മാർച്ച് 31, സൂക്ഷ്മപരിശോധന ഏപ്രിൽ 3, നാമനിർദ്ദേശപത്രിക പിൻവലിയ്ക്കൽ ഏപ്രിൽ 5, വോട്ടെടുപ്പ് ഏപ്രിൽ 12 എന്ന സമയക്രമമാണ് പത്രക്കുറിപ്പിൽ ഉൾക്കൊള്ളിച്ചിരുന്നത്. ആ വിവരം കേരളത്തിന്റെ ചീഫ് ഇലക്ടൽ ഓഫീസർ കത്തുമുഖേന നിയമസഭാ സെക്രട്ടറിയെ അറിയിക്കുകയും അതിനനുസരിച്ച് ഉടൻ തന്നെ വോട്ടിംഗ് ആവശ്യമുള്ളപക്ഷം കോൺഫറൻസ് ഹാൾ സജ്ജമാക്കുന്നതുൾപ്പെടെയുള്ള തുടർനടപടി കൈക്കൊള്ളുകയും ചെയ്തു. എന്നാൽ അതേദിവസം തന്നെ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ മറ്റൊരു പത്രക്കുറിപ്പ് പുറത്തിറക്കി. കേന്ദ്ര നിയമവും നീതിന്യായവും മന്ത്രാലയത്തിന്റെ ഒരു റഫറൻസ് ലഭിച്ചതിനാൽ കേരളത്തിലെ രാജ്യസഭാ തെരഞ്ഞെടുപ്പ് സംബന്ധിച്ച വിജ്ഞാപനവും പട്ടികയും മറ്റൊരുത്തരവുണ്ടാകുന്നതുവരെ മരവിപ്പിക്കുന്നു എന്നായിരുന്നു ആ പത്രക്കുറിപ്പിലുണ്ടായിരുന്നത്. കൂടുതൽ വിശദാംശങ്ങളൊന്നും അതിലില്ലായിരുന്നതിനാൽ തെരഞ്ഞെടുപ്പ് പ്രക്രിയ നിർത്തിവച്ചു എന്നാണ് മാധ്യമങ്ങളിലൂടെയും മറ്റും അറിയാൻ കഴിഞ്ഞത്.

കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഈ നടപടിക്കെതിരെ പതിനാലാം കേരള നിയമസഭയിലെ അംഗമായിരുന്ന എസ്. ശർമ സ്പീക്കർ പി. ശ്രീരാമകൃഷ്ണന് പരാതി നൽകി. സ്പീക്കറുടെ നിർദ്ദേശാനുസരണം നിയമസഭാ സെക്രട്ടറി കേരള ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയുണ്ടായി (W.P.(C) No.8089 of 2021). എസ്.ശർമ്മയും നിയമസഭാംഗമെന്ന നിലയിൽ റിട്ട് പെറ്റീഷൻ നൽകുകയുണ്ടായി (W.P. (C) No.8092 of 2021). ഭാരതത്തിന്റെ ഭരണഘടന പ്രകാരം പതിനാലാം കേരള നിയമസഭയുടെ കാലാവധി 2016 ജൂൺ 2 മുതൽ അഞ്ചു വർഷമെന്ന കണക്കിൽ 2021 ജൂൺ 1 വരെ നീളുന്നതാണ്. രാജ്യസഭയിലേയ്ക്ക് ഈ മൂന്ന് സീറ്റുകളുടെ ഒഴിവ് 2021 ഏപ്രിൽ 21 ാം തീയതി വരുകയും ചെയ്തു. പതിനഞ്ചാം കേരള നിയമസഭയിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് 2021 ഏപ്രിൽ 6 ാം തീയതി നടന്ന് മെയ് 2 ാം തീയതി ഫലം പ്രഖ്യാപിക്കുമെന്ന് ഇതിനകം വിജ്ഞാപനം ആകുകയുംചെയ്തു. നിയമസഭാംഗമെന്ന നിലയിൽ രാജ്യസഭയിലേയ്ക്ക് വോട്ട് ചെയ്യാമെന്നുള്ള തനിക്കുള്ള ഭരണഘടനാനുസൃതമായ അവകാശം തെരഞ്ഞെടുപ്പ് മാറ്റി വച്ചാൽ നഷ്ടമാകുമെന്ന് എസ്. ശർമ തന്റെ ഹർജിയിൽ വാദിക്കുകയുണ്ടായി. ഈ മൂന്ന് ഒഴിവുകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് പതിനാലാം കേരള നിയമസഭയുടെ കാലയളവിനുള്ളിൽതന്നെ നടത്താൻ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന് നിർദ്ദേശം നൽകണമെന്ന് നിയമസഭാ സെക്രട്ടറിയുടെ ഹർജിയിൽ അപേക്ഷിച്ചിരുന്നു.

കേരള ഹൈക്കോടതി ഈ വിഷയം 2021 മാർച്ച് 24-ാം തീയതി പരിഗണനയ്ക്കെടുത്തപ്പോൾ കമ്മീഷന്റെ സ്റ്റാന്റിംഗ് കൗൺസിൽ കൂടുതൽ സമയം ചോദിക്കുകയും അതനുവദിച്ചതിന്റെ വെളിച്ചത്തിൽ മാർച്ച് 30-ാം തീയതി കമ്മീഷൻ ഒരു സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യുകയുമുണ്ടായി. തെരഞ്ഞെടുപ്പ് നടപടി മരവിപ്പിച്ചതേയുള്ളൂവെന്നും ഇതു സംബന്ധിച്ച തീരുമാനം ഉടൻ കൈക്കൊള്ളുമെന്നും ആയതിനാൽ ഇപ്പോൾ ഈ ഹർജി പരിഗണിയ്ക്കുന്നതിന് പാകമായില്ലായെന്നുമാണ് (premature) കമ്മീഷന്റെ അഭിഭാഷകൻ സ്റ്റേറ്റ്മെന്റിൽ ബോധിപ്പിച്ചത്. തെരഞ്ഞെടുപ്പ് വിജ്ഞാപനം 2021 ഏപ്രിൽ 21 ന് മുമ്പ് പുറപ്പെടുവിക്കുമെന്ന് കമ്മീഷന്റെ സ്റ്റാന്റിംഗ് കൗൺസിൽ 2021 ഏപ്രിൽ 7 ാം തീയതി കോടതിയെ ബോധിപ്പിച്ചു. ഇപ്രകാരം തെരഞ്ഞെടുപ്പ് മരവിപ്പിച്ചതിന്റെ കാരണമെന്തെന്ന് അറിയിക്കാൻ കോടതി കമ്മീഷനോടാവശ്യപ്പെട്ടു. നേരത്തെ പുറപ്പെടുവിച്ച സമയക്രമപ്രകാരം 2021 ഏപ്രിൽ 12 ാം തീയതി തെരഞ്ഞെടുപ്പു നടത്തിയാൽ ഏപ്രിൽ 6 ാം തീയതി നടന്ന പൊതുതെരഞ്ഞെടുപ്പിലുള്ള ജനവിധി അതിൽ പ്രതിഫലിക്കുകയില്ലെന്ന ഒരു വാദമുഖം കേന്ദ്ര നിയമ നീതിന്യായ മന്ത്രാലയം കമ്മീഷനെ അറിയിച്ചതായി കോടതിയിൽ ബോധിപ്പിക്കുകയുണ്ടായി. പുതിയ നിയമസഭ രൂപീകരിച്ചതിനുശേഷം ആ സഭയിലെ അംഗങ്ങൾ വോട്ടർമാരായി രാജ്യസഭയിലേയ്ക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതാണ് ഭരണഘടനയുടെ അന്തഃസത്തയ്ക്ക് ഉചിതമെന്ന് മുതിർന്ന ഒരു അഭിഭാഷകൻ കമ്മീഷന് നിയമോപദേശം നൽകിയതായും വെളിവാക്കപ്പെട്ടു. ഇപ്രകാരമുള്ള നിയമോപദേശങ്ങളും ഭരണഘടനവ്യവസ്ഥകളും പരിശോധിച്ച കമ്മീഷൻ നേരത്തെയുള്ള അംഗങ്ങൾ റിട്ടയർ ചെയ്യുന്ന 2021 ഏപ്രിൽ 21 ന് മുമ്പ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണെന്നും കോടതിയെ ബോധിപ്പിച്ചു. എന്നാൽ, ഏപ്രിൽ 21ാം തീയതി വരെ വിജ്ഞാപന തീയതി നീളുകയാണെങ്കിൽ തെരഞ്ഞെടുപ്പ് പ്രക്രിയ വോട്ടെണ്ണൽ തീയതിയായ മേയ് 2ാം തീയതിക്ക് ശേഷവും തുടരുമെന്നും അപ്പോഴേയ്ക്കും പുതിയ നിയമസഭ രൂപീകരിച്ചുകൊണ്ടുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചാൽ അടുത്ത നിയമസഭയിലെ അംഗങ്ങൾക്കാണ് വോട്ടവകാശം ലഭിയ്ക്കുന്നതെന്നും ഭരണഘടനയുടെ അനുഛേദം 324 വിഭാവനം ചെയ്യുന്നതനുസരിച്ച് കമ്മീഷൻ പ്രവർത്തിച്ചില്ലെന്നും ഹർജിക്കാരുടെ സീനിയർ കൗൺസിലർമാർ വാദിക്കുകയുണ്ടായി. എൻ.പി. പൊന്നുസ്വാമി v/s റിട്ടേണിംഗ് ഓഫീസർ, നാമയ്ക്കൽ (AIR 1952 SC 64), മോഹീന്ദർസിംഗ് v/s ചീഫ് ഇലക്ഷൻ കമ്മീഷണർ (1978, ISC 405, AIR 1978 SC 851, ഡി.എം.ഡി.കെ v/s ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ (2012, SCC 340) തുടങ്ങിയ വിവിധ കോടതി വിധികൾ ഹർജിക്കാരുടെ അഭിഭാഷകർ വാദമുഖത്തിൽ ഉൾപ്പെടുത്തുകയുണ്ടായി. മദ്രാസ് ഹൈക്കോടതിയുടെ ജി. വസന്ത് പൈ v. ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ എന്ന കേസിലെ വിധി ഉദ്ധരിച്ചുകൊണ്ട് നിലവിലുണ്ടായിരുന്ന സഭയിലെ അംഗങ്ങൾ രാജ്യസഭാ തെരഞ്ഞെടുപ്പിൽ വോട്ടർമാരാകണമന്ന് നിർബന്ധമില്ലെന്ന് കമ്മീഷന്റെ കൗൺസിൽ വാദിച്ചെങ്കിലും പ്രസ്തുത വാദമുഖം ഇപ്പോഴത്തെ കേസുമായി സാമ്യമുള്ളതല്ലെന്ന് കോടതി അഭിപ്രായപ്പെട്ടു.

എല്ലാ വാദങ്ങളും കേട്ടശേഷം 2021 ഏപ്രിൽ 12 ാം തീയതി ജസ്റ്റീസ് പി.വി. ആശയുടെ ബെഞ്ചിൽ നിന്നും സുപ്രധാനമായ വിധിയുണ്ടായി. നിലവിലുണ്ടായിരുന്ന നിയമസഭയിലെ അംഗങ്ങൾ നാമനിർദ്ദേശം ചെയ്ത സ്ഥാനാർത്ഥികളെ പൊതുതെരഞ്ഞെടുപ്പിനുശേഷം വരുന്ന നിയമസഭയിലെ അംഗങ്ങൾ തെരഞ്ഞെടുക്കുക എന്ന സ്ഥിതിവിശേഷം ഒഴിവാക്കണമെന്ന് ഹർജിക്കാർക്കു വേണ്ടി വാദിച്ച അഭിഭാഷകരുടെ വാദമുഖം ഹൈക്കോടതി അംഗീകരിച്ചു. അനുഛേദം 324 ന്റെ അന്തഃസത്ത പൂർണ്ണമായി ഉൾക്കൊണ്ട് രാജ്യസഭയിലേയ്ക്ക് ഒഴിവുവന്ന മൂന്നു സ്ഥാനങ്ങളിലേയ്ക്ക് നിലവിലുണ്ടായിരുന്ന നിയമസഭയുടെ കാലഘട്ടത്തിൽ തന്നെ 2021 മേയ് 2-ാം തീയതിക്കകം തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കണമെന്ന് ഹൈക്കോടതി കേന്ദ്ര ഇലക്ഷൻ കമ്മീഷന് ഉത്തരവ് നൽകികൊണ്ട് വിധി പുറപ്പെടുവിച്ചു. തുടർന്ന്, പുതുക്കിയ സമയക്രമം കമ്മീഷൻ വിജ്ഞാപനം ചെയ്യുകയും അതനുസരിച്ച് തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കുകയും ചെയ്തു.

തെരഞ്ഞെടുപ്പ് പ്രക്രിയ തുടങ്ങിയതിന് ശേഷം രാജ്യസഭാ തെരഞ്ഞെടുപ്പ് നിർത്തിവച്ച കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ നടപടി ദേശീയ മാധ്യമങ്ങളും ചാനലുകളും ചർച്ചയാക്കി. അപ്രകാരം മാറ്റിവച്ച നടപടി ഭരണഘടനാ സ്ഥാപനത്തിന്റെ നിഷ്പക്ഷതയ്ക്കുമേൽ കളങ്കം ചാർത്തിയെന്നും വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ വിമർശിക്കുകയുണ്ടായി.

*തയ്യാറാക്കിയത്:*
*ആർ. കിഷോർ കമാർ,*
*സ്പെഷ്യൽ സെക്രട്ടറി*

arivoram july 2021.indd 17 12-07-2021 04:17:00 PM



# ലോകായുക്ത


## പൊതുജനങ്ങളുടെ വക്കീൽ

അഴിമതിയും കെടുകാര്യസ്ഥതയും ഇല്ലാതെ സാധാരണ പൗരന് സമൃദ്ധിയോടെയും സന്തോഷത്തോടെയും അന്തസോടെയും ജീവിക്കാൻ കഴിയുന്ന അവസ്ഥയാണ് ക്ഷേമരാഷ്ട്ര സങ്കൽപം. എന്നാൽ അധികാര ദുർവിനിയോഗവും അഴിമതിയും കൂട്ടുകൂടുന്നിടത്ത് ഈ സങ്കല്പത്തിന് ഇളക്കം തട്ടുന്നു. ഇവിടെ പൗരന്മാർ അസ്വസ്ഥരാകുന്നു. അവരുടെ പരാതികൾ കേൾക്കാനോ പരിഹരിക്കാനോ ആളില്ലാത്ത അവസ്ഥ കൂടി സംജാതമാകുമ്പോൾ ആ നാട് അരാജകത്വത്തിലേക്കും നിരാശയിലേക്കും കൂപ്പുകുത്തും. ഭരണകൂടങ്ങളുടെ കഴിവില്ലായ്മയും അധികാരവർഗ്ഗങ്ങളുടെ ദുർഭരണവും അഴിമതിയും ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ പലപ്പോഴും കലാപത്തിനും കൂട്ടക്കുരുതികൾക്കും വഴിവച്ചിട്ടുള്ളതിന്റെ രേഖപ്പെടുത്തലുകൾ ചരിത്രപുസ്തകത്താളുകളിൽധാരാളമായി കാണാൻ കഴിയും. പൊതുജനങ്ങൾക്ക് അധികാരസ്ഥാനത്തിരിക്കുന്നവരിൽ നിന്നും നേരിടേണ്ടി വരുന്ന ദുരനുഭവങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമം എന്ന നിലയിലാണ് ഇന്ത്യയിൽ ലോക്പാലും ലോകായുക്തയും ശ്രദ്ധാകേന്ദ്രങ്ങളാകുന്നത്. അധികാരസ്ഥാനത്തിരിക്കുന്ന വ്യക്തികളുടെ ദുർഭരണവും അഴിമതിയും പുറത്തുകൊണ്ടുവരുന്നതിന് പൊതുജനങ്ങളെ സഹായിക്കുകയും അതുവഴി ഭരണസുതാര്യത ഉറപ്പുവരുത്തുകയുമാണ് ഇവ ചെയ്യുന്നത്.


1966 ൽ മൊറാർജി ദേശായിയുടെ നേതൃത്വത്തിലുള്ള ഒന്നാം ഭരണപരിഷ്കാര കമ്മീഷന്റെ ഇടക്കാല റിപ്പോർട്ടിൽ പൗരൻമാരുടെ പരാതി പരിഹരിക്കുന്നതിൽ നിലനിൽക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് ഇതിനായി കേന്ദ്രതലത്തിൽ ലോക്പാൽ, സംസ്ഥാന തലങ്ങളിൽ ലോകായുക്ത എന്നീ രണ്ട് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് നിർദ്ദേശിച്ചിരുന്നു. രാജ്യത്ത് ലോക്പാൽ നിലവിൽ വരുന്നതിന് 2019 വരെ കാത്തിരിക്കേണ്ടി വന്നെങ്കിലും അതത് സംസ്ഥാന നിയമ നിർമ്മാണങ്ങളുടെ അടിസ്ഥാനത്തിൽ ചില സംസ്ഥാനങ്ങളിൽ ലോകായുക്തകൾ നിലവിൽ വന്നിരുന്നു. അതിനാൽത്തന്നെ ലോകായുക്തകൾക്ക് ഏകീകൃത സ്വഭാവവും ഉണ്ടായില്ല. ഇക്കാരണത്താൽ തന്നെ മഹാരാഷ്ട്ര ലോകായുക്ത രാജ്യത്തെ ഏറ്റവും ദുർബലമായ ലോകായുക്തയായും കർണാടക ലോകായുക്ത രാജ്യത്തെ ഏറ്റവും ശക്തമായ ലോകായുക്തയായും കണക്കാക്കപ്പെടുന്നു.

'ഓംബുഡ്സ്മാൻ' എന്ന പദത്തിലെ അർത്ഥം ഉൾക്കൊണ്ടുകൊണ്ടാണ് ലോകായുക്ത എന്ന ആശയം ഉദ്ഭവിക്കുന്നത്. ജനങ്ങളുടെ വക്കീൽ എന്നർത്ഥം. ഭരണതലത്തിലെയും രാഷ്ട്രീയക്കാർക്കിടയിലെയും അഴിമതിക്കും ദുർഭരണത്തിനും അധികാര ദുർവിനിയോഗത്തിനും സ്വജനപക്ഷപാതത്തിനുമെതിരെ ഒരു വക്കീലായി ഈ സംവിധാനം പ്രവർത്തിക്കുന്നു. ഒരു കോടതിയുടെയോ അന്വേഷണ ഏജൻസിയുടെയോ ഔപചാരികതയില്ലാതെ വളരെ ചടുലമായും സുതാര്യമായും വൈദഗ്ധ്യത്തോടെയുമുള്ള കേസന്വേഷണവും നടപടി സ്വീകരിക്കലുമാണ് ഇതിന്റെ പ്രത്യേകത.

1999 ലെ കേരള ലോകായുക്ത ആക്ട് (1999 ലെ എട്ടാം ആക്ട്) പ്രകാരമാണ് കേരള ലോകായുക്ത നിലവിൽ വന്നത്. 1987 ലെ കേരള പബ്ലിക് മെൻസ് കറപ്ഷൻ ആക്ട് പര്യാപ്തമല്ലെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ് ലോകായുക്ത ആക്ട് നിലവിൽ വരുന്നത്. ഒരു ലോകായുക്തയും രണ്ടു ഉപലോകായുക്തമാരും അടങ്ങുന്നതാണ് കേരള ലോകായുക്തയുടെ ഘടന. വിരമിച്ച സുപ്രീം കോടതി ജഡ്ജിയോ ഹൈക്കോടതി ചീഫ് ജസ്റ്റിസായി വിരമിച്ച ആളോ ആണ് സാധാരണയായി ലോകായുക്തയായി നിയമിതനാകുന്നത്. പ്രതിപക്ഷനേതാവ്, നിയമസഭാ സ്പീക്കർ എന്നിവരോട് കൂടിയാലോചന നടത്തി മുഖ്യമന്ത്രിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഗവർണർ ലോകായുക്തയെ നിയമിക്കുന്നു. എന്നാൽ ഉപലോകായുക്തയായി നിയമിതനാകുന്നയാൾ ഹൈക്കോടതി ജഡ്ജിയായി സേവനമനുഷ്ഠിച്ചിട്ടുള്ളയാളോ നിലവിൽ ജഡ്ജി പദം അലങ്കരിക്കുന്ന വ്യക്തിയോ ആകാം. നിലവിൽ ജഡ്ജിയായിരിക്കുന്നപക്ഷം മുൻപ് സൂചിപ്പിച്ച പോലെ പ്രതിപക്ഷനേതാവ്, സ്പീക്കർ എന്നിവർക്കൊപ്പം ഹൈക്കോടതി ചീഫ് ജസ്റ്റിസുമായും ചർച്ച നടത്തിയ ശേഷമായിരിക്കും ഉപലോകായുക്തയെ നിയോഗിക്കുക. ലോകായുക്തയും ഉപലോകായുക്തയും ഗവർണർക്കോ ഗവർണർ നിയമിക്കുന്ന ആൾക്കോ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റെടുക്കണം. ലോകായുക്ത അല്ലെങ്കിൽ ഉപലോകായുക്തയായി തുടരുന്നിടത്തോളം മറ്റൊരു പദവിയും അദ്ദേഹം വഹിക്കുവാൻ പാടുള്ളതല്ല. സാധാരണഗതിയിൽ അഞ്ചു വർഷത്തേക്കാണ് ലോകായുക്തയും ഉപലോകായുക്തയും നിയമിതനാകുന്നത്. കാലാവധി തീർന്ന ശേഷം പ്രതിഫലം പറ്റുന്ന ജോലികളിൽ ഏർപ്പെടാൻ കഴിയില്ല എന്നും വ്യവസ്ഥയുണ്ട്. ഒരിക്കൽ നിയമിതനായാൽ ഒരു ജഡ്ജിയെ സ്വസ്ഥാനത്തു നിന്നും നീക്കം ചെയ്യുന്ന അതേ നടപടിക്രമങ്ങളാണ് ലോകായുക്തയെ നീക്കം ചെയ്യുന്നതിനും പാലിക്കേണ്ടത്.



ലോകായുക്ത
ജസ്റ്റിസ് സിറിയക്ക് ജോസഫ്



ഉപലോകായുക്ത
ജസ്റ്റിസ് ഹരുൺ അൽ റഷീദ്



ഉപലോകായുക്ത
ജസ്റ്റിസ് ബാബു മാത്യു പി ജോസഫ്

മുഖ്യമന്ത്രി, മന്ത്രിമാർ, നിയമസഭാംഗങ്ങൾ, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ കമ്പനികൾ, സർക്കാർ സ്ഥാപിതമായതും 1955 ലെ Travancore-Cochin Literary Scientific and Charitable Societies Act പ്രകാരം സ്ഥാപിതമായ 120 ഓളം സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരും , ട്രേഡ് യൂണിയനുകൾ, രാഷ്ട്രീയ പാർട്ടികൾ, എയ്ഡഡ് സ്കൂളുകൾ, കോളേജുകൾ, സഹകരണ സംഘങ്ങൾ എന്നിവയിലെ അധികാര സ്ഥാനത്തുള്ളവരും പൊതുസേവകർ എന്ന നിലയിൽ ലോകായുക്തയുടെ അധികാര പരിധിയിലാണ്. പൊതു സേവകരുടെ അധികാര ദുർവിനിയോഗം, കെടുകാര്യസ്ഥത, അഴിമതി, സ്വജനപക്ഷപാതം, ഉദ്യോഗസ്ഥരുടെ അകാരണവും നീതിരഹിതവും വിവേചനപൂർവ്വവുമായ പെരുമാറ്റം എന്നിവക്കെതിരെ പതിനെട്ട് വയസ് പൂർത്തിയായ ഏതൊരാൾക്കും നേരിട്ടോ അഭിഭാഷകൻ മുഖേനയോ പതിനെട്ട് വയസ് പൂർത്തിയാകാത്തവർക്ക് ഒരു ലീഗൽ ഗാർഡിയൻ മുഖേനയോ പരാതി സമർപ്പിക്കാവുന്നതാണ്. കൂടാതെ സർവ്വീസിൽ നിന്ന് വിരമിച്ച ജീവനക്കാർക്ക് അർഹമായ ആനുകൂല്യം നൽകുന്നതിൽ കാലതാമസം നേരിടുകയോ ആനുകൂല്യം നിഷേധിക്കപ്പെടുകയോ ചെയ്യുന്ന അവസരത്തിലും ലോകായുക്തയെ സമീപിക്കാവുന്നതാണ്. സാധാരണ അഞ്ചു വർഷത്തിനുള്ളിൽ നടന്ന സംഗതികളെക്കുറിച്ചുള്ള അന്വേഷണത്തിനാണ് വ്യവസ്ഥയുള്ളതെങ്കിലും വ്യക്തമായ കാരണമുള്ള അവസരങ്ങളിൽ അഞ്ച് വർഷത്തിനു മുൻപുള്ള സംഗതികളിലും ലോകായുക്തയുടെ പ്രത്യേക അനുവാദത്തോടെ അന്വേഷണം നടത്താവുന്നതാണ്.

കോടതികൾ, പി.എസ്.സി. ചെയർമാൻ/മെമ്പർമാർ, അക്കൗണ്ടന്റ് ജനറൽ, നിയമസഭാ സ്പീക്കർ, ഇലക്ഷൻ കമ്മീഷൻ, കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ/ജീവനക്കാർ എന്നിവർക്കെതിരെയുള്ള പരാതി ലോകായുക്തയ്ക്ക് പരിഗണിക്കാൻ കഴിയുകയില്ല. പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 271 (H) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ലോകായുക്തയുടെ അധികാര പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

മുഖ്യമന്ത്രി, മന്ത്രിമാർ, എം.എൽ.എമാർ, വകുപ്പ് സെക്രട്ടറിമാർ, രാഷ്ട്രീയ പാർട്ടികളുടെ സംസ്ഥാന തല ഭാരവാഹികൾ, സംസ്ഥാന സർവ്വീസിലെ ഐ.എ.എസ് ഉദ്യോഗസ്ഥർ എന്നിവർക്കെതിരായ പരാതികളിൽ ഡിവിഷൻ ബഞ്ചും (ലോകായുക്തയും ഒരു ഉപലോകായുക്തയും) മറ്റ് പൊതുസേവകർ എതിർകക്ഷികളായ പരാതികളിൽ സിംഗിൾ ബഞ്ചും (ഉപലോകായുക്ത) അന്വേഷണം നടത്തി തീരുമാനമെടുക്കുന്നു. രേഖകൾ പരിശോധിച്ചും ആവശ്യമെങ്കിൽ തെളിവെടുപ്പ് നടത്തിയും അന്വേഷണം നടത്താൻ ഒരു സിവിൽ കോടതിയുടേതായ അധികാരം ലോകായുക്തയ്ക്കുണ്ട്. അന്വേഷണത്തിന്റെ ഭാഗമായി സെർച്ച് നടത്തുന്നതിനും രേഖകൾ പിടിച്ചെടുക്കുന്നതിനും ഡി.വൈ.എസ്.പി റാങ്കിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്താനും ലോകായുക്തയ്ക്കാകും. കൂടാതെ അന്വേഷണങ്ങളിൽ സഹായിക്കാനായി കേരള പോലീസിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിതരാകുന്ന പോലീസ് ഉദ്യോഗസ്ഥരുടെ ഒരു അന്വേഷണ വിഭാഗവും ലോകായുക്തക്കുണ്ട്. ഇങ്ങനെ അന്വേഷണം നടത്തി കണ്ടെത്തുന്ന വസ്തുതകളും ലോകായുക്തയുടെ അന്തിമ തീരുമാനവും അത് നടപ്പാക്കാൻ അധികാരമുള്ള സ്ഥാനത്തേക്ക് അയച്ചു കൊടുക്കുന്നു. ഇതിന്മേൽ കൈക്കൊണ്ട മേൽനടപടി റിപ്പോർട്ട് ബന്ധപ്പെട്ട അധികാരി ലോകായുക്തയെ അറിയിക്കണം. സ്വീകരിച്ച നടപടി തൃപ്തികരമല്ലെങ്കിൽ തുടർനടപടി സ്വീകരിക്കാനും ആവശ്യമെങ്കിൽ ഗവർണർക്ക് റിപ്പോർട്ട് നൽകി നിയമസഭയിൽ വയ്ക്കാനും ലോകായുക്തക്ക് അധികാരമുണ്ട്. അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഒരു പൊതുസേവകന് തൽസ്ഥാനത്ത് തുടരാൻ അർഹതയില്ലെന്ന് കണ്ടെത്തിയാൽ ലോകായുക്ത നിയമം വകുപ്പ് 14 അനുസരിച്ച് അപ്രകാരം പ്രഖ്യാപിക്കാനുള്ള അധികാരവും ലോകായുക്തയ്ക്കുണ്ട്. ലോകായുക്ത നിയമത്തിലെ ഏറ്റവും ശക്തമായ വ്യവസ്ഥയാണിത്.

കോടതിയലക്ഷ്യ നടപടികളിൽ ഹൈക്കോടതിക്ക് സമാനമായ അധികാരം കൈയാളുന്ന ലോകായുക്തക്ക് ആരോപണം തെളിയിക്കപ്പെടുന്ന കേസുകളിൽ പരാതിക്കാരന് തക്കതായ നഷ്ടപരിഹാരം നൽകാൻ വിധിക്കാൻ അധികാരമുണ്ട്. സർക്കാർ ജീവനക്കാരൊഴികെയുള്ള പൊതുസേവകർ രണ്ടു വർഷത്തിലൊരിക്കൽ ആസ്തി ബാധ്യത വിവരം (തന്റെയും കുടുംബാംഗങ്ങളുടേതുമുൾപ്പെടെ) ലോകായുക്തക്ക് നൽകേണ്ടതുണ്ട്. ഇതിനായി ഓരോരുത്തർക്കും കോംപീറ്റന്റ് അതോറിറ്റിയെ നിശ്ചയിച്ചു നൽകിയിട്ടുണ്ട്. തെറ്റായ ആസ്തി ബാധ്യത വിവരം നൽകിയിട്ടുള്ളവർക്കെതിരെ സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും ഏത് ഏജൻസിയേയും അന്വേഷണത്തിന് നിയമിക്കാൻ ലോകായുക്തക്കാകും. ലോകായുക്തയുടെ തീരുമാനത്തിൽ അപ്പീൽ ഇല്ല എന്നത് ശ്രദ്ധേയമാണ്. എന്നാൽ ലോകായുക്തയുടെ തീരുമാനം ഹൈക്കോടതിയിൽ ചോദ്യം ചെയ്യാം. നിയമപരമായ അധികാരത്തിനുള്ളിൽ നിന്നാണോ ലോകായുക്ത തീരുമാനമെടുത്തത് എന്ന് പരിശോധിക്കുക മാത്രമാണ് ഇത്തരം അവസരത്തിൽ ചെയ്യുക.

പൊതുജനങ്ങളുടെ പരാതി കേൾക്കാനൊരിടം എന്ന നിലയിൽ ലോകായുക്തയുടെ സ്ഥാനം വളരെ വലുതാണ്. പൊതുപ്രവർത്തകരുടെ പ്രവൃത്തിയും വീഴ്ചയും പരിശോധിക്കാനുള്ള പവിത്രമായ ചുമതല ലോകായുക്തക്കും ഉപലോകായുക്തയ്ക്കുമുണ്ടെന്ന കേരള ഹൈക്കോടതിയുടെ നിരീക്ഷണം ഇവിടെ പ്രസക്തമാണ്. ഇത്തരത്തിൽ ഭരണാധികാരികൾക്ക് മീതെയുള്ള നിയന്ത്രണം അഴിമതിക്ക് ഒരു പരിധി വരെ കടിഞ്ഞാണിടാൻ സഹായിക്കും എന്നതിൽ സംശയമില്ല. ലോക്പാൽ നിയമത്തിന്റെ ചുവടുപിടിച്ച് രാജ്യത്താകമാനം ഏകീകൃത സ്വഭാവത്തോടെ ലോകായുക്തകൾ നിലവിൽ വരികയോ നിയമങ്ങൾ ഏകീകരിക്കപ്പെടുകയോ ചെയ്യുമ്പോൾ ലോകായുക്ത സംവിധാനം കൂടുതൽ ശക്തമാകും.

*തയ്യാറാക്കിയത് :*
*മഞ്ജു യു., അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ*

arivoram july 2021.indd 18 12-07-2021 04:17:01 PM

നിയമസഭാ പ്രസംഗങ്ങളിലൂടെ.......

# പിന്നാക്ക സമുദായത്തിലെ പാവപ്പെട്ടവർക്ക് റിസർവേഷന്റെ നേട്ടങ്ങൾ അനുഭവിക്കാൻ സാഹചര്യമുണ്ടാകണം

1995 ലെ കേരള സംസ്ഥാന പിന്നാക്ക വിഭാഗങ്ങൾ (സംസ്ഥാന സർവീസുകളിലെ നിയമനങ്ങളോ തസ്തികകളോ സംവരണം ചെയ്യൽ) ബിൽ സംബന്ധിച്ചുള്ള വിയോജനക്കുറിപ്പ് അവതരിപ്പിച്ചുകൊണ്ട് ഇ.കെ.നായനാർ 1995 ആഗസ്റ്റ് 31 ാം തീയതി നടത്തിയ പ്രസംഗം

"ഇവിടെ ഞങ്ങൾ കൊടുത്ത ഡിസന്റിംഗ് നോട്ടിൽ the reservation to the backward communities, the creamy layer has to be kept away first inorder to get reservation to the poorer sections of the backward communities. പിന്നോക്ക സമുദായത്തിലെ ഏറ്റവും പാവപ്പെട്ടവർക്ക് റിസർവേഷന്റെ നേട്ടങ്ങൾ അനുഭവിക്കത്തക്കവിധത്തിലുള്ള സാഹചര്യമുണ്ടാകണമെന്നാണ് ഞങ്ങൾ ആദ്യമായി ഡിസന്റിംഗ് നോട്ടിൽ കൊടുത്തിട്ടുള്ളത്. ഇതിൽ ഏറ്റവും പാവപ്പെട്ടവർക്ക് ഒന്നുകിൽ ഈഴവ അല്ലെങ്കിൽ മുസ്ലീം അല്ലെങ്കിൽ മറ്റു സമുദായങ്ങളിലെ പാവപ്പെട്ടവർക്ക് സംവരണം കൊടുക്കുന്ന ഘട്ടത്തിൽ അർഹതപ്പെട്ടവർ ആ പാവപ്പെട്ടവരുടെ കൂട്ടത്തിൽ ഇല്ലെന്നു വന്നാൽ അതു ക്രീമിലെയറിൽ നിന്ന് അതേ സമുദായത്തിന് തന്നെ പൂർണ്ണമായും കിട്ടണം. ഒരു സമുദായത്തിനുള്ളത് ഓപ്പൺ ക്വാട്ടയിലേക്കുപോയി മറ്റ് സമുദായത്തിന് നേടത്തക്കവിധത്തിലുള്ള സാഹചര്യം ഉണ്ടാകാൻ പാടില്ല. അതുകൊണ്ട് ആ സമുദായത്തിന് തന്നെ കിട്ടത്തക്കവിധത്തിൽ, പിന്നാക്ക സമുദായത്തിലെ പാവപ്പെട്ടവർക്കു കിട്ടത്തക്കവിധത്തിലുള്ള സംവിധാനമുണ്ടാകണമെന്നാണ് ഞങ്ങൾ ഡിസന്റിംഗ് കൊടുത്തിട്ടുള്ളത്. അമെന്റ്മെന്റിലെ ഒരു ഭാഗം ആ പാവപ്പെട്ടവർക്ക് യോഗ്യതയില്ല, പരീക്ഷ പാസാകാതെ അല്ലെങ്കിൽ അവർക്ക് അർഹതപ്പെട്ട സ്ഥാനം ലഭിക്കുന്നില്ല എന്നു വിചാരിക്കുക. എങ്കിൽ ആ സ്ഥാനം ആ സമുദായത്തിൽ നിന്നുതന്നെ നികത്തണം. അത് ഓപ്പൺ ക്വാട്ടയിലേക്ക് പോകാൻ പാടില്ല. അതുകൊണ്ടാണ് ഞങ്ങൾ പറഞ്ഞത് ക്രീമിലെയറിൽപ്പെട്ടിട്ടുള്ള ആളുകളിൽ നിന്നുതന്നെ എടുത്തുകൊണ്ട് ആ സമുദായത്തിന്റെ ക്വാട്ട പൂർത്തിയാക്കണമെന്ന്. അങ്ങനെ ക്വാട്ട പൂർത്തിയായാൽ ആ സമുദായത്തിന് നഷ്ടപ്പെടാനൊന്നുമില്ല. ഞങ്ങൾ ഇതു കൊണ്ടുവന്നതിലുള്ള പ്രത്യേകത ഒരു സമുദായത്തിലെ ഏറ്റവും പാവപ്പെട്ടവർക്ക് ആയിരിക്കണം മുൻഗണന എന്നതാണ്. അതാണ് ഞങ്ങൾ പറഞ്ഞിട്ടുള്ളത്. പാവപ്പെട്ടവർക്ക് മുൻഗണന കൊടുക്കണമെന്നുള്ളത് ഞങ്ങൾ അടിവരയിട്ട് പ്രസ്താവിച്ചിട്ടുള്ളതാണ്. പാവപ്പെട്ടവർക്ക് മുൻഗണന കൊടുക്കാൻ അർഹതപ്പെട്ടവർ ഇല്ലെങ്കിൽ ക്രീമിലെയറിൽ നിന്നും ആ സമുദായത്തിൽപ്പെട്ടവരെ എടുക്കണം. അതുകൊണ്ടാണ് ഞങ്ങൾ മറ്റു കക്ഷികളിൽനിന്നും വ്യത്യസ്തമായ ഒരു അമെന്റ്മെന്റ് കൊടുത്തിട്ടുള്ളത്. ക്രീമിലെയറിനെ പൂർണ്ണമായും ഒഴിവാക്കണമെന്ന സുപ്രീംകോടതി ജഡ്ജ്മെന്റും 27% മാത്രമേ പാടുള്ളൂ എന്നുള്ള അവരുടെ അമെന്റ്മെന്റും ജനറലായി ഞങ്ങൾ സ്വാഗതം ചെയ്യുന്നതോടൊപ്പം പാവപ്പെട്ടവരുടെ ക്വാട്ടയിൽപ്പെട്ടവർക്ക് യോഗ്യതയില്ലെങ്കിൽ അതു ഓപ്പൺ ക്വാട്ടയിലേക്കു പോകരുത്. ആ സമുദായത്തിനുതന്നെ കിട്ടത്തക്കവിധത്തിൽ ക്രീമിലെയറിൽ നിന്നും യോഗ്യതയുള്ളവരെ എടുക്കണമെന്നാണ് ഞങ്ങളുടെ അമെന്റ്മെന്റ്.

ഞങ്ങളുടെ രണ്ടാമത്തെ അമെന്റ്മെന്റ് വളരെ പ്രധാനപ്പെട്ടതാണ്. കാരണം മുന്നോക്ക സമുദായത്തിൽപ്പെട്ട പാവപ്പെട്ടവർക്ക് 10% സംവരണം. അത് ആ മുന്നോക്ക സമുദായത്തിൽപ്പെട്ടവരിൽ നിന്നുള്ള പാവപ്പെട്ടവരുണ്ട്. ആ പാവപ്പെട്ടവരെ സംബന്ധിച്ച് ഇതുവരെ ഒരു അമെന്റ്മെന്റും വന്നില്ല. ഇതിൽ ആകെ കൊടുത്തിട്ടുള്ള അമെന്റ്മെന്റ് നോക്കുകയാണെങ്കിൽ ക്രീമിലെയറും പാവപ്പെട്ടവരും ഒരേ അടിസ്ഥാനത്തിൽ കൊടുത്തിരിക്കുകയാണ്. പണക്കാരും പാവപ്പെട്ടവരും അതിന്റെ അർത്ഥം പണക്കാരനും അതിനകത്തുനിന്നും നേടിയെടുക്കാനുള്ള സാഹചര്യമാണ് ഭരണകക്ഷിയുടേയും മറ്റുള്ളവരുടേയും ഭാഗത്തുനിന്നും വന്നിട്ടുള്ളത്.



ഈ നിയമനിർമ്മാണത്തിന്റെ ഉള്ളടക്കം പണക്കാരെ സംരക്ഷിക്കുകയാണ്. പണക്കാരനേയും പാവപ്പെട്ടവനേയും ഒരേ കാറ്റഗറിയിലാക്കുക. അതു ഈഴവ സമുദായമായാലും മുസ്‌ലീം സമുദായമായാലും ഷെഡ്യൂൾഡ് കാസ്റ്റായാലും ഏതു വിഭാഗമായാലും അവരെയെല്ലാം കൂടി ഒരു കാസ്റ്റിലാക്കുക എന്നുപറഞ്ഞാൽ പണക്കാരന് അതിൽ സ്വാധീനശക്തി ചെലുത്തി പാവപ്പെട്ടവന്റെ ആനുകൂല്യം കൂടി തട്ടിയെടുക്കത്തക്ക വിധത്തിലുള്ള സാഹചര്യമുണ്ടാക്കുക. അതുകൊണ്ടാണ് ഞങ്ങൾ അതിനെ എതിർക്കുന്നത്. അതിൽ പ്രിഫറൻസ് പാവപ്പെട്ടവർക്ക് കൊടുക്കണം. അതേസമയത്ത് ആ കമ്മ്യൂണിറ്റിക്കു കിട്ടേണ്ട അവകാശം ഓപ്പൺക്വാട്ടയിലേക്ക് പോയി മറ്റു കമ്മ്യൂണിറ്റീസിനു പോകാനും പാടില്ല. ആ സാഹചര്യത്തിലാണ് ഞങ്ങൾ ഭരണഘടനാ ഭേദഗതി വേണമെന്ന് ആവശ്യപ്പെടുന്നത്. മറ്റൊന്ന് മുന്നോക്ക സമുദായത്തിലും പാവപ്പെട്ടവരുണ്ട്. നായരായാലും നമ്പൂതിരിയായാലും ഉയർന്ന ക്രിസ്തുമതത്തിൽപ്പെട്ടവരായാലും അവരിൽ പാവപ്പെട്ടവരുണ്ട്. ആ പാവപ്പെട്ടവർക്ക് കൊടുക്കുന്നതിനെ സംബന്ധിച്ച് സുപ്രീംകോടതി വിധിയിൽ പറഞ്ഞിട്ടില്ല. അതുകൊണ്ട് മുന്നോക്ക സമുദായത്തിലെ പാവപ്പെട്ടവർക്കും 10% അനുവദിക്കണം. പിന്നോക്ക സമുദായത്തിന് കിട്ടേണ്ട ആനുകൂല്യം നഷ്ടപ്പെടാനും പാടില്ല. ആ അടിസ്ഥാനത്തിലുള്ള അമെന്റ്മെന്റ് വരണം. ഈ അമെന്റ്മെന്റ് ഞങ്ങളുടേതുമാത്രമാണോ? ഇന്നു മന്ത്രി കെ.എം.മാണി ഇവിടെ അവതരിപ്പിച്ച ബില്ല് പാസാകണമെങ്കിൽ ഭരണഘടനാ ഭേദഗതി വേണം. ഏത് അമെന്റ്മെന്റിനും ഭരണഘടനാ ഭേദഗതി വേണം. അമെന്റ്മെന്റ് തങ്ങളുടെ പാർട്ടിയുടെ ആയാലും ശരി മറ്റു പാർട്ടികളുടെ ആയാലും ശരി, ഭരണഘടനാ ഭേദഗതി വരാതെ ഒന്നും നടപ്പാകുകയില്ല. ഇപ്പോൾ പറയുന്നത് ഇവിടെ പാസാക്കിയെടുക്കാം, കേരള അസംബ്ലിയിൽ അത് സ്വതന്ത്രമായി നിലനിൽക്കുമെന്നാണ് പറയുന്നത്. അങ്ങനെ നിലനിർത്തുകയില്ല എന്നുള്ളതാണ് ഞങ്ങളുടെ ആർഗ്യുമെന്റ്. കാരണം സുപ്രീംകോടതി ജഡ്ജ്മെന്റ് കിടക്കുമ്പോൾ കേരള അസംബ്ലിയിൽ മാത്രം തമിഴ്നാട് പോലെയും കർണ്ണാടക പോലെയും പാസാക്കിയാൽ അവിടെ നിൽക്കും. ഇത്തരത്തിലുള്ള ജനവഞ്ചന നടത്തുന്ന ഒരു സാഹചര്യം വരരുതെന്നാണ് ഞങ്ങളുടെ അഭിപ്രായം. അതുകൊണ്ടാണ് കോൺസ്റ്റിറ്റ്യൂഷണൽ അമെന്റ്മെന്റിനുവേണ്ടി എല്ലാ പാർട്ടികളും പ്രധാനമന്ത്രിയുടെ അടുത്ത് സമ്മർദ്ദം ചെലുത്തണമെന്ന് പറയുന്നത്. അതിൽ നിന്നും ഒഴിയാൻ വേണ്ടിയാണ് ശ്രീ.എ.കെ.ആന്റണിയും മന്ത്രിസഭയും ശ്രമിക്കുന്നത്. ഭരണഘടനാഭേദഗതി വരുത്തണമെങ്കിൽ സെൻട്രൽ ഗവൺമെന്റ് ഇനിഷ്യേറ്റീവ് എടുക്കണം. ബഹുമാനപ്പെട്ട മാണി കൊണ്ടുവന്ന ബില്ലിൽ ക്രീമിലെയർ എന്ന വാക്കേയില്ല. സുപ്രീംകോടതി ജഡ്ജ്മെന്റ് എന്ന വാക്കേയില്ല. ഒരു സ്വതന്ത്ര കേരളം, കേരള റിപ്പബ്ലിക് ഇതാ പാസാക്കുന്നു. ഞങ്ങൾ ഇതു പാസാക്കിയാൽ ഇതു നടപ്പിലാക്കും. ഇതൊന്നും നടപ്പാക്കുകയില്ല. സുപ്രീംകോടതി ജഡ്ജ്മെന്റിന്റെയും ഇന്ത്യയുടേയും ഭാഗമാണ് കേരളം. ആ ജഡ്ജ്മെന്റ് വിട്ടാൽ നിങ്ങൾ ഇത് സ്വതന്ത്രമായി പാസാക്കുമോ? പാസാക്കുകയില്ല. ഈ രാജ്യത്തെ ജനങ്ങളിൽ നിന്നും യാഥാർത്ഥ്യം മറച്ചുവയ്ക്കുകയാണ്. പക്ഷേ ഇതു നടപ്പാക്കുകയില്ല. പിന്നോക്കത്തിലും മുന്നോക്കത്തിലുംപെട്ട പാവപ്പെട്ടവരുടെ താൽപര്യം ഉറപ്പാക്കുന്നതിന് ഉതകത്തക്കവിധത്തിൽ ഭരണഘടനാഭേദഗതി പാർലമെന്റിൽ കൊണ്ടുവരുന്നതിന് നടപടിയെടുക്കണമെന്നാണ് ഞങ്ങൾ പറഞ്ഞത്. പാർലമെന്റിൽ മൂന്നിൽ രണ്ട് വോട്ട് കിട്ടാതെ ഭരണഘടനാഭേദഗതി ഉണ്ടാകുമോ? പാർലമെന്റിൽ ഭേദഗതിയില്ലാതെ സുപ്രീംകോടതി ജഡ്ജ്മെന്റ് മാറ്റാൻ കഴിയുമോ? കഴിയില്ല. അപ്പോൾ ഭരണഘടനാഭേദഗതി വേണമെങ്കിൽ ഇൻഡിവിഡ്വൽ മെജോറിറ്റി വേണം. മൂന്നിൽ രണ്ടു മെജോറിറ്റി കിട്ടാൻ കോൺഗ്രസ്മാത്രംവിചാരിച്ചാൽസാധിക്കുമോ? അതുകൊണ്ട് കേന്ദ്ര ഗവൺമെന്റ് ഇനിഷ്യേറ്റീവ് എടുക്കണം.

അങ്ങനെ ഇനിഷ്യേറ്റീവെടുത്തിട്ട് പാർലമെന്റിൽ ഭേദഗതി വന്നാലേ ഞങ്ങൾ കൊണ്ടുവന്നതായാലും, സി.പി.ഐ. കൊണ്ടുവന്നതായാലും പാസാക്കാൻ സാധിക്കുകയുള്ളൂ. ഏതും ഇവിടെ പാസാകണമെങ്കിൽ കോൺസ്റ്റിറ്റ്യൂഷണൽ അമെന്റ്മെന്റ് വേണം. അതിനുവേണ്ടി നിങ്ങൾ നിശബ്ദമാണ്. ക്രീമിലെയറിന്റെ കാര്യത്തിൽ നിങ്ങൾ നിശബ്ദമാണ്. സുപ്രീംകോടതി ജഡ്ജ്മെന്റിനെപ്പറ്റി നിങ്ങൾ നിശബ്ദമാണ്. ഈ നിയമത്തിൽ ഇത് മൂന്നും നിശബ്ദമാണ്. എന്നിട്ട് പറയുകയാണ്, നമ്മൾ പാസാക്കുമെന്ന്. കേരളം റിപ്പബ്ലിക്കാണോ? കേരളം റിപ്പബ്ലിക്കല്ലല്ലോ. അതുകൊണ്ട് മുന്നോക്കത്തിൽ പിന്നോക്കക്കാരുടെ താല്പര്യത്തിൽ ഉറച്ചുനിന്ന് മുന്നോക്കത്തിലെ പാവപ്പെട്ടവരുടെ താല്പര്യത്തിന് 10% സംവരണം കൊടുക്കണം. ആ തരത്തിലുള്ള അമെന്റ്മെന്റാണ് ഞാനും ശ്രീ.അച്യുതാനന്ദനും കൂടി ഇവിടെ കൊടുത്തിട്ടുള്ളത്. ഇത് അംഗീകരിക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രായം."

കേരളത്തിലെ ജനകീയ നേതാക്കളിൽ പ്രമുഖ സ്ഥാനമാണ് ഇ.കെ.നായനാർക്കുള്ളത്. നാല്, ആറ്, ഏഴ്, എട്ട്, ഒൻപത്, പത്ത് കേരള നിയമസഭകളിൽ അംഗമായിരുന്ന ഇ.കെ. നായനാർ 1980-81, 1987-91, 1996-2001 എന്നീ കാലയളവുകളിലായി ഏറ്റവും കൂടുതൽ കാലം (4010 ദിവസങ്ങൾ) മുഖ്യമന്ത്രി പദം അലങ്കരിച്ച വ്യക്തിയാണ്. 1981-82, 1982-87, 1991-92 കാലയളവുകളിൽ പ്രതിപക്ഷ നേതാവായും അദ്ദേഹം സേവനമനുഷ്ഠിച്ചു. 1967-70 കാലഘട്ടത്തിൽ എം.പി.ആയും 1980-81 ൽ പ്രിവിലേജസ് കമ്മിറ്റി ചെയർമാനായും പ്രവർത്തിച്ചിട്ടുണ്ട്. 2004 മേയ് 19 ന് അദ്ദേഹം അന്തരിച്ചു.

arivoram july 2021.indd 19 12-07-2021 04:17:02 PM



# ഭരണഘടനയുടെയും പാർലമെന്ററി ജനാധിപത്യത്തിന്റെയും സത്തയും ഉന്നത മൂല്യങ്ങളും മുറുകെപ്പിടിക്കും: സ്പീക്കർ

(പതിനഞ്ചാം കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്ന് 2021 മേയ് 25 ന് എം.ബി.രാജേഷ് നിയമസഭയിൽ നടത്തിയ പ്രസംഗം)

സഭാനേതാവ് കൂടിയായ ആദരണീയനായ മുഖ്യമന്ത്രി, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ബഹുമാന്യരായ കക്ഷി നേതാക്കളെ, ബഹുമാന്യരായ സാമാജികരെ,

പതിനഞ്ചാം കേരള നിയമസഭയുടെ സ്പീക്കറായി എന്നെ തെരഞ്ഞെടുത്ത സഭയോടും ബഹുമാന്യരായ എല്ലാ അംഗങ്ങളോടും ഞാൻ നന്ദി രേഖപ്പെടുത്തുന്നു. നിയമനിർമ്മാണത്തിൽ ഇന്ത്യയിലെത്തന്നെ മികച്ച സഭകളിലൊന്നായി നമ്മുടെ സഭയെ മാറ്റിയ കഠിനാദ്ധ്വാനികളും പ്രതിഭാശാലികളുമായ പൂർവ്വസൂരികളുടെ പിൻഗാമിയായി, ഈ സഭയുടെ അദ്ധ്യക്ഷനായിരിക്കാൻ കഴിയുന്നത് അഭിമാനകരമായ ഒരു ബഹുമതിയായി ഞാൻ കണക്കാക്കുന്നു. ജനാധിപത്യത്തിന്റെ ഈ ഉയർന്ന വേദിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട എല്ലാ സാമാജികരെയും അഭിനന്ദിക്കുകയാണ്. ജനാധിപത്യം അപരനോടുള്ള കരുതലാണെന്ന് പറഞ്ഞത് ബർട്രൻഡ് റസ്സലാണ്.

'ഒരു കണ്ണീർക്കണം മറ്റുള്ളവർക്കായി ഞാൻ പൊഴിക്കവേ ഉദിക്കയാണെന്നാത്മാവിലായിരം സൗരമണ്ഡലം'. എന്ന് മഹാകവി അക്കിത്തം എഴുതിയതിലും കാണുന്നത് അപരനോടുള്ള ഈ കരുതൽ തന്നെയാണ്.

നമ്മുടെ നാട് മഹാമാരിയുടെ കഠിന കാലത്തിലൂടെ കടന്നുപോകുമ്പോൾ ഈ സഭയുടെ ഉത്തരവാദിത്വം വളരെ വലുതാണ്. പകർച്ച വ്യാധിയുടെ മുന്നിൽ പകച്ചുപോകാതെ ഒറ്റക്കെട്ടായി നിന്ന ഒരു ജനതയുടെ പ്രതിനിധികളാണ് നമ്മളെല്ലാവരും. അവരുടെ പ്രതീക്ഷകൾക്കൊത്ത് ഉയരാൻ ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും കഴിയുമെന്നുറപ്പുണ്ട്. ഉറ്റവരെ നഷ്ടപ്പെട്ട എല്ലാ മനുഷ്യരുടെയും ദു:ഖത്തിലും വേദനയിലും ഞാൻ പങ്കുചേരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കഴിവുറ്റ നേതൃത്വത്തിന്റെയും ആദരണീയനായ പ്രതിപക്ഷ നേതാവിന്റെ മികവുറ്റ മാർഗ്ഗനിർദ്ദേശങ്ങളുടെയും സഭാംഗങ്ങളുടെയെല്ലാം പൂർണ്ണപങ്കാളിത്തത്തിന്റെയും പിൻബലത്തിൽ പകർച്ചവ്യാധിയുൾപ്പെടെ ഏത് പ്രതിസന്ധിയെയും നമുക്ക് അതിജീവിക്കാനാകും. നിയമ നിർമ്മാണ സഭകൾ പുറത്തെ ജനകീയ പ്രശ്നങ്ങൾ പ്രതിധ്വനിക്കുന്ന വേദികളാണെന്നത് ഇവിടെ ബഹുമാന്യരായ ഒട്ടേറെ അംഗങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. 'My English may be broken, but the cause I represent never is' എന്ന് പാർലമെന്റിൽ പറഞ്ഞ മഹാനായ എ.കെ.ജി.യും ആ വാക്കുകൾക്ക് ആദരവോടെ കാതോർത്ത ജവഹർലാൽ നെഹ്രുവും ജനാധിപത്യത്തിന്റെ ഉജ്ജ്വല മാതൃകകളാണ്. ആ മാതൃകകളാണ് നമുക്ക് വഴി കാണിക്കുക. സുദീർഘവും അനസ്യൂതവുമായ പോരാട്ടങ്ങളിലൂടെ നാം രൂപപ്പെടുത്തിയ ഭരണഘടനയുടെയും പാർലമെന്ററി ജനാധിപത്യത്തിന്റെയും സത്തയും ഉന്നതമൂല്യങ്ങളും മുറുകെപ്പിടിച്ചുകൊണ്ടായിരിക്കും ഞാൻ പ്രവർത്തിക്കുക എന്ന് ഈ സഭയ്ക്ക് ഉറപ്പ് നൽകുന്നു.

ഇന്ത്യ എന്ന ആധുനികരാഷ്ട്ര സങ്കൽപവും അതിന്റെ അടിത്തറയായ ഭരണഘടനയും ദേശീയ സ്വാതന്ത്ര്യത്തിന്റെ തീച്ചൂളയിൽ നിന്ന് ഉയിർക്കൊണ്ടതാണ്. മനുഷ്യാന്തസ്സിനും സമത്വത്തിനും സാഹോദര്യത്തിനും ഊന്നൽ നൽകുന്ന ഉദാത്തമായ രാഷ്ട്രീയ രേഖയാണ് ഇന്ത്യൻ ഭരണഘടന. മതനിരപേക്ഷത ആ രാഷ്ട്രസങ്കൽപത്തിന്റെയും ഭരണഘടനയുടെയും ഹൃദയമാണ്. 1949 നവംബർ 25 ന് ഭരണഘടന അസംബ്ലിയുടെ സംവാദങ്ങൾ ഉപസംഹരിച്ചുകൊണ്ട് നടത്തിയ പ്രൗഢമായ പ്രസംഗത്തിൽ ഡോ. ബി.ആർ. അംബേദ്കർ പറഞ്ഞു. 'Will history repeat itself? Will Indians place the country above their creed or will they place creed above country?' അദ്ദേഹം അന്ന് പങ്കുവച്ചത് മതത്തെ രാഷ്ട്രീയത്തിന് മുകളിൽ പ്രതിഷ്ഠിക്കുന്ന മതരാഷ്ട്ര വീക്ഷണം ഇന്ത്യയുടെ ഭാവിക്കുനേരെ ഉയർത്തുന്ന വെല്ലുവിളിയെക്കുറിച്ചുള്ള ആശങ്കയാണ്. അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തോടെയുള്ള മുന്നറിയിപ്പ് ഉൾക്കൊള്ളുകയും ഇന്ത്യയുടെ മതനിരപേക്ഷ സ്വഭാവം കാത്തുസൂക്ഷിക്കുന്നതിൽ എന്നും നിതാന്ത ജാഗ്രത പുലർത്തുകയും ചെയ്ത സഭയാണ് കേരള നിയമസഭ എന്നതിൽ നമുക്കെല്ലാവർക്കും അഭിമാനിക്കാം. പൗരത്വ നിയമഭേദഗതിക്കും കർഷക സമരത്തിനും നിദാനമായ നിയമഭേദഗതികൾക്കുമെതിരായി ഇന്ത്യയിലാദ്യമായി പ്രമേയം പാസ്സാക്കി, ഒറ്റക്കെട്ടായി നിലപാട് വ്യക്തമാക്കിയത് നമ്മുടെ നിയമസഭയാണ്. മതനിരപേക്ഷതയോടും ജനകീയ ആവശ്യങ്ങളോടും നമ്മുടെ സഭ പുലർത്തുന്ന വിട്ടുവീഴ്ചയില്ലാത്ത പ്രതിബദ്ധതയുടെ ഉത്തമ ഉദാഹരണങ്ങളാണ് ഇവയെല്ലാം. പാർലമെന്ററി ജനാധിപത്യത്തിൽ നിയമനിർമ്മാണസഭകൾ ജനങ്ങളുടെ ഇച്ഛയും അഭിലാഷങ്ങളും പ്രതിഫലിപ്പിക്കുന്നവയും അതനുസരിച്ചുള്ള ജനപക്ഷ നിയമനിർമ്മാണങ്ങൾ നടത്തുകയും ചെയ്യുന്നവയുമാകണമെന്ന് തെളിയിച്ച സഭ കൂടിയാണ് നമ്മുടെ സഭ. രാഷ്ട്രീയ പാർട്ടികളും തൊഴിലാളികളും കർഷകരും സ്ത്രീകളും യുവാക്കളും വിദ്യാർത്ഥികളും തെരുവുകളിലുയർത്തിയ മുദ്രാവാക്യങ്ങളാണ് പിന്നീട് നിയമങ്ങളായി മാറിയത്. ജനകീയ സമരങ്ങളും നിയമനിർമ്മാണങ്ങളും തമ്മിലുള്ള ഗാഢബന്ധം എക്കാലത്തും പ്രതിഫലിപ്പിച്ച ചരിത്രമാണ് നമ്മുടെ സഭയ്ക്കുള്ളത്. ജനപക്ഷ നിയമനിർമ്മാണങ്ങളിലൂടെ കേരളത്തിന്റെ ഭാഗധേയം മാറ്റിയെഴുതുകയും തലവിധിയെന്ന് കരുതിയിരുന്ന മനുഷ്യദുരിതങ്ങളിൽ പലതും തിരുത്തിക്കുറിക്കുകയും പാർശ്വവത്ക്കരിക്കപ്പെട്ടവരുടെയും പാവപ്പെട്ടവരുടെയും ജീവിതത്തിൽ ഗുണപരമായ മാറ്റമുണ്ടാക്കുകയും ചെയ്ത നിയമനിർമ്മാണങ്ങളുടെ ഉജ്ജ്വല പാരമ്പര്യമാണ് നമ്മുടെ നിയമസഭയ്ക്കുള്ളത്. അത് ഉയർത്തിപ്പിടിച്ചുകൊണ്ടുതന്നെ ഇനിയും നമുക്ക് മുന്നോട്ടുപോകാനാകണം.

കേരള നിയമസഭ ഇന്ത്യയിലെ പാർലമെന്ററി ചരിത്രത്തിൽ പ്രവർത്തന മികവിന്റെ മുദ്രകൾ പതിപ്പിച്ചിട്ടുണ്ട്. പലപ്പോഴും ഉദാഹരണമായി ഉദ്ധരിക്കപ്പെടുകയും പലകാര്യങ്ങളിലും മാതൃക കാണിക്കുകയും ചെയ്ത ഈ സഭയുടെ സമ്പന്നമായ ചരിത്രത്തിലും സംഭാവനകളിലും നമുക്ക് അഭിമാനിക്കാം. ഇന്ത്യൻ പാർലമെന്റ് സ്ഥിരം സമിതികൾ രൂപീകരിക്കുന്നതിന് മുമ്പുതന്നെ കേരള നിയമസഭ സബ്ജക്ട് കമ്മിറ്റികൾക്ക് രൂപംനൽകിയിരുന്നുവെന്നത് ഓർക്കുക. ഇതിലൂടെ സഭാസമിതികളുടെ പ്രവർത്തനത്തിന് കേരള നിയമസഭ രാജ്യത്തിനുതന്നെ വഴികാട്ടിയായി മാറുകയായിരുന്നു. നിയമനിർമ്മാണങ്ങളിലും ജനകീയ പ്രശ്നങ്ങളിലും മണ്ഡലത്തിലെ ആവശ്യങ്ങൾ സഭയിൽ ഉയർത്തുന്നതിലും ബഹുമാന്യരായ എല്ലാ അംഗങ്ങൾക്കും അവസരം ഉറപ്പുവരുത്തുംവിധം സഭാനടപടികൾ നടത്തിക്കൊണ്ടുപോകുകയെന്നത് എന്റെ ഉത്തരവാദിത്വമായി കണക്കാക്കുന്നു. അതോടൊപ്പം സർക്കാരിന്റെ ബിസിനസ്സ് നടത്തിക്കൊണ്ടുപോകുന്നതിന് വഴിയൊരുക്കുകയെന്നതും സ്പീക്കറുടെ ഉത്തരവാദിത്വമാണ്. അതിന് ബഹുമാന്യരായ പല അംഗങ്ങളും ചൂണ്ടിക്കാണിച്ചതുപോലെ, തീർച്ചയായും ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ എല്ലാ അംഗങ്ങളുടെയും താല്പര്യം സംരക്ഷിക്കുന്നതിനും ജനങ്ങളെ ബാധിക്കുന്ന ഏത് പ്രശ്നവും ഉയർത്തുന്നതിനുമുള്ള പൂർണ്ണ സ്വാതന്ത്ര്യം നൽകുന്നതിനും സ്പീക്കർ എന്ന നിലയിൽ ഞാൻ പ്രതിജ്ഞാബദ്ധനായിരിക്കും.

'സഭയ്ക്ക് പുറത്ത് രാഷ്ട്രീയം പറയും' എന്ന് മാധ്യമങ്ങളിൽ വന്ന പ്രസ്താവനയെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചു. അത്തരമൊരു പ്രസ്താവന മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത് കണ്ടപ്പോൾ പ്രതിപക്ഷനേതാവിന് ഉണ്ടായ ആശങ്ക മറ്റ് പലർക്കുമുണ്ടായിട്ടുണ്ടാകും. യഥാർത്ഥത്തിൽ ഞാൻ പറഞ്ഞത് കക്ഷിരാഷ്ട്രീയം പറയുമെന്നല്ല, കക്ഷിരാഷ്ട്രീയത്തിന്റെ ഭാഗമായി സ്പീക്കർ പ്രവർത്തിക്കുകയില്ല. എന്നാൽ സഭയ്ക്ക് പുറത്ത് ഉയർന്നുവരുന്ന പൊതുവായ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക വിഷയങ്ങളിൽ അഭിപ്രായം പറയുമെന്നാണ്. ഈ ഉത്തരവാദിത്വത്തിന്റെ അന്തസ്സും ഇത് നിർവ്വഹിക്കുമ്പോൾ പാലിക്കേണ്ട ഔചിത്യവും പാലിച്ചുകൊണ്ട് മാത്രമായിരിക്കും അത്തരം അഭിപ്രായ പ്രകടനങ്ങൾ ഉണ്ടാകുകയെന്ന് ഈ സഭയ്ക്ക് ഞാൻ ഉറപ്പുനൽകുന്നു.

സ്പീക്കർ എന്ന നിലയിൽ സഭയുടെ സമയം കരുതലോടെയും കാര്യക്ഷമമായും വിനിയോഗിക്കാനും അനാവശ്യമായി പാഴാക്കാതിരിക്കാനുമുള്ള നിഷ്കർഷയുമുണ്ടാകും. സഭ പ്രവർത്തിക്കുന്നത് ചട്ടങ്ങൾ, നടപടിക്രമങ്ങൾ, കീഴ്‌വഴക്കങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ്. ഏതെങ്കിലുമൊരു ചട്ടം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ടെന്ന് എപ്പോഴെങ്കിലും തോന്നുകയാണെങ്കിൽ അതിനുള്ള ഏത് നിർദ്ദേശത്തെയും തുറന്ന മനസ്സോടെ തന്നെ സമീപിക്കും. 'House is the master of its own procedure' എന്നാണല്ലോ തത്ത്വം. ഏത് ചട്ടവും കൂടുതൽ മെച്ചപ്പെടുത്താനും ഭേദഗതിചെയ്യാനും ഈ സഭയ്ക്ക് അധികാരമുണ്ട്. ഞാൻ ഇത് പറയുന്നത് പത്ത് വർഷത്തെ ലോക്‌സഭ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ്. ചട്ടങ്ങളും നടപടിക്രമങ്ങളുമെല്ലാം സഭയുടെ സുഗമമായ നടത്തിപ്പിനുള്ളതാണ്. മറ്റ് പലരെയുംപോലെ ഞാനും എം.എൽ.എ. എന്ന നിലയിൽ ഈ സഭയിൽ പുതുമുഖമാണ്. മുതിർന്ന ഒട്ടേറെ അംഗങ്ങൾ ഈ സഭയിലുണ്ട്, മഹത്തായ സഭയുടെ അദ്ധ്യക്ഷ ചുമതല നിർവ്വഹിക്കുന്നതിൽ അവരുടെയെല്ലാം വിലപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളും പിന്തുണയും സഹായകരമാകുമെന്ന് എനിക്കുറപ്പുണ്ട്. ധാരാളം പുതുമുഖങ്ങളായ അംഗങ്ങൾ ഈ സഭയിലുണ്ട്. അവരെല്ലാവരും നിയമസഭാ ചട്ടങ്ങൾ പഠിക്കുകയും അതിൽ പ്രാവീണ്യം നേടുകയും ചെയ്യുകയെന്നത്, ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ സഭയുടെ നടപടിക്രമങ്ങളുടെ, ചർച്ചകളുടെ, സംവാദങ്ങളുടെയെല്ലാം ഗുണമേന്മ ഉയർത്താൻ സഹായകരമാകും. അംഗങ്ങൾ ചട്ടങ്ങളിൽ ഊന്നൽ നൽകിയാൽ സ്പീക്കറുൾപ്പെടെ ആർക്കും അവർക്ക് അവസരം നിഷേധിക്കാനാകുകയില്ല.

നിയമസഭയെ കാലാനുസൃതമായി നവീകരിക്കുന്നതിനും ജനങ്ങളിലേക്ക് കൂടുതൽ എത്തിക്കുന്നതിനും സഭാനടപടികൾ സുതാര്യമാക്കുന്നതിനും കഴിഞ്ഞ നിയമസഭയുടെ കാലത്ത് എന്റെ മുൻഗാമി തുടങ്ങിവച്ച ഇ-നിയമസഭ, സഭാ ടി.വി. എന്നീ പദ്ധതികൾ നമുക്ക് പൂർത്തിയാക്കാനാകണം. നിയമസഭയെ കടലാസ് രഹിതമാക്കുക, രേഖകൾ ഡിജിറ്റലായി ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കേണ്ടതുണ്ട്. പല ബഹുമാനപ്പെട്ട അംഗങ്ങളും പ്രതിപക്ഷത്തിന്റെ അവകാശം സംരക്ഷിക്കുന്നതിനെക്കുറിച്ച് പറഞ്ഞു. പത്ത് വർഷം പാർലമെന്റിൽ ഞാൻ പ്രവർത്തിച്ചത് പ്രതിപക്ഷാംഗമായിട്ടാണ്. പ്രതിപക്ഷത്തിന്റെ പ്രാധാന്യം ജനാധിപത്യത്തിൽ എത്രയുണ്ടെന്ന് മനസ്സിലാക്കിയിട്ടുള്ള ഒരംഗമായതിനാൽ അത് മനസ്സിൽവച്ചുകൊണ്ടുതന്നെയായിരിക്കും പ്രതിപക്ഷത്തിന്റെ കൂടി അവകാശങ്ങൾ ഉറപ്പാക്കാനായി പ്രവർത്തിക്കുകയെന്നും ഉറപ്പു നൽകുകയാണ്. ധാരാളം പുതുമുഖങ്ങൾ ഈ സഭയിൽ അംഗങ്ങളായിട്ടുണ്ട്. അവരുടെ ആവേശവും ഊർജ്ജസ്വലതയും ഒപ്പം മുതിർന്ന അംഗങ്ങളുടെ അനുഭവസമ്പത്തും സമന്വയിക്കുന്നതാണ് ഈ നിയമസഭ. ഈ മഹത്തായ സഭയുടെ സുഗമമായ നടത്തിപ്പിന് എല്ലാ ബഹുമാന്യരായ അംഗങ്ങളുടെയും നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെയും പിന്തുണയും സഹകരണവും ഞാൻ അഭ്യർത്ഥിക്കുന്നു. നമുക്ക് എല്ലാവർക്കും ചേർന്ന് കൂട്ടായ പരിശ്രമത്തിലൂടെ പതിനഞ്ചാം നിയമസഭയെ രാജ്യത്തിന്റെ ജനാധിപത്യ ചരിത്രത്തിലെ ഉജ്ജ്വലമായ ഒരദ്ധ്യായമാക്കിത്തീർക്കാമെന്ന പ്രത്യാശ പങ്കുവച്ചുകൊണ്ട് പതിനഞ്ചാം കേരള നിയമസഭയുടെ അധ്യക്ഷനെന്ന ചുമതല വിനയപൂർവ്വം ഞാൻ സ്വീകരിക്കുന്നു.

Printed and Published by S.V. Unnikrishnan Nair, Secretary, Kerala Legislature Secretariat on behalf of Kerala Legislative Assembly and Printed at Orange Printers (Pvt) Limited, Gandhari Amman Kovil Road, Thiruvananthapuram and Published from Data Resource Development Section, Kerala Legislature Secretariat, Vikas Bhavan P.O, Thiruvananthapuram 695033, Editor- M.B. Rajesh

arivoram july 2021.indd 20 12-07-2021 04:17:02 PM